
# NEW VISION FOR A CHANGING WORLD

VOL. 3 • ISSUE 6 • FEBRUARY 2003



"മരണത്തിനുശേഷം സ്വർഗത്തിൽ പോകുന്നതിനെക്കുറിച്ചാണ്
എല്ലാവരുടെയും ചിന്ത. ദൈവത്തിന്റെ വലതുഭാഗത്തായിരിക്കുകയെന്നതാണ്
നമ്മുടെ ആത്യന്തികലക്ഷ്യം. പക്ഷേ ദൈവം എവിടെയാണ്? ദൈവം സ്വർഗത്തിലല്ല;
ഈ ലോകത്തിലാണ്, ജനങ്ങളുടെ കഷ്ടപ്പാടുകൾക്കും
പോരാട്ടങ്ങൾക്കുമിടയിൽ അവരോടൊപ്പം."

ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമാ മെത്രാപ്പോലീത്തയുമായുള്ള അഭിമുഖം – പേജ് 2

## NEW VISION FOR A CHANGING WORLD


### EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Kozhencherry-689 652
Phone/Fax: 0473-214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Sunil Raj Philip, Neerattukavu**
Phone: 0473 - 570422

**Mr. M. Kurian, Manganam**
Phone: 95481-2578599

**Mr. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam - 1**
Phone: 95481-2566135

### ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam ▪ Rt.Rev. K.Michael John, Melukavu▪ Rt.Rev. Dr.Isaac Mar Philoxenos,Kottayam ▪ Rt.Rev.Geevarughese Mar Osthathiose, Parumala ▪ Rt.Rev. Dr. Thomas Mar Athanasius, Muvattupuzha ▪ Rev. Dr. E.C. John,Bangalore ▪ Fr.Dr.K.M. George, Kottayam ▪ Fr. A.P. George,Perumbavoor ▪ Rev. Prof. Mathew Daniel, Kozhencherry ▪ Rev. Shajan Idicula, Thiruvananthapuram ▪ Prof. Philip N.Thomas, Tiruvalla ▪ Prof. Mammen Varkey, Mavelikara ▪ Mr. C. John Mathai, Kottayam ▪ Mr. M.M. Yobel, Kottayam ▪ Adv. K.I. Ninan, Aymanam ▪ Ms. Accamma Paul, Mavelikara ▪ Mr. J.T. Wattachanackal, Chicago ▪ Mr. C.J. Rajan, Chennai



***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacobp@telusplanet.net

***Contact person in USA***
Mr. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr.Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr.George Joseph,Chicago
Dr.Thomas Koshy, Boston


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലോ.

### വരിസംഖ്യ

| | | |
|---|---|---|
| ഒരു വർഷത്തേക്ക് | : 75/- രൂപ (വിദേശത്തുള്ളവർക്ക് | US $ 12) |
| രണ്ടു വർഷത്തേക്ക് | : 140/- രൂപ ( " | US $ 22) |
| മൂന്നു വർഷത്തേക്ക് | : 200/- രൂപ ( " | US $ 30) |

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

| | | |
|---|---|---|
| ലൈഫ് മെമ്പർഷിപ്പ് | : 1000/- രൂപ ( " | US $ 150) |
| പേട്രൺ മെമ്പർഷിപ്പ് | : 10,000/- രൂപ ( " | US $ 1000) |

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
**മാങ്ങാനം, കോട്ടയം - 686 018**
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in

***(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)***

### താഴെപ്പറയുന്ന ഏജൻസികളിലും വരിസംഖ്യയൊടുക്കാവുന്നതാണ്.

ഡയോസിസൻ ബുക്കു ഡിപ്പോ, കോട്ടയം
ക്രൈസ്തവ സാഹിത്യസമിതി, തിരുവല്ല
ഇവാഞ്ചലിക്കൽ ലിറ്ററച്ചർ സൊസൈറ്റി, തിരുവനന്തപുരം

### പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
**പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652**
Phone/Fax: 0473 - 214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |


**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.

*Page Layout:* Learners' Kottayam, Tel: 95481 - 2567438

VOL. 3 • ISSUE 6 • FEBRUARY 2003

## CONTENTS


- **Interview**
  ദൈവശാസ്ത്രത്തിന്റെ സ്വർണ്ണ നാവ് 2
  *മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തയുമായി അഭിമുഖം*
- **Message**
  *Archbishop of Canterbury* 5
- **Literary Review**
  പാർശ്വചിന്തകൾ 6
  *ഡോ. സി.ജെ. റോയ്*
- **Devotional**
  സ്വർഗത്തിൽ പോകണ്ടേ 7
  *ഫാദർജി*
- **Conversion**
  മതപരിവർത്തനം 8
  *ജസ്റ്റീസ് കെ.ടി. തോമസ്*
- **Church Affairs**
  **Pen from Den** 9
  *Daniel Babu Paul*
- **Ethics**
  തീരെ ചെറിയ മനുഷ്യർ 10
  *ഡോ. ഡി. ബഞ്ചമിൻ*
- **Religion**
  പ്രാചീന സംസ്കാരങ്ങളുടെ... 11
  *പ്രൊഫ. വിഷ്ണുനാരായണൻ നമ്പൂതിരി*
- **Ecology**
  സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട 13
  *ഡോ. മാത്യു കോശി പുന്നയ്ക്കാട്*
- **Passing Glimpses**
  കഥയില്ലാത്ത അല്പം... 14
  *ഡോ. കെ.വി. വർഗീസ്*
- **Old Age Corner**
  വാർദ്ധക്യം... 15
  *പ്രൊഫ. സി. മാമച്ചൻ*
- **Christianity**
  ക്രൈസ്തവ സ്നേഹത്തിന്... 16
  *ഡോ. ജോസ് പാറക്കടവിൽ*
- **Current Affairs**
  ദൈവികതയും വർഗീയതയും... 17
  *ഡോ. അന്നമ്മ ജോർജ്*
- **Miscellaneous**
  സ്വർഗരാജ്യം 19
  *നിത്യചൈതന്യ യതി*
- **Short Story**
  മിത്രസേനന്റെ പിൻഗാമി 20


## EDITORIAL

# ആത്മപരിശോധനയാണാവശ്യം

ഈ വർഷാരംഭത്തിൽ ക്രൈസ്തവസമൂഹത്തെ വേദനിപ്പിച്ച രണ്ടു പ്രശ്നങ്ങളാണ്, മതംമാറ്റ നിരോധനനിയമവും സഭാവഴക്കും. മതംമാറ്റം നിരോധിച്ചുകൊണ്ടുള്ള നിയമം പല സംസ്ഥാനങ്ങളും പാസ്സാക്കി വരുകയാണല്ലോ. പല തരത്തിലുള്ള പ്രതികരണങ്ങൾ നാം ശ്രദ്ധിച്ചുകൊണ്ടിരിക്കയാണ്.

സുവിശേഷീകരണത്തെ മൂന്നു തലങ്ങളിൽ കാണുന്നവരുണ്ട്. സകല സൃഷ്ടിയോടും സുവിശേഷമറിയിച്ചു ശിഷ്യരാക്കുവാൻവേണ്ടി സംഘടിതരീതിയിൽ പ്രവർത്തിക്കാനാവും. ക്രിസ്തുവിൽക്കൂടി മാത്രമേ രക്ഷയുള്ളൂവെന്നതിനാൽ മറ്റു മതങ്ങളെക്കുറിച്ചോ ആ സമൂഹത്തിൽപ്പെടുന്നവരുടെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തെക്കുറിച്ചോ ക്രൈസ്തവ സുവിശേഷകന് ആലോചിക്കേണ്ടതില്ല. സുവിശേഷം പ്രസംഗിക്കുക, വിശ്വാസത്തിൽ ഉറപ്പിക്കുക, സ്നാനപ്പെടുത്തി സഭയോടു ചേർക്കുക.

രണ്ടാമത്തെ തലത്തിൽ, സുവിശേഷം പ്രസംഗിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. അത് ഒരുവനെ ആകർഷിക്കുന്നുവെങ്കിൽ അവനിഷ്ടമുള്ള സഭയിൽ ചേരാം. സുവിശേഷീകരണത്തിലൂടെ ഗുണമേന്മയുള്ള മനുഷ്യരെ സൃഷ്ടിക്കുകയെന്നതാണ് മൂന്നാമത്തെ തലം. യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട സമ്പൂർണ മനുഷ്യത്വത്തിലേക്കു ജനങ്ങളെ നയിക്കുവാൻ സുവിശേഷകർ താത്പര്യപ്പെടുന്നു.

ആദ്യം ചൂണ്ടിക്കാട്ടിയ വിധത്തിലുള്ള സുവിശേഷപ്രവർത്തനം ഇന്നത്തെ സാഹചര്യത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കും. മതബഹുല സമൂഹത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുവാനിടയാക്കുന്ന യാതൊരു നടപടിയും ക്രൈസ്തവരിൽ നിന്നുണ്ടാകരുത്. മതപരമായ വിഷയങ്ങൾക്കു വൈകാരികതലമാണുള്ളത്. അതിനാൽ, വളരെ കരുതലോടെ മാത്രമേ ഈ വിഷയത്തെ സമീപിക്കാവൂ. നമ്മുടെ ജീവിതവും സാക്ഷ്യവും മുഖാന്തരം ക്രിസ്തീയ സമൂഹത്തിലേക്കു വരുന്നവരെ ഒരു നിയമവും തടയുന്നില്ലല്ലോ.

ഓർത്തഡോക്സ്-യാക്കോബായ സഭകൾ തമ്മിലുള്ള പ്രശ്നങ്ങൾ ഇനിയും കൂടുതൽ വഷളാകുവാൻ അനുവദിച്ചുകൂടാ. നിയമത്തെ അതിജീവിക്കുന്ന സ്നേഹത്തെക്കുറിച്ചും കരുണയെക്കുറിച്ചുമാണ് നാം പ്രസംഗിക്കുന്നതെന്നു വിസ്മരിച്ചുകൂടാ. ക്രൈസ്തവസഭകൾ ആത്മപരിശോധനയ്ക്കു വിധേയപ്പെടേണ്ട കാലയളവാണിത്. ഈ ലക്കത്തിലുൾപ്പെടുത്തിയിരിക്കുന്ന ഡോ. ബാബു പോളിന്റെയും പ്രഫ. വിഷ്ണു നാരായണൻ നമ്പൂതിരിയുടെയും ലേഖനങ്ങൾ ഗൗരവമായ ചർച്ചയ്ക്കു വിധേയമാകേണ്ടവയാണ്.

*ചീഫ് എഡിറ്റർ*

## NINE GOLDEN RULES

Take time to think, it is the source of power
Take time to read, it is the fountain of wisdom
Take time to play, it is the secret of perpetual youth
Take time to pray, it is the greatest power on earth
Take time to love and to be loved, it is a God-given privilege
Take time to be friendly, it is the road to happiness
Take time to laugh, it is the music of the soul
Take time to give, it is so short a day to be selfish
Take time to work, it is the price of success.

*(Collected by GMT)*



പെന്തക്കോസ്തു സഭകൾ ഉൾപ്പെടെയുള്ളവയും ചേരുന്ന ഒരു വിശാല എക്യുമെനിസത്തിന്റെ അനുഭവമുണ്ടാകണമെന്ന അഭിപ്രായക്കാരനാണു ഞാൻ. എന്നാലത് രണ്ടാം പടി മാത്രമാണ്.

# ദൈവശാസ്ത്രത്തിന്റെ സ്വർണ നാവ്

**മേൽപ്പട്ടത്വശുശ്രൂഷയിൽ അര നൂറ്റാണ്ടു പൂർത്തിയാക്കിയ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമാ മെത്രാപ്പോലീത്ത 'സ്വർണ' നാവാൽ അനുഗൃഹീതനാണ്. നവീകരണപാരമ്പര്യവും ഇടയ-മിഷനറി പ്രവർത്തനത്തിലൂടെ ലഭിച്ച അനുഭവസമ്പത്തും ഉൾക്കാഴ്ചയും അദ്ദേഹത്തെ ഒരു ഇടയശ്രേഷ്ഠനാക്കി. 2000-ാമാണ്ടിൽ മെത്രാപ്പോലീത്തയായി ചുമതലയേറ്റ തിരുമേനി സഭയിലും സമൂഹത്തിലും ഫലവത്തായി ഇടപെട്ടുകൊണ്ടിരിക്കുന്നു. നർമരസം തുളുമ്പുന്ന അർത്ഥവത്തായ പ്രഭാഷണങ്ങളാണ് തിരുമേനിയുടേത്. യേശുദാസ് എം. അത്യാൽ, ജോൺ ജെ. തട്ടമണ്ണിൽ എന്നിവർ തിരുമേനിയുമായി നടത്തിയ അഭിമുഖം 'Metropolitan Chrysostom on Mission in the Market Place' എന്ന ശീർഷകത്തിൽ ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചിരിക്കയാണല്ലോ. ഗ്രന്ഥകർത്താക്കളുടെ അനുവാദത്തോടെ പ്രസ്തുത പുസ്തകത്തിൽ നിന്ന് തിരഞ്ഞെടുത്ത ചില ഭാഗങ്ങളുടെ സ്വതന്ത്ര പരിഭാഷയാണ് ചുവടെ ചേർത്തിരിക്കുന്നത്. - *ചീഫ് എഡിറ്റർ***

▶ ***മാർത്തോമാസഭ ഒരു മിഷനറിസഭയായിട്ടാണല്ലൊ പരിഗണിക്കപ്പെടുന്നത്. ഒരു നവീകരണപൗരസ്ത്യസഭ യെന്ന നിലയിൽ സഭയുടെ സുവിശേഷീകരണപ്രവർത്തനങ്ങളെ തിരുമേനി എങ്ങനെയാണ് വിലയിരുത്തുന്നത്?***

നമ്മുടെ സുവിശേഷീകരണപ്രവർത്തനങ്ങളെ പൗരസ്ത്യസഭയിൽ നടന്ന നവീകരണവുമായി ബന്ധപ്പെട്ടു കാണേണ്ടതുണ്ട്. നവീകരണപ്രസ്ഥാനത്തിന്റെ ഫലമായി നാം ഒരു സഭയായി ഉരുത്തിരിയുകയും നമ്മുടെ നിലനിൽപ്പ് നമുക്കാവശ്യമായി വരുകയും ചെയ്തു. അതിനാൽ ആദ്യഘട്ടങ്ങളിൽ സഭാംഗങ്ങളുടെ എണ്ണത്തിൽ വളർച്ചയുണ്ടാക്കുന്നതിനുള്ള മതപരിവർത്തനത്തെയാണ് നാം ലക്ഷ്യം വച്ചത്. ജനത്തിന്റെ സാമൂഹിക-സാമ്പത്തിക വശങ്ങളെ അൽപ്പം പോലും പരിഗണിക്കാതെ ആത്മാക്കളുടെ രക്ഷയെ മാത്രം ലക്ഷ്യമിടുന്ന ഒരു പ്രവർത്തനമായിരുന്നു അത്. ജനത്തിന്റെ സർവതോന്മുഖമായ വളർച്ചയെ-മാനവീകരണത്തെ-നാം കണക്കിലെടുത്തതേയില്ല. ഏബ്രഹാം മല്പാനോട് വ്യക്തിപരമായി വിധേയത്വമുണ്ടായിരുന്നവർ മദ്ധ്യതിരുവിതാംകൂറിൽ പുതിയ സഭയോടു ചേർന്നു. മറ്റു സാമൂഹിക, സാംസ്കാരിക പശ്ചാത്തലങ്ങളിലുള്ളവരെ കൂടെക്കൂട്ടുന്നതിന് അവർ തയാറായില്ല. ***ജാതീയമായി പുറത്തായിരുന്നവരെ നാം അടുപ്പിച്ചില്ല. പിൽക്കാലത്ത് അവരെ സ്വീകരിച്ചുവെങ്കിലും അവരുമായി വേണ്ടവിധത്തിൽ നാം സഹകരിക്കുന്നില്ല. സഭാജനങ്ങളുടെ എണ്ണത്തിലുള്ള വളർച്ച മാത്രമാണ് നമ്മുടെ ലക്ഷ്യം.***

പൗരസ്ത്യ സഭയ്ക്കുള്ളിൽത്തന്നെ ഒരു നവീകരണപ്രസ്ഥാനമായി നിലകൊള്ളുകയെന്ന നിലപാടാണ് ഏബ്രഹാം മല്പാൻ സ്വീകരിച്ചത്. മിഷനറിമാരോടു ചേരേണ്ടെന്നു തീരുമാനിച്ചത് ദലിത് ജനങ്ങളോടു സഹകരിക്കാനുള്ള വിമുഖത കൊണ്ടാണെന്ന് ഒരാരോപണമുണ്ട്. മിഷനറിമാരോടായിരുന്നില്ല; ദലിതരോടായിരുന്നു നമുക്കു വെറുപ്പ്! മിഷനറിമാരുടെ പ്രവർത്തനഫലമായി ബൈബിളും ആരാധനക്രമങ്ങളും തർജ്ജമ ചെയ്യപ്പെടുകയും ജനങ്ങൾക്ക് അവ അർത്ഥവത്തായിത്തീരുകയും ചെയ്തു. എന്നാൽ നാമിപ്പോഴും നമ്മുടെ സാംസ്കാരികവും ഭാഷാപരവുമായ മുൻവിധികളെ മുറുകെപ്പിടിക്കുകയാണ്. നാം എല്ലായ്പോഴും ഒരു 'മലയാളിഗ്രൂപ്പാണ്.' നമ്മുടെ പൂർവപിതാക്കന്മാർ കേരളത്തിനപ്പുറത്ത് മാർത്തോമാസഭയെ വിഭാവനം ചെയ്തിരുന്നില്ലെന്നതു ശരിയാണ്. പക്ഷേ നമ്മുടെ സഭ യഥാർത്ഥത്തിൽ ഒരു എക്യുമെനിക്കൽ സഭയാകണമെങ്കിൽ മലയാളികളല്ലാത്തവരും ഇതിന്റെ അവിഭാജ്യഘടകമാകണം. ***ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത്, നമ്മുടെ സുവിശേഷീകരണപ്രവർത്തനങ്ങളൊന്നുംതന്നെ ആരംഭിച്ചത് വേദപുസ്തകം ശരിയായി പഠിച്ചിട്ടായിരുന്നില്ല എന്നാണ്. ജനങ്ങളെ സമൂഹത്തിന്റെ ധാരയിൽ നിന്നു പിഴുതെടുത്ത് ഒരു ആത്മിയസമൂഹം സൃഷ്ടിക്കുകയാണ് നാം ചെയ്ത സുവിശേഷീകരണം. ആത്മാവിന്റെ രക്ഷയെ മാത്രം കരുതിയ ആ സുവിശേഷീകരണം പൂർണമാനവികതയിലേക്കുള്ള രൂപീകരണത്തെ ലക്ഷ്യമിട്ടതേയില്ല.***

▶ ***സ്വർഗകേന്ദ്രിതം മാത്രമായ കാഴ്ചപ്പാടിൽ നിന്ന് മറ്റുള്ളവരോടുള്ള കരുതലിനെക്കുറിച്ചു കൂടിയുള്ള കാഴ്ചപ്പാടിലേക്ക് സഭയ്ക്കുണ്ടായ മാറ്റത്തിനു നിദാനമായതെന്തൊക്കെയാണ്?***

രണ്ടു കാരണങ്ങളാണിതിനുള്ളത്. എബ്രഹാം മല്പാന്റെ നവീകരണമുന്നേറ്റങ്ങൾ ഉടൻ തന്നെ ഒരു സഭയുടെ രൂപീകരണത്തിലല്ല കലാശിച്ചത്. ഇതു തന്നെയാണ് യൂറോപ്പിലുമുണ്ടായത്. സഭയ്ക്കുള്ളിലെ ഒരു പരിവർത്തനപ്രക്ഷോഭമാണ് ലൂഥർ നയിച്ചത്. പക്ഷേ സഭയ്ക്കു പുറത്ത് ഒരു ക്രിസ്തീയസമൂഹത്തിന്റെ നിലനില്പിനുള്ള ദൗർബല്യങ്ങൾ എബ്രഹാം മല്പാൻ പെട്ടെന്ന് തിരിച്ചറിഞ്ഞു. യൂറോപ്പിൽ ഒരു ക്രിസ്തീയസംസ്കാരമുണ്ടായിരുന്നതിനാൽ അവർക്കതു സാദ്ധ്യമായിരുന്നു. പക്ഷേ നമുക്ക് ഒന്നുകിൽ മുഖ്യധാരാസഭകളുടെ സംസ്കാരമോ അല്ലെങ്കിൽ ഹൈന്ദവസംസ്കാരമോ മാത്രമാണുണ്ടായിരുന്നത്. അതിനാൽ, സഭയുണ്ടാകേണ്ടത് ഒരു സാംസ്കാരികാവശ്യം കൂടിയായി. മാർത്തോമാസഭ രൂപീകൃതമായപ്പോൾ കൂടുതൽ അംഗങ്ങളുടെ ആവശ്യകതയുമുണ്ടായി. സഭയിലേക്കു കൂടുതൽ അംഗങ്ങൾ ചേരേണ്ടതിനായി വിദൂരസ്ഥലങ്ങളിൽ പോലും നാം മിഷനറിപ്രവർത്തനമാരംഭിച്ചു.

വേദപുസ്തകം ശരിയായി പഠിച്ചാൽ മറ്റു ജനങ്ങളിലും ലോകത്തിലും നമുക്ക് പ്രത്യേക താത്പര്യം ജനിക്കുമെന്നതാണ് രണ്ടാമത്തെ കാര്യം. സുവിശേഷം സർവജനത്തിനുമുള്ളതാണെന്നു നമ്മൾ തിരിച്ചറിയും. ദൈവം ലോകത്തെ സ്നേഹിക്കുന്നുവെന്ന തിരിച്ചറിവ് വേദപുസ്തകത്തിലൂടെ നമുക്ക് ലഭിക്കുന്നു. അകത്തേക്ക് ഉൾവലിയലല്ല വേദപുസ്തകം നൽകുന്ന

സന്ദേശം; പുറത്തേക്ക് പ്രേഷിതരാക്കപ്പെടുകയെന്നതാണ്. പക്ഷേ വേദപുസ്തകം വായിച്ചു തുടങ്ങിയപ്പോഴും ദൈവം വിഭാവനം ചെയ്തതിന്റെ പൂർണ്ണ അർത്ഥത്തിൽ മനുഷ്യനെ കാണാൻ നമുക്കായില്ല. അക്കാലത്ത് പ്രബലമായിരുന്ന സാംസ്കാരികമൂല്യങ്ങളുടെ കാഴ്ചപ്പാടിലൂടെയാണ് നാം നമ്മുടെ ധാരണകളെ രൂപീകരിച്ചത്. ജീവന്റെ പൂർണതയ്ക്കായുള്ള മാനവികതയുടെ നിലവിളി അതുകൊണ്ടു തന്നെ നാം കേട്ടില്ല.

▶ ***യൂറോപ്പിലെയും പൗരസ്ത്യസഭയിലെയും നവീകരണമുന്നേറ്റങ്ങളെ തിരുമേനി എങ്ങനെ താരതമ്യം ചെയ്യുന്നു?***

നമ്മുടെ നവീകരണപ്രക്രിയ സഭയിലെ ചില പ്രായോഗിക നടപടിക്രമങ്ങളോടുള്ള എതിർപ്പായാണ് ആരംഭിച്ചതെങ്കിൽ ലൂഥറിന്റേത് ദൈവശാസ്ത്രാടിസ്ഥാനത്തിലുള്ള നീക്കങ്ങളായിരുന്നു. നമ്മുടേതും വിശ്വാസാധിഷ്ഠിതമായ പ്രതികരണം തന്നെയായിരുന്നു. എന്നാൽ ഏബ്രഹാം മല്പാന്റെയും മറ്റും നവീകരണമുന്നേറ്റം ഗൗരവമായ ദൈവശാസ്ത്രവിശകലനത്തിന്റെ അടിത്തറയിലായിരുന്നോ എന്ന കാര്യത്തിൽ എനിക്കു സംശയമുണ്ട്. മിഷനറിമാർ വന്നപ്പോൾ ക്രിസ്തീയ സാക്ഷ്യത്തിനു വിരുദ്ധമായ അനേകം കാര്യങ്ങൾ ഇവിടെ കണ്ടു. പുരോഹിതന്മാരുടെയിടയിൽ മദ്യപാനവും അസാന്മാർഗികജീവിതവും വ്യാപകമായിരുന്നു. കൂദാശ അനുഷ്ഠിക്കുന്നതുപോലും വരുമാനമാർഗമായാണവർ കണ്ടത്. ആശ്രമത്തിനുള്ളിൽ മതപരമായ വിധേയത്വമുണ്ടായാൽ മാത്രം മതിയെന്ന അവസ്ഥയായിരുന്നു. സഭയ്ക്കുള്ളിലുണ്ടായ ഇവ്വിധ ജീർണതകൾക്കെതിരെയുള്ള ഒരു പ്രായോഗിക പ്രതിരോധമായിരുന്നു ഇവിടെയുണ്ടായ നവീകരണപ്രസ്ഥാനം.

മരിച്ചവർക്കായുള്ള പ്രാർത്ഥന പോലുള്ള ചടങ്ങുകളും എതിർപ്പുകൾ സൃഷ്ടിച്ചു. ദൈവശാസ്ത്രപരമായി ഇതിന് ചില അടിസ്ഥാനങ്ങളുണ്ടായിരിക്കാം. മരണത്തിനുശേഷമുള്ള അവസ്ഥയെന്തെന്ന് നമുക്കറിഞ്ഞുകൂടാത്തതിനാലും, മരണത്തിനു നമ്മെ ദൈവസ്നേഹത്തിൽ നിന്ന് അകറ്റാൻ കഴിയാത്തതിനാലും ഈ പ്രാർത്ഥനയ്ക്ക് സാംഗത്യമുണ്ടായിരിക്കാം. എന്നാൽ, ***ഒരു മനുഷ്യന്റെ ജീവിതം എങ്ങനെയായിരുന്നാലും മരണശേഷം ഇത്തരമൊരു ചടങ്ങുകൊണ്ടോ, പുരോഹിതൻ നടത്തുന്ന പൂജ കൊണ്ടോ നിത്യജീവനെ അയാൾക്ക് അവകാശമാക്കിക്കൊടുക്കാൻ കഴിയുമെന്ന അബദ്ധവിശ്വാസമാണ് പ്രശ്നം; പഠിച്ചില്ലെങ്കിൽപ്പോലും അധ്യാപകനെ സ്വാധീനിച്ച് വിജയം നേടാമെന്നു വിചാരിക്കുന്നതുപോലെയും പണം കൊണ്ട് അധികാരശക്തികളെ വിലയ്ക്കു വാങ്ങാമെന്നു വിചാരിക്കുന്നതുപോലെയുമൊക്കെ.*** മനുഷ്യന്റെ മനഃപരിവർത്തനം മരണത്തിനുമുമ്പ് സംഭവിക്കേണ്ടതാണ്. പക്ഷേ പുരോഹിതന്മാർക്ക് ഇത്തരം ചടങ്ങുകളോട് വലിയ താത്പര്യമാണ്. അവർക്ക് ഇതൊരു നല്ല വരുമാനമാർഗമായിരുന്നു! ഇത്തരം ചടങ്ങുകൾ പ്രതിഷേധാർഹമായി മാറുകയും നവീകരണകാലത്ത് ചോദ്യം ചെയ്യപ്പെടുകയും ചെയ്തു.

▶ ***അന്ത്യകാലത്തെക്കുറിച്ച് സഭയുടെ കാഴ്ചപ്പാടെന്താണ്? അതിനോടുള്ള തിരുമേനിയുടെ പ്രതികരണമെന്ത്?***

നമ്മുടെ യുഗാന്ത്യവീക്ഷണങ്ങൾ ദുർബലവും അസന്തുലിതവുമാണ്. മരണത്തിനുശേഷം സ്വർഗത്തിൽ പോകുന്നതിനെക്കുറിച്ചാണ് എല്ലാവരുടെയും ചിന്ത. കർത്താവിന്റെ സഹസ്രാബ്ദവാഴ്ചയെക്കുറിച്ചും നമുക്കു വലിയ സ്വപ്നങ്ങളാണ്. ശരിയായ യുഗാന്ത്യവീക്ഷണങ്ങൾ ഏതു ദിശയിലാണ് നാം നീങ്ങുന്നതെന്നും എങ്ങോട്ടാണ് നാം നീങ്ങേണ്ടതെന്നും നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ വലതുഭാഗത്തായിരിക്കുകയെന്നതാണ് നമ്മുടെ ആത്യന്തികലക്ഷ്യം. പക്ഷേ ദൈവം എവിടെയാണ്? ദൈവം സ്വർഗത്തിലല്ല; ഈ ലോകത്തിലാണ്, ജനങ്ങളുടെ കഷ്ടപ്പാടുകൾക്കും പോരാട്ടങ്ങൾക്കുമിടയിൽ അവരോടൊപ്പം. 'ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും.' മദർ തെരേസ എവിടെയായിരുന്നു?, പുറന്തള്ളപ്പെട്ടവരുടെയിടയിൽ. അതിനാൽ നിങ്ങൾക്ക് മദർ തെരേസയെ കാണണമെങ്കിൽ ചേരികളിൽ ചെല്ലണമായിരുന്നു. എന്നാൽ കൊൽക്കത്തയിലെ ആർച്ച്ബിഷപ്പിനെ കാണാൻ നിങ്ങൾക്ക് കൊട്ടാരസദൃശമായ കെട്ടിടത്തിലോ ഒരു ഉദ്ഘാടനമഹാസമ്മേളനത്തിലോ ചെല്ലണം. ഇങ്ങനെയുള്ള ഇടങ്ങളിലാണ് നാമിന്ന് ദൈവത്തെ തിരയുന്നത്. സാമൂഹികമായ പതിവുമാതൃകകളിൽ നാം തടവുകാരായിരിക്കുന്നു. ഇതിൽ നിന്നു നമുക്കൊരു മോചനം-ഒരു നവീകരണം-ആവശ്യമാണ്.

ദൈവത്തിന്റെ 'ജഡധാരണത്തിന്റെ ദൈവശാസ്ത്രം' ആവശ്യമായി വരുന്നതിവിടെയാണ്. ഈ ജഡധാരണത്തിലാണ് യുഗാന്ത്യപ്രത്യാശ പ്രഖ്യാപിക്കപ്പെട്ടത്. ഈ മനുഷ്യാവതാരത്തിലൂടെ ദൈവം ലോകത്തോടൊപ്പം നീങ്ങുന്ന, ലോകത്തിലായിരിക്കുന്ന, അത്ഭുതം സംഭവിച്ചു. ലോകത്തിലാണ് നാം ദൈവത്തെ-യേശുക്രിസ്തുവിനെ-തിരിച്ചറിയുന്നത്. നമുക്കറിയാവുന്ന ദൈവത്തിന്റെ പ്രവർത്തനരംഗം ലോകം തന്നെയാണ്. ലോകത്തെ സൃഷ്ടിച്ചു, ദൈവജനത്തെ സംരക്ഷിക്കുന്നു, മനുഷ്യാവതാരവും പരസ്യശുശ്രൂഷയും, ക്രൂശീകരണം, ഉയിർപ്പ്, രണ്ടാമത്തെ വരവ്, എല്ലാം സംഭവിച്ചതും സംഭവിക്കുന്നതും സംഭവിക്കാനിരിക്കുന്നതും മൂർത്തമായ ഈ ലോകത്തിൽ തന്നെയാണ്. അതിനാൽ ദൈവത്തിന്റെ വലതുഭാഗമെന്നു പറയുന്നത് ഈ ലോകത്തിൽ തന്നെയാണ്. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി കാത്തിരിക്കുമ്പോൾത്തന്നെ ദൈവം നമ്മോടുകൂടെയുണ്ടെന്ന് നാം മനസ്സിലാക്കുകയും ആ ചിന്ത നമ്മുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുകയും വേണം. നമ്മുടെ പ്രവൃത്തികൾ ദൈവശാസ്ത്രാടിത്തറയിൽ ആയിരിക്കണം. പ്രായോഗികതയുടെ അടിസ്ഥാനത്തിലാണ് നമ്മുടെ പ്രവർത്തനമെന്നതാണ് ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം.

▶ ***സഭയിൽ സ്വതന്ത്രചിന്തയില്ലാത്തതിനാലാണോ സെമിനാരികളിലും സ്വതന്ത്രചിന്തകൾ ഉടലെടുക്കാത്തത്?***

ഇത് പരസ്പരബന്ധിതമാണ്. സിദ്ധാന്തം പ്രതിസിദ്ധാന്തത്തെ ഉളവാക്കുന്നു. മൗലികമായ ചിന്ത ആവശ്യമില്ലെന്നുള്ള ഇന്നത്തെ ചിന്താഗതിയാണ് പ്രശ്നം. പുതിയ ചിന്തകൾ സെമിനാരിയിലുണ്ടായാൽ അത് പ്രശ്നങ്ങളുളവാക്കും. പഴയ ചിന്തകൾ ആവർത്തിച്ചുകൊണ്ടിരുന്നാൽ ഒരു പ്രശ്നവുമില്ല. അന്നത്തെ കാലഘട്ടത്തിലെ പ്രശ്നങ്ങൾക്കനുസൃതമായി ദൈവം ഏബ്രഹാം മല്പാനോട് ഇടപെട്ടുവെന്നു നമുക്കറിയാം. എന്നാൽ, മല്പാന്റെ ചിന്തകളെ സന്ദർഭാനുസൃതം മനസ്സിലാക്കുന്നതിനു പകരം അവയ്ക്ക് അപ്രമാദിത്വം കൽപ്പിക്കുകയാണു നാം ചെയ്യുന്നത്. പോപ്പിന്റെ അപ്രമാദിത്വത്തെ നാം എതിർക്കുകയും ഏബ്രഹാം മല്പാന് അപ്രമാദിത്വം നൽകുകയും ചെയ്യുന്നു! നമ്മുടെ ഭരണഘടനയിൽ ഒരു കാരണവശാലും മാറ്റം വരുത്താൻ സാധിക്കാത്ത ചില നിയമങ്ങളുണ്ട്. ***പോപ്പിന്റെ അപ്രമാദിത്വം നാം അംഗീകരിക്കുന്നില്ല. എന്നാൽ നമ്മുടെ സഭയുടെ ചട്ടക്കൂടിനെ അപ്രമാദിത്വമുള്ളതായി നാം കരുതുകയും ചെയ്യുന്നു.***

സഭ ഇപ്പോഴും ഒരു നൈതിക അടിത്തറയിലുള്ള പ്രതിരോധപ്രസ്ഥാനം മാത്രമാണ്. തീവ്രമായ ഒരു ദൈവശാസ്ത്രാടിത്തറ നമുക്കിന്നും അന്യമാണ്. ഒരു ദൈവശാസ്ത്രചട്ടക്കൂട് നാം ഇനിയും രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. നീതിശാസ്ത്രത്തിന്റെ പ്രയോഗവത്കരണമാണ് ദൈവശാസ്ത്രമെന്നത് ശരി തന്നെ. പക്ഷേ അതിന്റെ സൈദ്ധാന്തിക അടിത്തറ ദൈവശാസ്ത്രോന്മുഖമായിത്തന്നെ രൂപപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. യുവജനങ്ങൾക്ക് ഈ പ്രക്രിയയിൽ വലിയ പങ്കു വഹിക്കാനുണ്ട്. എന്നാൽ നാമെല്ലാവരും തന്നെ ഇപ്പോൾ ചിന്തിക്കുന്നത് ദൈവശാസ്ത്രം ഒരനാവശ്യ കാര്യമാണെന്നാണ്. ദൈവശാസ്ത്രം ഒരു ബൗദ്ധികവ്യായാമം മാത്രമാണെന്നു കരുതുന്നതിനാലാണത്. ദൈവത്തെക്കുറിച്ചുള്ള ഏറ്റവും ശരിയായ രീതിയിലുള്ള മനസ്സിലാക്കലിനെയാണ് ദൈവശാസ്ത്രമെന്നു പറയുന്നത്. ദേവപുസ്തകത്തിന്റെയും സഭയുടെ പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ നാം സഭയുടെ സ്വഭാവവും ദൗത്യവും, ആരാധനക്രമവും, കൂദാശകളും എല്ലാ മനസ്സിലാക്കേണ്ടതുണ്ട്. ഇതാണ് ദൈവശാസ്ത്രം. ഉദാഹരണമായി, എന്താണ് പൗരോഹിത്യത്തെക്കുറിച്ചുള്ള വേദപുസ്തക ദർശനം? വേദപുസ്തക വിശദീകരണങ്ങൾ പഴയ നിയമത്തിൽ നിന്നു മാത്രമല്ല ഉളവാകുന്നത്. യഥാർത്ഥ പുരോഹിതൻ യേശുക്രിസ്തുവാണ്. പഴയനിയമത്തിലെ പൗരോഹിത്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിനു തെളിമ ലഭിക്കുന്നത് യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ പശ്ചാത്തലത്തിൽ അതിനെ മനസ്സിലാക്കുമ്പോഴാണ്. യേശുവിന്റെ പൗരോഹിത്യശുശ്രൂഷയുടെ സാംഗത്യം വർത്തമാനകാലത്തിൽ എന്താണെന്നുമറിയണം.

▶ ***നമ്മുടെ ആരാധനക്രമങ്ങളിൽ, വിവാഹസമയത്തു വായിക്കുന്ന ലേഖനഭാഗമാണല്ലോ എഫേസ്യർ 5:22-32. ഇതിനുപകരം, സ്ത്രീകൾക്ക് കൂടുതൽ പ്രാതിനിധ്യവും തുല്യതയും കൽപ്പിക്കുന്ന ഒരു വേദഭാഗം തിരഞ്ഞെടുക്കാൻ സഭ തയാറാകുമോ?***

കുടുംബത്തിന്റെ ഘടനയെക്കുറിച്ച് ഇന്നത്തേതിൽ നിന്നു വളരെ വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് നിലനിന്നിരുന്ന കാലഘട്ടത്തിലാണ് ഈ ആരാധനക്രമം രൂപം കൊണ്ടത്. അതിനാൽത്തന്നെ ഇതിൽ മാറ്റങ്ങൾ വരേണ്ടതത്യാവശ്യമാണ്. വേദഭാഗങ്ങൾ മാത്രമല്ല മാറേണ്ടത്. സമൂലമായ ഒരു മാറ്റമാണാവശ്യം. ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽത്തീരത്തെ മണൽത്തരികൾ പോലെയും നിങ്ങൾക്ക്

സന്താനങ്ങളുണ്ടാവട്ടെ എന്നൊരു ആശീർവാദം ഈ ആരാധനക്രമത്തിൽ മുമ്പുണ്ടായിരുന്നു. എന്നാൽ, ജനസംഖ്യാവർദ്ധന ഒരു ഗൗരവപ്രശ്നമായി മനസ്സിലാക്കിത്തുടങ്ങിയപ്പോൾ ഈ ഭാഗം മാറ്റി. അതിനാൽ, മാറ്റങ്ങൾ സാദ്ധ്യമാണെന്നത് വ്യക്തം. വിവാഹമുൾപ്പെടെ എല്ലാ കൂദാശകളെക്കുറിച്ചും ആരാധനക്രമങ്ങളെക്കുറിച്ചും ഒരു പഠനം സഭയ്ക്കുള്ളിലാവശ്യമാണ്. പുതിയ ആരാധനക്രമങ്ങൾ വരുമ്പോൾ ഒരു ബദൽ ക്രമീകരണമെന്ന നിലയിൽ ഉപയോഗിക്കുകയും ജനത്തിന്റെ പ്രതികരണത്തിനു വിധേയമാക്കുകയും വേണം. പുതിയതോ പഴയതോ ആയ ക്രമത്തിൽ ഏതെങ്കിലുമൊന്നുപയോഗിച്ച് വിവാഹം നടത്താനുള്ള സ്വാതന്ത്ര്യം ജനങ്ങൾക്കു കൊടുക്കണം....സഭാപിതാക്കന്മാർ ആദിമകാലത്ത് എഴുതിയ പ്രാർത്ഥനകൾക്കു മാത്രമല്ല മൂല്യമുള്ളത്. ***കാലഘട്ടത്തിന്റെ ആവശ്യങ്ങളെ മാനിച്ച് പുതിയ ആരാധനക്രമങ്ങൾ നിർമിക്കാൻ നാം ജനത്തിനു സ്വാതന്ത്ര്യം കൊടുക്കണം. സഭയുടെ അംഗീകാരത്തോടെ അവ ഉപയോഗിക്കാൻ സഭാനേതൃത്വം അവർക്ക് അവസരം നൽകുകയും വേണം.***

► ***കേരളത്തിനു വെളിയിലുള്ള മാർത്തോമാസഭകളിലെ യുവജനങ്ങളിൽ കരിസ്മാറ്റിക് ഗ്രൂപ്പും മറ്റും അമിതസ്വാധീനം ചെലുത്തുന്നതായി കാണാം. പരമ്പരാഗത സഭയുടെ പരാജയമല്ലേ ഇത്?***

എനിക്ക് കരിസ്മാറ്റിക് പ്രസ്ഥാനങ്ങളോട് തത്വത്തിൽ വിയോജിപ്പില്ല. പക്ഷേ, ഇന്ന് അതൊരു വിലപേശൽ പ്രസ്ഥാനമായിരിക്കുന്നു. 'നിങ്ങൾ പതിനായിരം രൂപ സംഭാവന തന്നാൽ നിങ്ങളുടെ മകനുവേണ്ടി ഞങ്ങൾ 15 വർഷത്തേക്കു പ്രാർത്ഥിക്കാം.' ഇവർ പ്രാർത്ഥിച്ചെന്നിരിക്കും. പക്ഷേ, അത് ആർക്കുവേണ്ടിയെന്ന് അവർ പോലുമറിയുന്നില്ല. ***പ്രാർത്ഥന ഒരു പദ്ധതിയല്ല; അതൊരു ആത്മബന്ധമാണ്. പണം പ്രാർത്ഥനയുടെ പ്രേരകഘടകമാവുമ്പോൾ രക്ഷണ്യ പ്രവർത്തനം ഒരു കച്ചവടം മാത്രമായിത്തീരുന്നു. അതിവൈകാരികത കൊണ്ടുള്ള കളിയാണ് കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടേത്.*** ഗൗരവതരമായ പഠനങ്ങൾക്കു പകരം വൈകാരിക ചോദനകൾക്ക് പ്രാധാന്യം കൊടുക്കുന്ന യുവാക്കൾ ഇതിലേക്ക് ആകൃഷ്ടരാവുന്നു. യുവാക്കളുടെ വർദ്ധിച്ചുവരുന്ന സ്വകേന്ദ്രീകരണവും ഇതിനൊരു കാരണമാണ്. വൈകാരിക ചോദനകളിൽ അഭിരമിക്കാനാണ് വെല്ലുവിളികളെ ഏറ്റെടുക്കുന്നതിനേക്കാൾ അവർക്കിഷ്ടം.

► ***ലോകത്തിന്റെ പരിവർത്തനത്തിനെന്ന നിലയിൽ ക്രിസ്തീയ ദൗത്യത്തെ നാം മനസ്സിലാക്കുമ്പോൾ പ്രസംഗവും സുവിശേഷീകരണവുമെന്ന പാരമ്പര്യകാഴ്ചപ്പാടിന്റെ സാംഗത്യം വിശദമാക്കാമോ?***

ക്രിസ്തീയ സാക്ഷ്യത്തിൽ പ്രസംഗവും സാമൂഹികപ്രവർത്തനവും തമ്മിൽ ഏറ്റുമുട്ടേണ്ടയാവശ്യമില്ല. ഇത് നമ്മൾ അനാവശ്യമായി സൃഷ്ടിച്ച ഒരു വിഘടനമാണ്. സാധു കൊച്ചുകുഞ്ഞുപദേശിയുടെ കാര്യമെടുക്കുക. ഇന്നത്തെ അർത്ഥത്തിൽ അദ്ദേഹം ഒരു പരമ്പരാഗത സുവിശേഷപ്രസംഗകൻ മാത്രമാണ്. പക്ഷേ സാമൂഹികക്ഷേമപ്രവർത്തനങ്ങൾ, ഭവനരഹിതർക്ക് വീടുനിർമിച്ചുനൽകൽ, വെള്ളപ്പൊക്കദുരിതാശ്വാസം, നിത്യരോഗികൾക്കു ശുശ്രൂഷ തുടങ്ങി എത്രയേറെ മേഖലകളിലാണ് അദ്ദേഹത്തിന്റെ പ്രവർത്തനം വ്യാപിച്ചിരുന്നത്. ക്രിസ്തീയസാക്ഷ്യത്തിന്റെ ഭാഗമായിത്തന്നെയാണ് അദ്ദേഹമതു നിർവഹിച്ചത്. മനഃപരിവർത്തനത്തിനുള്ള ആഹ്വാനം ഏതൊരു ക്രിസ്തീയ പ്രവർത്തനത്തിന്റെയും അവിഭാജ്യഘടകമാണെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ, ക്രിസ്തീയദൗത്യത്തെ സാമൂഹികപരിവർത്തന പ്രവർത്തനങ്ങളിൽ നിന്നു വേറിട്ടു കാണുന്നതിനെ ഞാൻ എതിർക്കുകയും ചെയ്യുന്നു. ദൈവത്തെ ഉന്നതങ്ങളിൽ അധിവസിക്കുന്നവനായി മാത്രം കാണുന്ന ഒരു ദൈവശാസ്ത്രത്തെയും എനിക്ക് അംഗീകരിക്ക വയ്യ. ദൈവം മനുഷ്യനായിത്തീർന്നു. ദൈവമെന്ന യാഥാർത്ഥ്യത്തെ നാം ഈ ലോകത്തിലാണ് അനുഭവിക്കുന്നത്. ജീവിതയാഥാർത്ഥ്യങ്ങളിൽ ഇടപെടുമ്പോഴാണ് നാം ദൈവത്തെ കണ്ടെത്തുന്നത്. സാമാന്യേന ഏറ്റവും കുറച്ച് സ്വാഗതം ചെയ്യപ്പെടുന്ന അവസ്ഥകളിലാണ് ദൈവം സന്നിഹിതനാകുന്നത്. വിശുദ്ധർക്ക് ദൈവത്തെക്കൊണ്ടാവശ്യമില്ല. അതിനാൽ കോൺവന്റുകളിലും ആശ്രമങ്ങളിലുമാണ് ദൈവം സാധാരണ പ്രത്യക്ഷപ്പെടാതെയിരിക്കുന്നത്!

► ***എപ്പിസ്കോപ്പൽ സഭകളോടുള്ളതുപോലെ പെന്തക്കോസ്ത് വിഭാഗങ്ങളുൾപ്പെട്ട എപ്പിസ്കോപ്പലേതര സഭകളോടു എക്യൂമെനിക്കൽ ബന്ധം സാദ്ധ്യമാണോ?***

ചരിത്രപരമായി നമുക്ക് പെന്തക്കോസ്തൽ സഭകളോടു ബന്ധമില്ല. ഇതൊരു വാസ്തവമാണ്. എന്നാൽ കാര്യങ്ങൾ മാറുകയാണ്. കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ മേലദ്ധ്യക്ഷന്മാർ അടുത്തിടെ ഒത്തുചേർന്നപ്പോൾ നമ്മുടെ മീറ്റിംഗുകളിൽ പെന്തക്കോസ്ത് സഭകളെക്കൂടി ക്ഷണിക്കണമെന്ന അഭിപ്രായമുണ്ടായി. എന്നാൽ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയം, പെന്തക്കോസ്തു സഭകളെ ക്ഷണിക്കുന്നതിനുമുമ്പ് ലൂഥറൻ സഭകൾ പോലുള്ളവയുമായി എക്യൂമെനിക്കൽ ബന്ധം ശക്തമാക്കണമെന്നതായിരുന്നു. എപ്പിസ്കോപ്പൽ സഭകൾ തമ്മിൽ ചില വ്യത്യാസങ്ങൾ നിലവിലുണ്ടെന്നതു ശരി തന്നെ. എന്നാൽ ചരിത്രപരമായ എപ്പിസ്കോപ്പസിയിലും കൂദാശകളിലും നമ്മൾ സഹോദരങ്ങളാണ്. പെന്തക്കോസ്തു സഭകൾ ഉൾപ്പെടെയുള്ളവയും ചേരുന്ന ഒരു വിശാല എക്യൂമെനിസത്തിന്റെ അനുഭവമുണ്ടാകണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. എന്നാൽ അത് രണ്ടാം പടി മാത്രമാണ്.


► ***ആഗോളവത്കരണമാണ് ദരിദ്രജനവിഭാഗത്തിന്റെ മുമ്പിലുള്ള ഇന്നത്തെ പ്രധാന പ്രശ്നം. ഈ വിഷയത്തിൽ സഭയുടെ ദൗത്യമെന്താണ്?***

അമർത്യാസെൻ പറയുകയുണ്ടായി, നമ്മൾ ഇഷ്ടപ്പെട്ടാലുമില്ലെങ്കിലും ആഗോളവത്കരണം ഒരു യാഥാർത്ഥ്യമായി മാറിക്കഴിഞ്ഞിരിക്കുന്നു. ആഗോളവത്കരണവുമായി ബന്ധമില്ലാതെ മുന്നോട്ടു പോയാൽ അതു നമ്മുടെ സാമ്പത്തികാവസ്ഥയെ വളരെ പ്രതികൂലമായി ബാധിക്കും. ലോകവ്യാപാരസംഘടനയിൽ ഒപ്പു വയ്ക്കുന്നില്ലെങ്കിൽ, നമുക്ക് നമ്മുടെ ഉൽപ്പന്നങ്ങൾ കയറ്റിയയ്ക്കാൻ കഴിയുകയില്ല. തൽഫലമായി നമ്മുടെ ഉല്പന്നങ്ങൾ രാജ്യത്തിനുള്ളിൽത്തന്നെ ഉപയോഗിച്ചുതീർക്കേണ്ടിവരും. ഇത് ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കും. അതുകൊണ്ട്, ആഗോളവത്കരണം പോലുള്ള കാര്യങ്ങളുമായി പൊരുത്തപ്പെടുന്നതിൽ നാം അമാന്തിച്ചാൽ അത് രാജ്യത്തിന്റെ സാമ്പത്തികസുരക്ഷയെ പ്രതികൂലമായി ബാധിക്കും. ***ആഗോളവത്കരണം നന്മതിന്മകളുടെ ഒരു സങ്കലനമാണെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ, അതിനെ കുറ്റപ്പെടുത്തിക്കൊണ്ടിരുന്നാൽ മാത്രം പോരാ.*** നാം അതിനോട് ഏതു വിധത്തിൽ പ്രതികരിക്കുന്നുവെന്നതാണ് പ്രധാനം.

*(പരിഭാഷ : റവ. സുനിൽ രാജ് ഫിലിപ്പ്)*

Once a professor was very busy with his home work. His 5 - year little child went to him and tried to catch his attention. The professor then found out a short cut to keep the child engaged elsewhere for one hour so that he could concentrate on his homework without being disturbed by the child. He took out a world map and tore it into several pieces and gave them to his child and asked him to reunite the map on the glass frame. Before the professor could spend a very short time on his homework, the child completed the map. The professor found that the world map was very properly reconstructed. He then asked the child "aray bachha how you made it". The child answered "Pappa, look at the other side of the map, there was a big sketch of man. I only looked at that sketch and reunited the pieces". A great philosophy flashed through the mind of the professor. He realised - ***if you succeed in re-uniting the human beings you can reconstruct the world.***

*(Collected)*



# *Message from the* ARCHBISHOP OF CANTERBURY

***(The following is a message from Dr. Rowan Williams who will be enthroned as the 104th Archbishop of Canterbury on 27 February 2003. Rowan Douglas Williams was born in Swansea on 14 June 1950. He was educated at Dynevor Secondary School, then at Christ's College, Cambridge where he read Theology. After research in Oxford (on Christianity in Russia), he spent two years as a lecturer at Mirfield Theological College, near Leeds. From 1977, he spent nine years in academic and parochial work in Cambridge. During 1986-1992, Dr. Williams was Professor of Theology at Oxford. He was enthroned as Bishop of Monmouth in 1992 and Archbishop of Wales in 2000. He has written a number of books on the history of theology and spirituality, and published collections of articles and sermons as well as two books of poetry. He has been involved in various Commissions on theology and theological education. Dr. Williams is a Fellow of the British Academy. His interests include music, fiction and languages. In 1981 Dr. Williams married Jane Paul, a lecturer in theology, whom he met while living and working in Cambridge. They have a son and a daughter.)***

One of the great treasures of the Christian world is the great heritage of Christmas songs and carols in the English language from the Middle Ages. Modern composers still want to set these beautiful and often surprising words. Some will have heard the carol beginning 'There is no rose of such virtue as is the Rose that bare Jesu'-which picks up the ancient tradition of describing Mary as the rose blossoming from the wintry earth of human history. But the important words come in the second verse: 'For in this Rose contained was Heaven and earth in little space'. Jesus in the womb of Mary is already the one 'in whom all the fullness of the Godhead dwells bodily', in St. Paul's wonderful words in Colossians. The eternal Son of God is not contained by the universe; he is what surrounds and sustains it all. Heaven and earth live by the gift of life from him ('in him was life', says St. John's Gospel). And here, in the 'little space' of Mary's body, divine fullness is alive; when Jesus is born, 'the fullness of him who fills all in all", to quote Paul again, is wrapped in clothes and tucked into a feeding trough. After the crucifixion, the fullness of God's life is locked away in the tomb. God's way with us is not to overwhelm us with majesty but to live his life 'in little space' and to speak there the quiet words that summon us to faith.

Only when we are very quiet can we hear. Only when we stand still can we give him room. Faced with the fullness of God in the embryo, the baby, the tired wanderer in Galilee, the body on the cross, we have to look at ourselves hard, and ask what it is that makes us too massive and clumsy to go into the 'little sapce' where we meet God in Jesus Christ. It may be our wealth and security; it may be our ambition; it may be our images of ourselves as powerful or virtuous or godly. ***The world-and the Church-are still fairly full of people (like you and me) who walk around surrounded by inflated ideas and pictures of ourselves that crowd out others and push away God.*** We need at Christmas above all to remember what Christ says again and again-that there is no way in to his little space shedding our great load of arrogant self-reliance, bluster, noisy fear and fantasy. And when we have set this aside, we find that it is only in the little space that there is room enough for all of us-forgiven, welcomed, made inheritors of the divine fullness of joy that God longs to share with us. Behind the low door of the stable is infinity-and more, an infinity of mercy and love. No straining our eyes to see a distant God; but a God whose fullness dwells in that space we are not small and simple enough to enter.

It may be worth remembering that, for Christians, New Year's Day also commemorates the naming of Jesus. Christians, like other religious believers, see God as someone who tells us who he is, who gives himself a name by which we know him, a name to call him. And we believe that God isn't constantly anxious about what we think of him, constantly reinventing himself. But in reality Christians, like other religious people, believe that God doesn't change-he is eternally who he is and delighted in being who he is. So God tells us openly, lovingly, who he is and invites our response. And the strange thing is that if we do respond in trust, we discover that our anxieties about who we are can be dealt with. For if God doesn't change, there's something in us that change, something that's always true and valuable and lovable. No need for constant makeovers.

For me, this isn't just words. I find myself in the middle of some of the biggest changes in my own life. Still, ***however the world goes, whether any of us ends up as a success or a failure, something is there that can't be destroyed. God is to be trusted; you don't have to struggle endlessly in order to be loved.***

***One Sunday morning, a minister announced to his congregation: "My good friends, I have here in my hands three sermons-a $100 sermon that lasts five minutes, a $50 sermon that lasts fifteen minutes and a $10 sermon that lasts a full hour. Now, we'll take the collection and see which one I'll deliver."***

# കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

## സമാധാനമെന്ന സന്തോഷം

വീണ്ടുമൊരു പുതുവത്സരാരംഭം. വാമൊഴിയായും വരമൊഴിയായും ആശംസകളെത്തുന്നു. പുതിയ വർഷം സന്തോഷപൂർണമാകട്ടെയെന്നാണ് മുഖ്യാശംസ.

സന്തോഷം പല തരത്തിലുണ്ട്. അതിലേറ്റവും വലുത് സമാധാനമാകുന്നു. ആദ്യത്തെ ക്രിസ്മസ് രാവിൽ മാലാഖമാർ പാടിയതുപോലെ ദൈവപ്രസാദമുള്ളവർക്ക് അവകാശപ്പെട്ടതാണത്. ഈ പ്രസ്താവം രണ്ടായിരം വർഷത്തെ പാരമ്പര്യം അവകാശപ്പെടുന്ന നമ്മുടെ സഭയ്ക്കോ സമൂഹത്തിനോ പ്രസക്തമല്ലെന്നു 'ബഥേൽ പത്രിക' പറയുന്നു. സഭയും സമൂഹവും കോടതിവ്യവഹാരങ്ങളുടെ ഊരാക്കുടുക്കിലാണ്. സമാധാനാശംസയ്ക്കു അതു തടസ്സം നിൽക്കുന്നു. ആരാധനകളിലൂടെയും പ്രബോധനങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും കൈമാറുന്ന സമാധാന സന്ദേശങ്ങൾ കൊടുക്കുന്നവനോ വാങ്ങുന്നവനോ ഫലപ്രദമാകുന്നില്ല. എന്തുകൊണ്ടെന്നാൽ, ദൈവപ്രസാദമുള്ള മനുഷ്യർ സഹോദരങ്ങളിലൂടെ ദൈവത്തിന്റെ മുഖമാണ് അന്വേഷിക്കുന്നത്. അവർ കാണുന്നതോ, കുടിലത നിറഞ്ഞ മുഖങ്ങൾ മാത്രം. വിശ്വാസത്തിലും ആഘോഷങ്ങളിലും ഭക്തിയിലും, ആത്മീയതയിൽ മുഴുവനായും, കൃത്രിമത്വം കടന്നുകൂടിയിരിക്കുന്നു.

മുകളിൽ പറഞ്ഞതിനൊട്ടു സമാനമായ ഒരു സമീപനം മലയാളത്തിന്റെ പ്രിയങ്കര എഴുത്തുകാരിലൊരാളായ പെരുമ്പടവം ശ്രീധരൻ 'നവീകരണ'ത്തിൽ അവതരിപ്പിക്കുന്നു. മനുഷ്യന്റെ പാപത്തെപ്രതി ക്രിസ്തു തന്റെ രക്തം കുരിശിൽ ഒഴുക്കി. ക്രിസ്തു നൽകിയ ആ സ്നേഹത്തിന്റെയും ക്ഷമയുടെയും പുതിയനിയമമാണു ദൈവപ്രസാദം. മതത്തിന്റെയും ജാതിയുടെയും വംശീയതയുടെയും അധികാരസ്ഥാനങ്ങളുടെയും പേരിൽ മത്സരിച്ചും, നിരപരാധികളുടെയും നിസ്സഹായരുടെയും രക്തം വീഴ്ത്തിയും നാം അതു നഷ്ടപ്പെടുത്തിയിരിക്കുന്നു. അത്ര തന്നെ കറുത്തതല്ലാത്ത അഭിപ്രായഗതിയാണു 'ക്രൈസ്തവദീപിക'യ്ക്കുള്ളത്. ദൈവഹിതത്തോടുള്ള സമർപ്പണം, ദൈവത്തിന്റെ മക്കളെന്ന നിലയിൽ നമ്മുടെ സഹോദരങ്ങളായ സഹജീവികളുടെ വ്യക്തിത്വത്തിനും അവകാശങ്ങൾക്കും നൽകുന്ന അംഗീകാരം, ശരീരത്തിന്റെയും മനസ്സിന്റെയും വിശുദ്ധി എന്നിവയിലൂടെ ആർക്കും അധീശമാക്കാവുന്ന ഒന്നാണ് ദൈവപ്രസാദവും അതിന്റെ ഫലമായ സമാധാനവുമെന്നു 'ക്രൈസ്തവദീപിക' കരുതുന്നു.

'പഴയനിയമ'മനുസരിച്ച് ദൈവം തന്റെ ഇഷ്ടം ചെയ്യുന്നവർക്കു നൽകുന്ന സവിശേഷമായ കാരുണ്യമാണ് ദൈവപ്രസാദം. ജലപ്രളയത്തിൽ നിന്നു നോഹയ്ക്കും കുടുംബത്തിനും ലഭിച്ച രക്ഷയും, ഇസ്രയേൽ ജനതയ്ക്കു മിസ്രയീമ്യരിൽ നിന്നുണ്ടായ വിടുതലും ഉദാഹരണം. 'പുതിയനിയമ'ത്തിൽ ക്രൈസ്തവദർശനത്തിന്റെ മർമ്മമാണത്. അപ്പോസ്തലരുടെ പ്രവർത്തനങ്ങളിലും സുവിശേഷങ്ങളിലാകെയും അതു കാണാം. വിശുദ്ധരാകാൻ വിളിക്കപ്പെട്ടിരിക്കുന്ന എല്ലാവർക്കുമുള്ളതെന്നു സെയ്ന്റ് പോൾ. ക്രിസ്തുവിലൂടെ മനുഷ്യവർഗത്തിനു കൈവന്ന രക്ഷ ദൈവത്തോടടുക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. പാപമാണല്ലോ ദൈവത്തിൽ നിന്നു നമ്മെ അകറ്റിനിർത്തുന്നത്. ക്രിസ്തുവിനെ ഉൾക്കൊള്ളുകയും അതിലൂടെ സ്വയം ഒരു രൂപാന്തരത്തിനു സന്നദ്ധനാകുകയും ചെയ്യുന്നവനേ ദൈവപ്രസാദം പ്രാപിക്കാനാകൂ.

എന്തേ ദൈവവുമായി അടുക്കുവാൻ നമുക്കു കഴിയാതെ പോകുന്നു? ക്രിസ്തു കാണിച്ചുതന്ന സ്നേഹത്തിന്റെയും ക്ഷമയുടെയും വെളിച്ചം മറന്ന് നമ്മുടെ ജീവിതം ദ്വേഷത്തിന്റെയും പ്രതികാരവാഞ്ഛയുടെയും ഇരുട്ടിലായിരിക്കുന്നു. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കുവാനുള്ള ഉപദേശം മറന്ന് അയൽക്കാരനിലേക്കുള്ള വഴി എന്തുകൊണ്ട് നാം അടച്ചുകളയുന്നു? സമാധാനത്തിനായുള്ള നമ്മുടെ പ്രതീക്ഷകൾ നഷ്ടപ്പെടുകയും അവയുടെ സ്ഥാനത്ത് എന്തെല്ലാമോ ഭീതികൾ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യുന്നതും എന്തുകൊണ്ട്? സഭയിലും സമൂഹത്തിലും അപചയം സംഭവിച്ചിട്ടുണ്ട്; തീർച്ച. ഘടനാപരമായ ചങ്ങലക്കെട്ടുകളുടെ പിടിയിലമർന്ന് സ്വന്തം അസ്തിത്വത്തിന്റെ അർത്ഥതലങ്ങൾ പലപ്പോഴും അവ അറിയാതെ പോകുന്നു. ഭൗതികതയുടെ അതിപ്രസരത്തിൽ ആത്മീയത അപ്രത്യക്ഷമായി. ഗ്രീക്ക് പുരാണത്തിലെ ഇജിയൻ തൊഴുത്തിന്റെ മട്ടിലായിക്കൊണ്ടിരിക്കുന്നു നമ്മുടെ സമൂഹം. ഇജിയസ് രാജാവിന്റെ മൂവായിരം കാളകളുള്ള തൊഴുത്ത് മുപ്പതു വർഷക്കാലം വൃത്തിയാക്കാതെ കിടന്നു. കുന്നുകൂടിയ മാലിന്യങ്ങൾ നീക്കുന്ന നിയോഗം ഏറ്റെടുത്ത ഹെർക്കുലിസ് എന്ന വീരനായകൻ ഒരു ഭഗീരഥയത്നത്തിലൂടെയാണ് ആ ശുദ്ധീകരണം സാധിച്ചത്. സമൂഹത്തിലെ അപചയങ്ങൾക്ക് അതിന്റെ ഘടനയെയോ നേതൃത്വത്തെയോ കുറ്റപ്പെടുത്തിയാൽ പോരാ. വ്യക്തികൾ ചേർന്നതാണ് സമൂഹം. സമൂഹവിശുദ്ധിക്കുവേണ്ടി മുറവിളി കൂട്ടുന്നവർ പലപ്പോഴും സ്വന്തം വിശുദ്ധിക്കു പുറംതിരിഞ്ഞു നിൽക്കുന്നു. തങ്ങളുടെ വിശുദ്ധി നിർബന്ധപൂർവം നിലനിർത്തുന്ന ചുരുക്കം ചിലരുണ്ട്. അവരാകട്ടെ, മനസ്സാക്ഷിയുടെയും സമൂഹഘടനയുടെ താത്പര്യങ്ങളുടെയും ഇടയിൽപെട്ട് ധർമസങ്കടങ്ങൾ ഏറ്റുവാങ്ങുന്നു.

മനസ്സിനെ സംശുദ്ധമാക്കി ക്രിസ്തുവിനെ പൂർണമായി ഉൾക്കൊണ്ട് ദൈവപ്രസാദം സ്വായത്തമാക്കുന്ന ആർക്കും കൈവരിക്കാവുന്നതേയുള്ളു സമാധാനമെന്ന വലിയ സന്തോഷം. അതാകട്ടെ നമ്മുടെ പുതുവത്സരസ്വപ്നം. ●

## Some new definitions

| | |
|---|---|
| Compromise | : The art of dividing a cake in such a way that everybody believes he got the biggest piece. |
| Conference Room | : A place where everybody talks, nobody listens and everybody disagrees later on. |
| Divorce | : Future tense of marriage. |
| Doctor | : A person who kills your ills by pills, and kills you with his bills. |
| Lecture | : Art of transferring information from the notes of the lecturer to the notes of the students without passing through "the minds of either". |
| Opportunist | : A person who starts taking bath if he accidentally falls into a river. |
| Tears | : The hydraulic force by which masculine will-power is defeated by feminine water power. |
| Yawn | : The only time some married men ever get to open their mouth. |

# സ്വർഗത്തിൽ പോകണ്ടേ?

ഫാദർജി

ഭൂരിഭാഗം ആളുകളും മരണത്തിനു ശേഷം സ്വർഗത്തിൽ പോകുവാനാണാഗ്രഹിക്കുന്നത്. തിരക്കുള്ള ജീവിതശൈലിയ്ക്കിടയിലും ആത്മീയജീവിതം പരിപോഷിപ്പിക്കുന്നതും, മരണത്തിനുമുമ്പ് ആത്മത്തിനു വേണ്ടുന്നതെത്തിക്കുന്നതും, നന്മചെയ്യുന്നതും പശ്ചാത്തപിക്കുന്നതും, എന്തിനുവേണ്ടിയാണ്? സ്വർഗരാജ്യത്തിലെ പൗരത്വം ഉറപ്പുവരുത്താൻവേണ്ടിയല്ലേ?

ഇതൊക്കെയാണെങ്കിലും, നമ്മിൽ പലരും സ്വർഗത്തിൽച്ചെന്നാൽ സന്തോഷമുള്ളവരായിരിക്കുമെന്നു തോന്നുന്നുണ്ടോ? ***ആരാധനയിലും സ്തോത്രശുശ്രൂഷകളിലും വലിയ താൽപര്യമില്ലാതെ ചടങ്ങു പരിപാടിയായി നടത്തിക്കൂട്ടുന്നവർ, വചനശുശ്രൂഷയും ധ്യാനങ്ങളും തികഞ്ഞ വിരസതയോടെ കാണുന്നവർ, ബൈബിൾ വായിക്കുവാനും പഠിക്കുവാനും തീരെ താൽപര്യമില്ലാത്തവർ......ഇവരൊക്കെ സ്വർഗത്തിൽച്ചെന്നാൽ എൻജോയ് ചെയ്യാൻ കഴിയുമോയെന്നതു ചിന്തിക്കേണ്ട കാര്യമാണ്.*** ഒരു ജീവിതം മുഴുവൻ ഭൗതികനേട്ടങ്ങൾക്കായി ഓടിനടക്കുന്നവർക്കു സ്വർഗത്തിലെ ദൈവത്തിന്റെ കൂട്ടായ്മയിൽമാത്രം ചെലവഴിക്കുന്നത് ആസ്വദിക്കാനാകുമോ? ഓടിച്ചാടി നടക്കുന്ന മനുഷ്യനെ രോഗിയായി ഇന്റൻസീവ് കെയർ യൂണിറ്റിലാക്കിയാൽ അയാൾ കാണിക്കുന്ന അസ്വസ്ഥത ശ്രദ്ധിച്ചിട്ടുണ്ടോ? നല്ല മെഡിക്കൽ കെയറും ശുശ്രൂഷയുമാണ് അവിടെ കിട്ടുന്നതെങ്കിലും ആരും സംതൃപ്തരല്ല. വെറും ഭൗതികചിന്തകളുമായി നടക്കുന്നവർക്ക് സ്വർഗം പരമബോറായി തോന്നാനാണ് സാദ്ധ്യത.

***അഞ്ചുപേർ സ്വർഗത്തിലെത്തിയതിനെപ്പറ്റി സരസനായ ഒരു സാഹിത്യകാരന്റെ നർമഭാവന കേൾക്കണോ?***

അഞ്ചുപേരെയും നിന്നനിലയിൽ മരണം അറസ്റ്റുചെയ്തുകൊണ്ടുപോവുകയായിരുന്നു. അവിടെച്ചെന്ന വ്യവസായി കമ്പോളനിലവാരം അറിയാൻ 'ഇന്നത്തെ പത്രമെവിടെ?' എന്നാണ് മാലാഖയോടു ചോദിച്ചത്. ഇരുപത്തിനാലുമണിക്കൂറും കൃഷിക്കാരനായ കർഷകൻ, നല്ല വയലും കൃഷിസ്ഥലങ്ങളും എന്തുവിലയ്ക്കു കിട്ടുമെന്നു തിരക്കുന്നു. രാഷ്ട്രീയക്കാരൻ സ്വർഗത്തിലെ കക്ഷിനിലയും, വക്കീൽ 'ഇവിടെ എന്തെങ്കിലും പ്രശ്നമുണ്ടോ' എന്നും, മദ്യപിച്ചു ഭാര്യയെ തല്ലുന്ന ദുഷ്ടൻ 'അവളെവിട്യാ' എന്നും ചോദിച്ചുപോലും. മാലാഖ പറഞ്ഞു, 'അതു ശരി. പഴയ പരിപാടി തുടരാനാണല്ലേ ഇങ്ങോട്ടുപോന്നത്. സ്വർഗീയ ജീവിതത്തിന്റെ പ്രതീകമായ ആരാധനയും സ്തോത്രങ്ങളും പരിശീലിക്കാതെ വന്ന നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് ഇന്റൻസീവ് ട്രയിനിംഗ് തരുന്നുണ്ട്!' ഈ തമാശയിൽ അൽപം കാര്യമുണ്ട്. വളരെ തിരക്കുള്ള ജീവിതം നയിച്ചിരുന്ന ദാവീദ് രാജാവ് സ്വർഗത്തിൽ ദൈവത്തോടൊത്തുള്ള ജീവിതത്തെപ്പറ്റി സങ്കീർത്തനത്തിൽ പരാമർശിക്കുന്നുണ്ട്: 'ദൈവമേ, നീ എന്റെ ദൈവം; അതികാലത്ത് ഞാൻ നിന്നെ അന്വേഷിക്കും.'

നിത്യതയിൽ ദൈവത്തോടൊത്തുള്ള സന്തോഷജീവിതത്തിന് അനുയോജ്യമായ സ്വഭാവങ്ങളും ശീലങ്ങളും വളർത്തിയെടുക്കുവാനാണ് ഈ ലോകത്തെ നമ്മുടെ ജീവിതം. ഈ ജീവിതം അതിനുള്ള ഒരു ചെറിയ പരിശീലനകാലം മാത്രമാണ്. പഠിക്കേണ്ടതു പഠിക്കാതെ ഇവിടുത്തെ നിറങ്ങളും ഭാവങ്ങളും കണ്ട് ഇതൊക്കെയാണ് സത്യമെന്നു ചിന്തിക്കുന്നവർക്ക് സ്വർഗം ആസ്വദിക്കാനാവില്ല.

സ്വന്തമായി ചോദിക്കാൻ കുറെ ചോദ്യങ്ങളിതാ:-

ദൈവം നമ്മുടെ ജീവിതത്തിൽ ഉണ്ടാകണമെന്നു നാം ആഗ്രഹിക്കാറുണ്ട്. പക്ഷേ, നമ്മുടെ ചിന്തയും പ്രവൃത്തികളും എത്രമാത്രം അതിനു യോജിച്ചതാണ്?

പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും ബൈബിൾപഠനത്തിനും നമ്മൾ എത്ര സമയം നീക്കിവയ്ക്കുന്നുണ്ട്? അതൊരു ചടങ്ങായിട്ടല്ലാതെ, വിരസതയില്ലാതെ, നിവർത്തിക്കുന്നുണ്ടോ?

ദൈവത്തെ തൃപ്തിപ്പെടുത്തുവാൻ എത്രമാത്രം ആത്മാർത്ഥമായി നാം പരിശ്രമിക്കുന്നുണ്ട്? നമ്മുടെ ആത്മാവ് അവനുവേണ്ടി ദാഹിക്കുന്നുണ്ടോ? ഹൃദയം അവനുവേണ്ടി ആഗ്രഹിക്കുന്നുണ്ടോ?

ദാവീദിനെപ്പോലെ, "എന്റെ ഉള്ളം നിന്നോടു പറ്റിയിരിക്കുന്നു" എന്നു പറയുവാൻ കഴിയുന്നുണ്ടോ?

ഈ ചോദ്യങ്ങൾക്കൊക്കെ ഉത്തരം അനുകൂലമാണെങ്കിൽ തീർച്ചയായും സ്വർഗം നിങ്ങൾക്കു സന്തോഷം പകരുന്ന അന്തരീക്ഷമാകും. നമ്മുടെ പ്രാർത്ഥനയിലൂടെ, ആരാധനയിലൂടെ, സ്വർഗീയാനുഭവം നമ്മൾ ഇപ്പോൾ സൃഷ്ടിക്കുകയാണ്. അതിൽ താത്പര്യത്തോടെ പങ്കെടുക്കണം. സ്വർഗീയ ജീവിതത്തിന്റെ പരിശീലനക്കളരിയാണിതൊക്കെ.

## Valentine's Day

St. Valentine's day is being celebrated all over the world on the 14th of February every year. How many of us know the story behind this and why this day is being celebrated? The history of St. Valentine's Day began in Rome, in 270 A.D. The Roman Emperor, Claudius II, demanded that everyone worship the pagan gods that he worshipped. For his corps of potential soldiers, Emperor Claudius II decided that single men made better soldiers than those with wives and families. He abolished marriage, and arrested anyone who disobeyed his rule. Many Christians were tortured and killed for their faith in God and trust in Jesus.

There was a priest named Valentine who, despite the law of Claudius, continued to preach the word of God and perform marriage ceremonies until he also was arrested and put in jail. But even the prison walls could not keep Valentine from proclaiming his love of God. He ministered to the prisoners and guards alike, converting many to Christianity. One of the guards had a daughter who was blind and he brought her to Valentine to pray for her sight. The guard knew that his life would be in great danger if he was caught with Valentine, but his faith was greater than his fear and so, Valentine prayed and God blessed the girl with her vision restored. News of this miracle quickly spread and when the Emperor discover that Valentine was still preaching the word of God, he gave the order to have Valentine put to death by beheading. While awaiting his execution, Valentine wrote a goodbye letter to the girl who had received the miracle of sight and it was signed, "from your Valentine". His execution took place on February 14th. In 496 A.D. Pope Gelasius set aside February 14 to honour St. Valentine.

***(Collected by GJ)***

# മതപരിവർത്തനം

ജസ്റ്റീസ് കെ. ടി. തോമസ്, കോട്ടയം

**ഞാ**ൻ ക്രൈസ്തവസമുദായത്തിൽ നിന്നുള്ളവനാണ്. പക്ഷേ, ഞാൻ പറയാൻ പോകുന്നത് എന്റെ സമുദായത്തിന്റെ ആധികാരിക അഭിപ്രായഗതിയാകണമെന്നില്ല. ഞാൻ പറയുന്നത് എന്റേതായ വീക്ഷണമാണ്, ഞാൻ പരിപോഷിപ്പിച്ചെടുത്ത വ്യക്തിഗതമായ കാഴ്പ്പാട്.

യേശുക്രിസ്തുവിന്റെ ധാർമികോപദേശങ്ങളുടെയും പ്രബോധനങ്ങളുടെയും വലിയൊരു വിശ്വാസിയാണ് ഞാൻ. എന്റെ മുഴുവൻ ജീവിതത്തിലും അവ മുറുകെപ്പിടിക്കാൻ ഞാൻ ശ്രമിച്ചുപോന്നിട്ടുണ്ട്. എന്നാലത് ഒരുകാലത്തും മതനിരപേക്ഷതയെന്ന എന്റെ വിശ്വാസഘടകത്തിന് കോട്ടമോ തേയ്മാനമോ വരുത്തിയിട്ടില്ല. ഭാരതഭരണഘടനയിൽ പ്രതിഷ്ഠിതമായിരിക്കുന്ന മതേതരതത്ത്വങ്ങൾ ഞാൻ വളരെ കർശനമായി അവലംബിച്ചിട്ടുണ്ട്. ഇപ്രകാരം പ്രവർത്തിക്കുന്നതിന് എന്റെ വൈയക്തികമായ മതാവബോധമോ വിശ്വാസമോ ഒരിക്കലും തടസ്സം നിന്നിട്ടില്ല.

ബലം പ്രയോഗിച്ചോ ഭയപ്പെടുത്തിയോ ഒരു മതത്തിൽ നിന്നു മറ്റൊരു മതത്തിലേക്ക് മതപരിവർത്തനം നടത്തുന്നത് അധാർമികം മാത്രമല്ല, നിയമവിരുദ്ധവും കൂടിയാണെന്ന കാര്യത്തിൽ എല്ലാ മതങ്ങളും തമ്മിൽ ആശയാക്യമുള്ളതാണ്. യേശു എങ്ങനെയാണ് മതപരിവർത്തനത്തെപ്പറ്റി പ്രതിപാദിച്ചതെന്ന് സുവിശേഷത്തിലെ ഒരു വാക്യത്തിൽ നിന്നു (മത്താ. 23:15) മനസ്സിലാക്കാവുന്നതാണ്. അക്കാലത്തെ പുരോഹിതർക്കും ദൈവശാസ്ത്രവിദഗ്ദ്ധർക്കുംമേൽ തുറന്നടിക്കുന്ന തരത്തിലുള്ള ഒരു ആക്രമണമായിരുന്നു യേശു നടത്തിയത്. യേശുക്രിസ്തുവിന്റെ വാക്കുകളിൽ: "വേദജ്ഞരേ, ഫരിസേയരേ, കപടനാട്യക്കാരായ നിങ്ങൾക്കു ദുരിതം! ഒരൊറ്റയാളെ മതപരിവർത്തനം ചെയ്യിക്കാൻ വേണ്ടി നിങ്ങൾ കടലിലും കരയിലും സഞ്ചരിക്കുന്നു. മതപരിവർത്തനം കഴിഞ്ഞാൽ അയാളെ നിങ്ങളെക്കാൾ ഇരട്ടിയായി നരകത്തിനർഹനായി ത്തീർക്കുന്നു."

കഴിഞ്ഞകാല ചരിത്രത്തിൽ മറ്റുമതങ്ങളിൽ നിന്ന് ആയിരക്കണക്കിനാളുകളുള്ള ക്രിസ്തുമതത്തിലേക്കോ ഇസ്ലാംമതത്തിലേക്കോ പരിവർത്തനം ചെയ്തിട്ടുണ്ട്. എന്നാൽ, ഈ രണ്ടു മതങ്ങളിൽനിന്ന് ഹിന്ദുമതത്തിലേക്കുള്ള പരിവർത്തനം തീർത്തും വിരളമായിരുന്നു. ഈ വ്യത്യാസത്തിനുള്ള മുഖ്യകാരണം, ക്രിസ്തുമതവും ഇസ്ലാംമതവും മതപരിവർത്തനാവലംബികളാണെന്നതും ഹിന്ദുമതം അത്തരമൊന്നല്ലെന്നതുമാണ്.

മതപരിവർത്തനമെന്ന പ്രശ്നം ഭരണഘടനാനിർമാണസമിതിയിൽ സജീവ ചർച്ചാവിഷയമായിത്തീരുകയുണ്ടായി. ആദ്യവട്ടചർച്ചയിൽ ഭരണഘടനാനിർമാണസമിതിയുടെ ഒരു ഉപദേശക സമിതി 13, 17 വകുപ്പുകളായി ഒരു നിർദ്ദേശം വച്ചു. 13-ാം വകുപ്പ് താഴെക്കൊടുക്കുന്ന ഭരണഘടനയുടെ 25-ാം വകുപ്പിന് മിക്കവാറും തത്തുല്യമാണ്.

*"എല്ലാ വ്യക്തികൾക്കും മനഃസാക്ഷി സ്വാതന്ത്ര്യത്തിനും, സ്വതന്ത്രമായി മതം സ്വീകരിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും തുല്യമായ അവകാശം ഉണ്ടായിരിക്കുന്നതാണ്."*

സമിതി ശുപാർശ ചെയ്ത 17-ാം വകുപ്പ് ഇങ്ങനെയാണ്: "***ഒരു മതത്തിൽ നിന്നു മറ്റൊരു മതത്തിലേക്ക് ഭീഷണിപ്പെടുത്തിയോ അനുചിത സ്വാധീനത്തിലോ പരിവർത്തനം നടത്തുന്നതിനെ നിയമം അനുകൂലിക്കുന്നതല്ല.***"

എന്നാൽ, ഭരണഘടനാസമിതി ഈ വകുപ്പ് കൈക്കൊണ്ടില്ല. അതിനു മുഖ്യകാരണം, അതിനെതിരെ സർദാർ വല്ലഭായ് പട്ടേലിന്റെ ശക്തമായ എതിർപ്പായിരുന്നു. അത്തരമൊരു വകുപ്പ് അനാവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. കാരണം, ഭയപ്പെടുത്തിയും അമിതമായി സ്വാധീനിച്ചുമുള്ള മതപരിവർത്തനത്തെ ആരും ഒരിക്കലും



അംഗീകരിച്ചിട്ടില്ല. പല അംഗങ്ങളും 25-ാം വകുപ്പിൽ 'പ്രചരിപ്പിക്കുന്നതിന്' എന്ന വാക്ക് ഉൾപ്പെടുത്തിയതിനെ എതിർത്തു. കൽക്കട്ടയിൽ നിന്നുള്ള പണ്ഡിറ്റ് ലക്ഷ്മികാന്തമിത്ര ഇപ്രകാരം പറഞ്ഞു:

"ആകമാന ഇന്ത്യയിലെ ഏറ്റവും നിരുപദ്രവസ്വഭാവമുള്ളതായിത്തീർന്ന ഒരു സമുദായമാണ് ഭാരതീയ ക്രൈസ്തവസമൂഹം. ഇതെന്റെ വ്യക്തിപരമായ അഭിപ്രായമാണ്; എന്നാൽ ഈ അഭിപ്രായത്തോട് മറുത്തു പറയുന്ന ആരെയും ഞാൻ ഒരിക്കലും പരിചയപ്പെട്ടിട്ടില്ല. ഈ ഭാരതീയ ക്രൈസ്തവസമുദായം, എനിക്കറിവുള്ളിടത്തോളം, ഏതാണ്ട് രണ്ടുകോടി രൂപ (1949-ൽ ഇതൊരു ഭീമമായ തുകയായിരുന്നു) ഓരോ വർഷവും വിദ്യാഭ്യാസ പുരോഗതിക്കായും ആരോഗ്യശുശ്രൂഷയ്ക്കായും ശുചീകരണപ്രവൃത്തികൾക്കായും പൊതുജനാരോഗ്യത്തിനായും ചെലവഴിക്കുന്നു. എല്ലാ സാമ്പത്തിക വിഭാഗങ്ങളെയും സമുദായങ്ങളെയും പരിചരിച്ചുകൊണ്ട്, വളരെ ഫലപ്രദമായും സമർത്ഥമായും അവർ നടത്തുന്ന അനവധി വിദ്യാഭ്യാസസ്ഥാപനങ്ങളെയും ആരോഗ്യകേന്ദ്രങ്ങളെയും ആശുപത്രികളെയും നോക്കൂ. ക്രൈസ്തവസമുദായം 2 കോടിവരുന്ന ഈ ഭീമമായ തുക മതപരിവർത്തനലക്ഷ്യത്തോടെയായിരുന്നു ഉപയോഗിച്ചിരുന്നതെങ്കിൽ ഇപ്പോൾ 7 ദശലക്ഷം മാത്രം ജനസംഖ്യയുള്ള ഭാരത ക്രൈസ്തവസമുദായത്തിന്റെ ജനസംഖ്യ 70 ദശലക്ഷംവരെ ഉയരുമായിരുന്നു."

പ്രസിദ്ധ നേതാവായ കെ. സന്താനം ഭരണഘടനാസമിതിയിൽ ഇങ്ങനെ പറഞ്ഞു:

"പ്രചരിപ്പിക്കുന്നതിന്" എന്ന പദം നാം ഒഴിവാക്കുന്നെങ്കിൽ ഇന്ത്യയിലെ മഹത്തായ ക്രിസ്ത്യൻ സമുദായത്തോട് വലുതായൊരു അനീതി പ്രവർത്തിക്കലായിരിക്കുമത്. പ്രചാരണമെന്നത് എന്തായാലും വെറും ആശയപ്രകാശന സ്വാതന്ത്ര്യമാണ്. മതപരിവർത്തനമെന്ന വാക്ക് ഇതിലില്ലെന്നു ഞാൻ ചൂണ്ടിക്കാണിക്കട്ടെ. ക്രിസ്ത്യൻ മിഷനറിമാരുടെ ഈ രാജ്യത്തിലെ പ്രവർത്തനങ്ങളുടെ ഒരു ഭാഗമായിരുന്നു കൂട്ടമതപരിവർത്തനം. ജനങ്ങൾ അതിനെതിരെ വലിയതോതിൽ പ്രതിരോധിക്കുകയും ചെയ്തു. ഈ ഭരണഘടനയ്ക്കു രൂപംകൊടുത്തവർ മതപരിവർത്തനത്തിന് അപരിമിതമായ അവകാശം നൽകാതിരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ജനങ്ങൾക്ക് മനഃസാക്ഷി സ്വാതന്ത്ര്യമുണ്ട്. അതുകൊണ്ട്, ആരെങ്കിലും സ്വമേധയാ മനഃസാക്ഷി സ്വാതന്ത്ര്യത്തിനു വിധേയപ്പെട്ട് മതപരിവർത്തനം നടത്തുന്നുവെങ്കിൽ അതു നല്ലതുതന്നെ. അതിനെതിരെ ഒരു നിയന്ത്രണവും കൊണ്ടുവരാൻ കഴിയുകയില്ല. എന്നാൽ ഏതെങ്കിലുമൊരു മതസമുദായം, പണംകൊണ്ടോ സമ്മർദം കൊണ്ടോ മറ്റെന്തെങ്കിലും രീതിയിലോ തെറ്റായി സ്വാധീനിച്ച് കൂട്ടമതപരിവർത്തനത്തിനു പരിശ്രമിക്കുന്നുവെങ്കിൽ അത്തരം പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ രാഷ്ട്രത്തിന് എല്ലാ അധികാരവുമുണ്ട്. അതുകൊണ്ട് ഈ വകുപ്പു ഇതേ വിധത്തിൽ, അത്രയൊന്നും സ്വാതന്ത്ര്യം ഉറപ്പുനൽകുന്ന ഒരു വകുപ്പല്ലെന്ന് ഞാൻ നിങ്ങളോട് വിനയപൂർവം പറഞ്ഞുകൊള്ളട്ടെ. അതുറപ്പുനൽകുന്നത് "സഹിഷ്ണുതയാണ്-മതാചരണങ്ങൾക്കും മതബോധനങ്ങൾക്കുമതീതമായി എല്ലാവർക്കും വേണ്ടിയുള്ള സഹിഷ്ണുത."

അവസാനമായി, കുലപതി കെ. എം. മുൻഷി ഇപ്രകാരം പറഞ്ഞു:

"ഭാരതത്തിലെ ക്രൈസ്തവസമുദായം ഈ വാക്കിന്മേലാണ് ഏറ്റവുമധികമായ ഊന്നൽ നൽകിയിട്ടുള്ളതെന്ന് എനിക്കറിയാം. അത്, ആക്രമണസ്വഭാവത്തോടുകൂടി മനുഷ്യരെ മതപരിവർത്തനം ചെയ്യിക്കാൻ അവർ ആഗ്രഹിക്കുന്നതുകൊണ്ടല്ല; മറിച്ച്, 'പ്രചരിപ്പിക്കുക' എന്ന പദം അവരുടെ മതസംഹിതയുടെ അടിസ്ഥാനഘടകമായ

*(ശേഷം പേജ് 12)*

***Today I prefer not to attend service in "my" church in Trivandrum, my brother gave up in Delhi even earlier; every Sunday is an agony.***

# Pen from Den



**Daniel Babu Paul**

As I sit down to type this, the picture before my mind is the vast ocean of humanity in Maramon. Perhaps this is the Holy Spirit's way of suggesting that I recall the happy occasion of a great reconciliation at Maramon in 1982 when, for the first time since the days of Athanasius the Great, a Patriarch of Antioch had an interaction with the Marthoma Church. And naturally, wave after wave of cine frames rush through. The correspondence between the Patriarch and the Catholicose. The consecration of Mar Timotheos Aprem (Aboodi). The efforts to throw him out. The attempts for reconciliation. The consecration of Mar Athanasius Paulose (Kadavil). The rousing reception he got. The consecration of Mar Gregorios and Mar Dionysius. The visit of the Patriarch. His desire to meet the Catholicose, Mathews I, and the rather contemptuous and cold response we received. The Apostolic Bull of 1991 where the Patriarch suggested three routes for reconciliation. The verdict of 1995. Untold stories uncountable. Thirty years of my life burnt at the altar of churchianity. A sense of being unwanted by any except my Creator who chooses to refresh His presence in me every morning in the Latin Cathedral in Trivandrum. I wonder if unity among Christians would be a reality faster if we began with full communion (what I enjoy now is Economic Communion) rather than keeping it as the ultimate unattainable objective to be attempted only when man-made structures are made to conform. ***God created us in His image. We do not wish to accept Him in any image other than what we have created Him in.***

Yes. I remember. Early 1972 there was a delegation from Angamaly, which waited on the Catholicose, Augen I, himself from Angamaly. That meeting was a disaster. I know because the delegation came to my place for tea. Straight from Devalokam. They were fuming, all but my father who tried to escape to the joy of playing with my son, then just a year old. Had there been some tact demonstrated by Devalokam, then the history of the church would have been different.

And then the visa of Metropolitan Aboodi.

It was a second Saturday. My wife and I were at the Collector's Bungalow in Kollam. I was ushered into the well-furnished drawing room. There they were, taken aback to see me. My good friend Baby Atchen and a former District Judge, a Roman Catholic whose name I cannot recall now, who was appearing as a lawyer. They had come there to give a petition to cancel the visa of Aboodi. I quietly sat there, with a forced half smile on my lips. At the end, the Collector turned to me. "Babu, it is your Church. What is your comment?", he asked. I said, "Manjinikkara is not in my District. You take your decision. But I have a question to Baby Atchen." And I asked him, "Atchen, you may succeed in this, but if Kadavil Rambachen is ordained bishop and appointed Apostolic Delegate here, how will you throw him out? Won't the Church split? Isn't it better to seek other ways to bring the Patriarch around?" Baby Atchen had his answer ready, "Oh, that the Patriarch would not dare to do". Later, after Kadavil Thirumeni was back here I ran into Baby Atchen on KK Road one evening. "എന്തൊരു നാക്കാ സാറേ ഇത്?," he exclaimed. We were both sad, but we also knew that if there was a split I would no longer confess before Baby Atchen who along with Joshua Atchen heard the confessions of a District Collector those days! I do not blame him. The first petition against the foreigner was typed on a rickety typewriter in a cubicle in Chingavanam, lit that evening with a hurricane lamp as the power supply had failed. I did not "condescend" to peep, but Kalloopparambil Atchen was there and he was told by "the machine" what was being typed. Karunakaran as Home Minister stabilized the patriarchal faction, just as Antony as Chief Minister has indirectly contributed to the enthronement of Mar Thomas I more recently. Like Herod, they keep their crowns.

All these years I have preached. I led a Movement to build a church in Trivandrum. My brother was in the forefront, along with others, to build one in Delhi. Today I prefer not to attend service in "my" church in Trivandrum, my brother gave up in Delhi even earlier; every Sunday is an agony.

Opportunities did come even later. Again and again. We missed out on all. All are to blame. May be 150 years from now some Patriarch will address Makkamkunnu as a gesture of reconciliation. Yet, like Zechariah who despite his old age went on repeating (mechanically?) that he be blessed with a son, ***I continue to pray for my church, for my Patriarch, for my Catholicoses both de facto and de fure, for all Metropolitans whether they fast or feast. Some day the angels will proclaim the good news, "Joy for all."*** It does not matter whether I am in this perishable body at that time. God does not die. And that should be enough.

A exasperated mother whose son was always getting into mischief, finally asked him, "How do you expect to get into heaven?"

The boy thought it over and said, "Well, I'll just run in and out, and in and out and keep slamming the door until St. Peter says, 'For heaven's sake, Jimmy, come in or stay out.'"

# തീരെ ചെറിയ മനുഷ്യര്‍



ഡോ. ഡി. ബഞ്ചമിന്‍
മലയാളം വിഭാഗം അധ്യക്ഷന്‍, കേരള യൂണിവേഴ്സിറ്റി

ശ്രീരാമകൃഷ്ണാശ്രമത്തിന്റെ പരമാചാര്യനായ രംഗനാഥാനന്ദജി യേശുക്രിസ്തുവിനെക്കുറിച്ചെഴുതിയ പ്രൗഢമായ പ്രബന്ധത്തില്‍, യേശുക്രിസ്തുവിനെ ലോകത്തിന്റെ പാപംചുമക്കുന്ന കുഞ്ഞാടായി ചിത്രീകരിക്കുകയും യേശുക്രിസ്തുവിന്റെ മരണത്തെ മനുഷ്യവര്‍ഗത്തിന്റെ പാപങ്ങള്‍ക്കുള്ള പരിഹാരയാഗമായി ആദര്‍ശവത്കരിക്കുകയും ചെയ്ത ദൈവശാസ്ത്രജ്ഞന്മാര്‍ ക്രിസ്തു ലോകത്തിനു നല്‍കിയ വിശിഷ്ട പ്രബോധനങ്ങള്‍ വിസ്മരിച്ചുകളയുകയാണ് ചെയ്തതെന്ന് പരാതിപ്പെട്ടിട്ടുണ്ട്. യേശുക്രിസ്തുവിന്റെ പാപപരിഹാരയാഗം ക്രൈസ്തവ ദൈവശാസ്ത്രത്തിന്റെ ഏറ്റവും കാതലായ ഘടകമാണെന്നംഗീകരിക്കുമ്പോള്‍ത്തന്നെ, സ്വാമിജിയുടെ വിമര്‍ശനത്തില്‍ കഴമ്പുണ്ടെന്നു സമ്മതിക്കാതെ വയ്യ. വിശുദ്ധവും സംഘര്‍ഷരഹിതവും ഉത്കൃഷ്ടവുമായ ജീവിതചര്യയുടെ മാര്‍ഗരേഖയാണ് യേശുക്രിസ്തു തന്റെ പ്രബോധനങ്ങളിലൂടെ നമുക്കു നല്‍കിയത്. പക്ഷേ ഇന്നത്തെ ക്രിസ്ത്യാനികള്‍ അതിനെക്കുറിച്ച് തികച്ചും ഉദാസീനരാണ്. കണ്‍വന്‍ഷന്‍ പന്തലുകളിലും ധ്യാനാരാധനകളിലും ഇക്കാര്യം ചിലപ്പോഴൊക്കെ ഓര്‍മിക്കപ്പെടാറുണ്ടെങ്കിലും എല്ലാ തിന്മകളോടും അനുരഞ്ജിച്ചുകൊണ്ടുള്ള നമ്മുടെ ജീവിതരീതിയില്‍ നാം സംതൃപ്തരാണ്. ഇന്ന് ഏറെ ജനസമ്മതിയാര്‍ജ്ജിച്ചിട്ടുള്ള സമൃദ്ധിയുടെ ദൈവശാസ്ത്രമനുസരിച്ച് ഭൗതികനന്മകള്‍ എളുപ്പം കരസ്ഥമാക്കാനുള്ള കുറുക്കുവഴി മാത്രമാണ് വിശ്വാസം.

ക്രിസ്തുവിന്റെ പ്രബോധനങ്ങള്‍ പ്രായോഗികതലത്തില്‍ തള്ളിക്കളഞ്ഞ ക്രിസ്ത്യാനികളാണ് സുവിശേഷപ്രചാരണത്തില്‍ ആവേശവും തീക്ഷ്ണതയും കാട്ടുന്നത്; മതപരിവര്‍ത്തനത്തിനെതിരായ നിയമങ്ങളുടെ അധാര്‍മികതയെക്കുറിച്ച് ആകുലരാകുന്നത്! അതേസമയം, സഭ മറ്റുള്ളവരുടെ മുന്നില്‍ അവതരിപ്പിക്കുന്ന സാക്ഷ്യം എത്ര ബീഭത്സമാണെന്ന് നാം തീരെ ആലോചിക്കാറില്ല.

ഇപ്പോള്‍ കേരളത്തിന്റെ സാമൂഹികാന്തരീക്ഷം സംഘര്‍ഷഭരിതമാക്കുകയും ഉത്കണ്ഠാപൂര്‍ണമാക്കുകയും ചെയ്യുന്നത്, ബി.ജെ.പി. പോലുള്ള ഫാസിസ്റ്റ് രാഷ്ട്രീയസംഘടനകളല്ല, ക്രൈസ്തവസഭയിലെ രണ്ടു വിഭാഗങ്ങളാണ്. അവരെ നയിക്കുന്ന പൗരോഹിത്യം അനുരഞ്ജനത്തിന്റെയോ സഹിഷ്ണുതയുടെയോ വാക്കുകളൊന്നുമുച്ചരിക്കുന്നില്ല. കേരളത്തിലെ സകലമാന മനുഷ്യര്‍ക്കുമറിയാവുന്നതുപോലെ ***ഈ സംഘര്‍ഷത്തിന്റെ പിന്നില്‍ ദൈവശാസ്ത്രപരമോ വിശ്വാസപരമോ ആയ പ്രശ്നങ്ങളൊന്നുമേയില്ല. പ്രശ്നം അധികാരവും സമ്പത്തും മാത്രമാണ്.*** ശ്രേഷ്ഠരും പരിശുദ്ധരുമായ മെത്രാപ്പോലീത്തമാര്‍ പ്രസ്താവനകളും മറുപ്രസ്താവനകളും കൊണ്ട് യഥാര്‍ത്ഥത്തില്‍ തങ്ങളാരാണെന്ന് അനുദിനം വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ഈ കൊമ്പുകോര്‍ക്കലുകളുടെ പരിഹാസ്യത കണ്ട് സഹികെട്ട ഒരു പത്രം- കേരളകൗമുദി-സ്നേഹവും സമാധാനവും പ്രസംഗിക്കുന്ന ക്രിസ്ത്യാനികള്‍ കുറച്ചുകൂടി സൗമ്യതയും സഹിഷ്ണുതയും കാട്ടണമെന്ന് മുഖപ്രസംഗത്തിലൂടെ ഉപദേശിച്ചു. ക്രിസ്മസ് കാലയളവിലെങ്കിലും പള്ളികളെ സംഘര്‍ഷവിമുക്തമാക്കണമെന്ന് കേരളമുഖ്യമന്ത്രി സഭാദ്ധ്യക്ഷന്മാരോട് അപേക്ഷിക്കുകയും ചെയ്തു.

ഇതിനേക്കാള്‍ ദയനീയവും പരിതാപകരവുമായ അവസ്ഥ ക്രൈസ്തവസമൂഹത്തിനുണ്ടാവാനില്ല. പ്രശ്നം സൃഷ്ടിക്കുന്നതാരായാലും അതു ബാധിക്കുന്നത് ക്രൈസ്തവരുടെ പൊതുവായ പ്രതിച്ഛായയെയാണ്. യേശുക്രിസ്തു ഒരവസരത്തില്‍പ്പറഞ്ഞു, നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രം സ്നേഹിച്ചിട്ടെന്തുകാര്യം? ദുഷ്ടന്മാരുമതുതന്നെ ചെയ്യുന്നില്ലേ? ശത്രുക്കളെപ്പോലും സ്നേഹിക്കാന്‍ പഠിക്കുക എന്ന്. മറ്റൊരവസരത്തില്‍പ്പറഞ്ഞു, നിങ്ങളുടെ ഒരു ചെകിട്ടത്തടിക്കുന്നവന് മറ്റേ ചെകിടും കാണിച്ചുകൊടുക്കുക എന്ന്. ഈ ഭൂമിയിലെ നിക്ഷേപം നമ്മെ ഒരിടത്തുമെത്തിക്കുകയില്ലെന്നും കുമിഞ്ഞുകൂടുന്ന ധനം ദൈവരാജ്യസാക്ഷാത്കാരത്തിനു തടസ്സമാണെന്നും ഓര്‍മിപ്പിച്ചു.

വിശ്വാസികള്‍ തമ്മിലുണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങള്‍ പരിഹരിക്കാന്‍ പുറജാതിക്കാരുടെ അടുത്തുപോകുന്നതിലെ അപഹാസ്യത വിശുദ്ധ പൗലോസ് കര്‍ക്കശസ്വരത്തില്‍ ചൂണ്ടിക്കാട്ടി.

പക്ഷേ നാം ഇതൊന്നും അറിഞ്ഞ ഭാവമേയില്ല. നമ്മെത്തല്ലാന്‍ ആര്‍. എസ്.എസിന്റെ കൈയില്‍ പുതിയ വടി കൊടുക്കാനുള്ള തത്രപ്പാടിലാണ് ക്രൈസ്തവ പൗരോഹിത്യത്തിന്റെ നേതൃനിര.

ഡോ. സര്‍വേപള്ളി രാധാകൃഷ്ണനെ ദാര്‍ശനികനാക്കിയതിന്റെ ക്രെഡിറ്റ് ഹൈന്ദവമതത്തിനു നേരേ നിരന്തരം ആരോപണങ്ങളുന്നയിച്ച അന്നത്തെ ക്രൈസ്തവ മിഷനറിമാര്‍ക്കുള്ളതാണ്. ഈ ആരോപണങ്ങള്‍ക്കു മറുപടി പറയാനാണ്, അദ്ദേഹം ഉപനിഷത്തുകളുടെയും വേദങ്ങളുടെയും പാരമ്പര്യത്തിലേക്കാഴ്ന്നിറങ്ങിയത്. അദ്ദേഹം ക്രിസ്ത്യാനികള്‍ക്കു നല്‍കിയ സര്‍ട്ടിഫിക്കറ്റ് ഇന്നും സാര്‍ത്ഥകമായിരിക്കുന്നു. "***മഹത്തായ ആദര്‍ശങ്ങള്‍ ചുമന്നു നടക്കുന്ന തീരെ ചെറിയ മനുഷ്യരാണ് ക്രിസ്ത്യാനികള്‍!***" എന്താ സംശയമുണ്ടോ?

## ന്യൂ വിഷന്‍ സമ്മാന പദ്ധതി

### പാല്‍ തിളച്ചുപൊങ്ങുന്നതെന്തുകൊണ്ട്?

ഉത്തരം കിട്ടേണ്ട അവസാന തീയതി ഫെബ്രുവരി 10. വിജയികളുടെ ഫോട്ടോയും ചേര്‍ക്കുവാന്‍ ഉദ്ദേശിക്കുന്നതിനാല്‍ ഉത്തരങ്ങളോടൊപ്പം ഫോണ്‍ നമ്പര്‍ കാണിക്കുന്നതു നന്നായിരിക്കും. കത്തുകള്‍ അയയ്ക്കേണ്ട വിലാസം:

**ചീഫ് എഡിറ്റര്‍, ന്യൂ വിഷന്‍, പുന്നയ്ക്കാട്-698 652.**

### കഴിഞ്ഞ ലക്കത്തിലെ ചോദ്യത്തിന്റെ ശരിയുത്തരം

635 ചതുരശ്ര കി. മീ. വിസ്തീര്‍ണമുള്ള ഒരു ഉപ്പുവെള്ളത്തടാകമാണ് ചാവുകടല്‍. ചാവുകടലില്‍ ലവണങ്ങളുടെ സാന്ദ്രത വളരെ കൂടുതലാണ്. സാധാരണ സമുദ്രജലത്തേക്കാള്‍ അഞ്ചിരട്ടി ഉപ്പുരസമുണ്ട്. ചാവുകടലില്‍ നിന്ന് ഉപ്പുജലം പുറത്തേക്കു പോകുവാന്‍ മാര്‍ഗമില്ല. ശുദ്ധജലജീവികള്‍ ചാവുകടലില്‍ പ്രവേശിച്ചാലുടന്‍ ചത്തൊടുങ്ങുന്നു. അതുകൊണ്ട് ചാവുകടല്‍ എന്ന പേരുണ്ടായി.

### ശരിയുത്തരം അയച്ചു തന്നവര്‍

**(1) ലാലി ജോസഫ്, കാര്‍ത്തികപ്പള്ളി (2) സൂസന്‍ തോമസ്, നെല്ലിക്കാല**

നറുക്കെടുപ്പിലൂടെ വിജയിയായ ശ്രീമതി സൂസന്‍ തോമസിനുള്ള സമ്മാനം ഫെബ്രുവരിയില്‍ തപാലില്‍ ലഭിക്കുന്നതാണ്.



# പ്രാചീന സംസ്കാരങ്ങളുടെ പൂർത്തീകരണം സുവിശേഷവത്കരണത്തിലൂടെയാവണം

പ്രൊഫ. വിഷ്ണു നാരായണൻ നമ്പൂതിരി

**'ക്രൈസ്തവകാഹളം' മാസികയിൽ പ്രസിദ്ധപ്പെടുത്തിയ ഈ ലേഖനം സവിശേഷ ശ്രദ്ധയാകർഷിക്കുന്ന ഒന്നാണ്. യൂണിവേഴ്സിറ്റി കോളജിലെ ഇംഗ്ലീഷ് അദ്ധ്യാപകനായി വിരമിച്ചശേഷം ക്ഷേത്രങ്ങളിൽ പൂജാരിയായി സേവനമനുഷ്ഠിച്ചുവരുന്ന വ്യക്തിയാണ് വിഷ്ണു നാരായണൻ നമ്പൂതിരി. കവിയും ചിന്തകനുമായ അദ്ദേഹത്തിന്റെ ലേഖനം ഗൗരവത്തോടെ കാണേണ്ട ഒന്നാണ്. പ്രതികരണങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. - ചീഫ് എഡിറ്റർ**

ലോകത്തെല്ലായിടത്തും ക്രിസ്തുവിന്റെ ആഗമനം ഭഗവാന്റെ അവതാരമായിക്കരുതി ആഘോഷിക്കുന്നു. ഇന്ത്യയ്ക്കകത്തായാലും പുറത്തായാലും ഇതിന് വേണ്ടുവോളം പ്രസക്തിയുണ്ട്. ഞാൻ ക്രിസ്ത്യൻ കോളജുകളിൽ മാത്രം വിദ്യാഭ്യാസം ചെയ്ത ആളാണ്. ഞാനേറ്റവും ആരാധിക്കുന്ന ഗുരുക്കന്മാരിൽ ചിലർ ക്രിസ്ത്യാനികളാണ്.

ക്രിസ്തുവിന്റെ പിറവി അക്കാലത്തെ ചരിത്രപശ്ചാത്തലം വച്ചുനോക്കിയാൽ അറിയാം, ഹിംസയുടെയും മത്സരത്തിന്റെയുമൊക്കെ വഴിയിൽ നിന്നു വെട്ടിത്തിരിഞ്ഞുള്ള പുതിയൊരു ചുവടായിരുന്നു. "They say unto you an eye for an eye, a tooth for a tooth but I say unto you, beaten on the right cheek show him the left" എന്നു പറയുന്ന ഉദാത്തമായ അഹിംസാ സന്ദേശത്തിന്റെ ചിത്രമാണ് ക്രിസ്തുഭഗവാന്റെ രൂപം മനസ്സിൽ പ്രതിബിംബിപ്പിക്കുന്നത്. അഹിംസയുടെ ജീവിതശൈലിയെന്നുള്ള നിലയ്ക്കു മാത്രമല്ല, ക്രൈസ്തവ മാതൃകയുടെ പ്രസക്തി. ദുഃഖവും ദുരിതവും പൗരുഷത്തോടുകൂടി നേരിട്ട് അതിലൂടെ നാം ആർജ്ജിക്കുന്ന ആത്മീയമായ ഊർജ്ജത്താലാണ് സ്വന്തം ജീവിതത്തിലും സാമൂഹിക ജീവിതത്തിലും പരിവർത്തനം വരുത്താൻ സാധിക്കുന്നതെന്ന മഹത്തായ ആശയം ഗാന്ധിജിയ്ക്കു നൽകിയത് ക്രിസ്തുഭഗവാന്റെ മാതൃക തന്നെയാണ്. ചരിത്രത്തെ ഏറ്റവുമധികം സ്വാധീനിച്ച മഹാപുരുഷൻ ആര് എന്ന ചോദ്യത്തിന് ഒരു ഉത്തരമേയുള്ളൂ: ക്രിസ്തുഭഗവാൻ, സംശയമില്ല.

ഞാൻ നമ്പൂതിരിയായിട്ടാണു ജനിച്ചത്. വേദമാണു പഠിച്ചത്. പക്ഷേ വേദശൈലിയിൽ ചിന്തിച്ചാൽ ക്രിസ്തു ഭഗവാന്റെ ആഗമനം വേദവിഹിതം തന്നെയാണ്. ഇതെനിയ്ക്കു പറഞ്ഞുതന്നത് വേദജ്ഞനായ സി. കെ. നാരായണ ഭട്ടതിരിയാണ്. ഈശ്വരൻ തന്റെ പ്രവാചകന്മാരിലൂടെ പ്രപഞ്ചസത്യം വെളിപ്പെടുത്തുന്നുവെന്ന തത്വം എല്ലാ മതങ്ങളും അംഗീകരിക്കുന്നു. അതുകൊണ്ട് ഭാരതീയരുടെ പവിത്രമായ ഒരാചാരമായി ക്രിസ്തു ഭഗവാന്റെ പിറവിയുടെ ആഘോഷം മാറുന്നതിൽ ഏറ്റവുമധികം സന്തോഷിക്കുന്ന ഒരാളാണ് ഞാൻ. ക്രിസ്തു ഭഗവാന്റെ മാതൃക സമൂഹജീവിതത്തിനും വ്യക്തിജീവിതത്തിനുമാവശ്യമാണ്.

ഞാനിതെല്ലാം എഴുതുമ്പോഴും പല കോണുകളിലും നിന്നുളവാകുന്ന എതിർശബ്ദങ്ങളും അപശബ്ദങ്ങളും കേട്ടില്ലെന്നു നടിക്കുന്നതു ശരിയല്ല. വടക്കേ ഇന്ത്യയിൽ ധാരാളം പീഡനങ്ങൾ നടക്കുന്നുണ്ട്. പലപ്പോഴും മതകലഹങ്ങളുടെ വക്കോളം അവ ചെന്നെത്താറുമുണ്ട്. കേരളത്തിൽത്തന്നെ അതിന്റെ ലാഞ്ഛനകൾ കണ്ടുതുടങ്ങിയിട്ടുണ്ട്. മദ്ധ്യപൗരസ്ത്യ ദേശത്തും യൂറോപ്പിലുമൊക്കെ നടക്കുന്നത് പടയോട്ടങ്ങളാണ്. ഇസ്ലാമും ക്രിസ്തുമതവും തമ്മിലുള്ള യുദ്ധം, രക്തരൂക്ഷിതമായ യുദ്ധം-കുരിശുയുദ്ധങ്ങൾ എല്ലാമുണ്ടായിട്ടുണ്ട്. അതിന്റെ ഒരു രൂപാന്തരം അമേരിക്കയിലും അറബിരാജ്യങ്ങളിലുമൊക്കെ അങ്ങോട്ടുമിങ്ങോട്ടുമുള്ള കൊടിയ കൊലപാതകങ്ങളായി ഇപ്പോൾ വളർന്നുവരുന്നുണ്ട്. ഇതിനെന്താണൊരു പരിഹാരമെന്ന് ഞാൻ ക്രിസ്തുഭഗവാന്റെ ശൈലിയിൽത്തന്നെ ചിന്തിച്ചുനോക്കിയിട്ടുണ്ട്. അതിനും പരിഹാരം ക്രിസ്തുഭഗവാൻ പറഞ്ഞിട്ടുണ്ട്, ഗിരിപ്രഭാഷണത്തിൽ. "I have come to fulfil, not to destroy". പരമഭാഗവതരായ പി. സി. ദേവസ്യാ മാഷ് മനോഹരമായ സംസ്കൃത കവിതയിൽ അതു പറഞ്ഞിട്ടുണ്ട്. അതിമനോഹരമായ സംസ്കൃതശൈലിയിൽ മാസ്റ്റർ ക്രിസ്തുഭഗവാന്റെ വാക്കിനെ അവതരിപ്പിക്കുന്നു. ഓരോ ദേശത്തുമുള്ള സംസ്കാരത്തിന്റെ പൂർത്തീകരണമാണ് ക്രിസ്തുമതത്തിന്റെ ലക്ഷ്യം. പലപ്പോഴും ആചരണത്തിൽ ഒരു സംഘടിതമതം എന്ന നിലയ്ക്കു ക്രിസ്തുമതവും ക്രിസ്തുമതാനുയായികളും ഈ സത്യം മറന്നുപോകുന്നുവോയെന്ന് എനിക്കാശങ്കയുണ്ട്.

**ചൂഷണമില്ലാത്തൊരു ലോകം, അദ്ധ്വാനത്തെ വിലമതിക്കുന്ന ഒരു ലോകം, ദാരിദ്ര്യവും ചൂഷണവുമില്ലാത്ത ഒരു ലോകം- അതാണ് ക്രിസ്തുഭഗവാന്റെ ഇച്ഛാപൂർത്തീകരണം. മറ്റു മനുഷ്യരെയും സംസ്കാരത്തെയും ബഹുമാനിക്കുക എന്ന സന്ദേശമാണ് നാം ക്രിസ്തുഭഗവാനിൽ നിന്ന് ഉൾക്കൊള്ളുന്നത്. ഐക്യത്തിന്റെയും കൂട്ടായ്മയുടെയും, സ്നേഹത്തിന്റെയും സമന്വയത്തിന്റെയും സന്ദേശമാണ് ക്രിസ്തു ലോകത്തിനു മുഴുവനായി നൽകുന്നത്.**

ഗ്രീസിൽ ഞാൻ രണ്ടുവട്ടം സഞ്ചരിച്ചിട്ടുണ്ട്. അമേരിക്കയിൽ സഞ്ചരിച്ചിട്ടുണ്ട്. ആഫ്രിക്കയിൽ ഞാൻ സഞ്ചരിച്ചിട്ടില്ല, കേട്ടിട്ടുണ്ട്; അവിടെയെല്ലാം പ്രാചീന സംസ്കാരങ്ങളുടെ പൊടിപോലും ബാക്കിയില്ല. അവ എവിടെപ്പോയി? സമ്പൂർണ്ണമായ സുവിശേഷവത്കരണം നടന്നുകഴിഞ്ഞ ആ പ്രദേശങ്ങളിൽ പഴയ മതവും വിശ്വാസങ്ങളും കണികാണാൻ പോലുമില്ല. ക്രിസ്തുഭഗവാൻ ഉദ്ദേശിച്ച വിധം പഴയ സംസ്കാരങ്ങളുടെ പൂർത്തീകരണമല്ല, ഉന്മൂലനാശമാണ് അവിടങ്ങളിൽ നടന്നത്. ഇന്ത്യയിൽ ഇതാവർത്തിക്കാതെ

നോക്കേണ്ടത് ഇന്ത്യാക്കാരുടെ, അതിലേറെ, യഥാർത്ഥ ക്രിസ്ത്യാനികളുടെ കടമയാണ്. പതിനായിരം വർഷം മുമ്പു മുതലേ ഇവിടെ നിലനിന്നുവരുന്ന വൈദികസംസ്കാരം നിലനിർത്തേണ്ടത് ക്രിസ്തുഭഗവാന്റെ ഇച്ഛയുടെ പൂർത്തീകരണമാണ്. ആ നിലയ്ക്കു മതപരിവർത്തനം പൗരന്മാരുടെ വിവേകത്തിനും സ്വേച്ഛയ്ക്കും വിട്ടുകൊടുക്കുകയാണു ധർമം. അതിനുവേണ്ടിയൊരു ഏർപ്പാട് നിലനിർത്താതിരിക്കുകയാണ് യഥാർത്ഥ ക്രിസ്ത്യാനികളുടെ ധർമം.

ക്രിസ്മസാഘോഷത്തെക്കുറിച്ചു പലപ്പോഴും നാം കേൾക്കാറുള്ള ഒരാരോപണം, ക്രിസ്തു ഉയർത്തിപ്പിടിച്ച ഉന്നതമുല്യങ്ങൾ മറന്നുകൊണ്ടുള്ള ഒരാഘോഷമായി അതു മാറുന്നുവെന്നതാണ്. അതിനു കാരണമുണ്ട്. എല്ലാ മതങ്ങളും ആശയങ്ങളും സംഘടിതമാകുമ്പോൾ അതിന്റെ ആചരണത്തിൽ പിഴവുകൾ വരും. ബാലാമണിയമ്മ ഒരു കവിതയിൽ എഴുതിയിട്ടുണ്ട്:

"ഏതുന്നതാദർശത്തിനും
മന്നിലെ കാറ്റേൽക്കുമ്പോൾ
തൻ നിറം കെടാം".

മനുഷ്യൻ അപൂർണനാണ്. ആചരണങ്ങളിൽ ആർഭാടങ്ങൾ കടന്നുകയറിയെന്നു വരാം. അത്തരം ഒരു സ്ഥിതിവിശേഷമാണ് ഇന്നത്തെ ക്രിസ്മസാഘോഷങ്ങളിൽ നാം കാണുന്നത്. ശ്രദ്ധിച്ചാൽ ഇത് നമുക്കു തന്നെ ഒഴിവാക്കാം.

ക്രിസ്തുഭഗവാൻ ഈ ഭൂമിയിൽ ഏറ്റവും കൂടുതൽ പ്രവർത്തിച്ചത് പാവപ്പെട്ടവരുടെയിടയിലും സമൂഹത്തിൽ നിന്ന് അകറ്റിനിർത്തപ്പെട്ടവരുടെയിടയിലുമാണ്. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ ഭൂരിപക്ഷത്തിന് അത്താണിയായി ഓരോ വ്യക്തിയും മാറണമെന്നതു തന്നെയാണ് ക്രിസ്തുഭഗവാന്റെ ഇച്ഛ. ചരിത്രത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ ലോകത്തിലെ ആദ്യത്തെ സാമ്പത്തിക വിപ്ലവകാരി ക്രിസ്തുഭഗവാനാണെന്നു മനസ്സിലാകും. ചൂഷണമില്ലാത്തൊരു ലോകം, അദ്ധ്വാനത്തെ വിലമതിക്കുന്ന ഒരു ലോകം, ദാരിദ്ര്യവും ചൂഷണവുമില്ലാത്ത ഒരു ലോകം-അതാണ് ക്രിസ്തുഭഗവാന്റെ ഇച്ഛാപൂർത്തീകരണം. മറ്റു മനുഷ്യരെയും സംസ്കാരത്തെയും ബഹുമാനിക്കുകയെന്ന സന്ദേശമാണ് നാം ക്രിസ്തുഭഗവാനിൽ നിന്ന് ഉൾക്കൊള്ളുന്നത്. ക്രിസ്തുഭഗവാന് ധാരാളം ശിഷ്യന്മാരുണ്ടായിയെന്നതും, ധാരാളം ജനങ്ങൾ അവിടുത്തെ പിന്നാലെ പോയിയെന്നതും അതിന്റെ തെളിവുകളാണ്. ഭരണകൂടം ഒരിടത്തും ഒരിക്കലും ഒറ്റപ്പെട്ട വിപ്ലവകാരികളോട് അനുകൂല നിലപാട് സ്വീകരിക്കുകയില്ല. 'ഭരണകൂടം' എന്നു നാം പറയുമ്പോൾ ഓർക്കുക-സംസ്കൃതഭാഷയിൽ അതിലെ 'കൂടം' എന്ന വാക്കിന്റെ അർത്ഥം അസത്യം, തിന്മ, അധർമം എന്നൊക്കെയാണ്. അധികാരം ദുഷിപ്പിക്കുന്നു. അതുകൊണ്ട് ക്രിസ്തുവിന്റെ കാലത്തെ ഭരണകൂടങ്ങൾ അദ്ദേഹത്തിനെതിരായെന്നത് തികച്ചും സ്വാഭാവികം.

ക്രിസ്തുഭഗവാൻ ജനിച്ചത് ഒരു പുൽക്കൂട്ടിലാണെന്നു പറയാറുണ്ട്. മഹാന്മാരുടെ ഉത്പത്തി എവിടെ യെന്നത് പ്രശ്നമല്ല. ഭൂമിയുടെ ഏതു ഭാഗവും പവിത്രമാണ്. സാമ്പത്തികമായി താഴേക്കിടയിലുള്ള ഒരാൾ ആത്മാവിൽ ദരിദ്രനാകണമെന്നില്ല. ക്രിസ്തുഭഗവാന്റെ മാതാപിതാക്കൾ അക്കാലത്തെ ഏറ്റവും പവിത്രമായ, തപസ്സ് എന്നുതന്നെ വിളിക്കേണ്ടതായ ജീവിതചര്യ സ്വീകരിച്ചവരായിരുന്നു. ഒരാളുടെ ജനനസ്ഥലമേത്, വംശമേത്, ജനനസമയമേത് എന്നുള്ളതൊന്നുമല്ല പ്രധാനം. അയാളുടെ മനസ്സ്, ചിന്ത, പ്രവൃത്തി, ജീവിതശൈലി, സംസ്കാരം, തപസ്സ്, വാസനകൾ ആദിയായവയാണ് പ്രധാനം. ഇതൊക്കെയാണ് ഒരു മനുഷ്യനെ ശ്രേഷ്ഠതയുടെ പടവുകളിലേക്കാനയിക്കുന്നത്. പുൽക്കൂടും കൊട്ടാരവും തമ്മിൽ ഈശ്വരദൃഷ്ടിയിൽ വ്യത്യാസമില്ലല്ലോ. ഇതു പഠിപ്പിക്കാൻ വേണ്ടിയായിരിക്കണം ക്രിസ്തുഭഗവാൻ പുൽക്കൂട്ടിൽ പിറന്നത്, ശ്രീകൃഷ്ണൻ തുറുങ്കറയിൽ പിറന്നതുപോലെ. ഈ ഭൂമിയിൽ അവതരിച്ച ഈശ്വരപുത്രന് ജീവാഹൂതി ചെയ്യേണ്ടിവന്നത് നീതിയുടെ പക്ഷം ചേർന്നതുകൊണ്ടാണ്. നീതിക്കു വേണ്ടി നിലകൊള്ളുന്നവൻ ആട്ടും തുപ്പും ഏറ്റുവാങ്ങുവാനും, കുരിശു ചുമക്കുവാനും, പ്രാണവേദന കൊണ്ടു പിടയുവാനും അപ്പോഴും പാപിയോടു പൊറുക്കുവാനും തയാറായിരിക്കണം. അധികാരത്തിനും പണത്തിനും വേണ്ടിയുള്ള മത്സരം ക്രിസ്തുഭഗവാന്റെ വഴിയല്ല. അത് തിന്മയുടെ വഴിയാണ്. എല്ലാ അഭിപ്രായവ്യത്യാസങ്ങളും ഈശ്വരനിൽ അസ്തമിക്കുന്നുവെന്നു കണ്ടെത്തുകയാണ് എല്ലാ ക്രൈസ്തവ കൂട്ടായ്മകളുടെയും ലക്ഷ്യം. ഐക്യത്തിന്റെയും കൂട്ടായ്മയുടെയും, സ്നേഹത്തിന്റെയും സമന്വയത്തിന്റെയും സന്ദേശമാണ് ക്രിസ്തു ലോകത്തിനു മുഴുവനായി നൽകുന്നത്. ●

**മതപരിവർത്തനം (പേജ് 8 തുടർച്ച)**

തുകൊണ്ടാണ്. ഇനി ആ പദം അവിടെ ഉണ്ടായിരുന്നില്ലെങ്കിൽത്തന്നെ, ഭരണഘടന ഉറപ്പുനൽകുന്ന ആശയപ്രകാശന സ്വാതന്ത്ര്യത്തിൻകീഴിൽ, ഏതു മതസമുദായത്തിനും തങ്ങളുടെ വിശ്വാസത്തിലേക്കു ചേരാൻ മറ്റുള്ളവരെ പ്രേരിപ്പിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് എനിക്കു തീർച്ചയുണ്ട്. മതം മതമായിരിക്കുന്നിടത്തോളം കാലം, മനഃസാക്ഷി സ്വാതന്ത്ര്യത്തിന്റെ പ്രയോഗമായി നടക്കുന്ന മതപരിവർത്തനം അംഗീകരിക്കപ്പെടേണ്ടതുണ്ട്."

അതുകൊണ്ട് അതു സംബന്ധിച്ച നിലപാട് ഇതാണ്: ***ഭരണഘടനയിൽ മതപരിവർത്തനം വിഭാവനം ചെയ്തിട്ടില്ല; എന്നാൽ, മതപ്രചാരണത്തെ ഒരു മൗലികാവകാശമാക്കിയിട്ടുണ്ട്. മതപ്രചാരണാവകാശത്തിൽ മറ്റൊരാളെ മതം മാറ്റാനുള്ള അവകാശം ഉൾപ്പെടുന്നുണ്ടോ? എന്റെ സുചിന്തിതമായ അഭിപ്രായം, ഒരു ഭാരതീയനെ സംബന്ധിച്ച് മതപ്രചാരണം ഒരവകാശമായിരിക്കുമ്പോൾ, മറ്റൊരാളെ മതംമാറ്റുകയെന്നത് ഒരവകാശമല്ല എന്നതാണ്.*** ഒരാൾ മറ്റൊരു മതത്തിലേക്കു സ്വയം മതംമാറുന്നുവെങ്കിൽ അയാളെ അതിൽ നിന്നു തടയാൻ ആർക്കും സാധിക്കുകയില്ലെന്നത് ശരിതന്നെ. ഭരണഘടനാനിർമാതാക്കളിൽ ഒരാളായ ഡോ. ബാബാസാഹിബ് അംബദ്കർ ഇത് വ്യക്തമായി കാണിച്ചുതന്നിട്ടുണ്ട്. അദ്ദേഹവും ഒരുപറ്റം ദളിതരും ബുദ്ധമതത്തിലേക്കു മതംമാറ്റം നടത്തി. അദ്ദേഹത്തെ അതിൽനിന്നു ബലംപ്രയോഗിച്ചു തടയാനോ മതം മാറാനുള്ള അദ്ദേഹത്തിന്റെ അവകാശത്തെ നിഷേധിക്കാനോ ആർക്കും അധികാരമുണ്ടായിരുന്നില്ല.

ഇനി മതപരിവർത്തനത്തെപ്പറ്റി മദർ തെരേസയ്ക്കുണ്ടായിരുന്ന കാഴ്ചപ്പാട് എന്തായിരുന്നുവെന്നു നിങ്ങളോടു പറയാൻ ഞാനാഗ്രഹിക്കുന്നു. അവർ പറഞ്ഞു: "ഞാൻ ഒട്ടുവളരെ ആൾക്കാരെ മതപരിവർത്തനം നടത്തിയിട്ടുണ്ട്. മോശം ഹിന്ദുക്കളായ വളരെപ്പേരെ നല്ല ഹിന്ദുക്കളായും, മോശം മുസ്ലീങ്ങളായ വളരെപ്പേരെ നല്ല മുസ്ലീങ്ങളായും, മോശം ക്രിസ്ത്യാനികളെ നല്ല ക്രിസ്ത്യാനികളായും ഞാൻ മതപരിവർത്തനം നടത്തിയിട്ടുണ്ട്. എന്നാൽ ഞാനൊരിക്കലും ഒരു അക്രൈസ്തവനെ ക്രൈസ്തവനാക്കിയിട്ടില്ല."

മറ്റുള്ളവരെ മതംമാറ്റാൻ അവകാശമുണ്ടെന്നു വാദിക്കുന്നവർ, സത്യമതം തങ്ങളുടേതാണെന്നും നിങ്ങളുടേത് തെറ്റായ മതമാണെന്നുമുള്ള മിഥ്യാധാരണയെ ആശ്രയിക്കുന്നവരാണ്. ഇത് അടിസ്ഥാനപരമായിത്തന്നെ തെറ്റാണ്. ആ മനുഷ്യൻ അയാളുടെ സ്വന്തം മതത്തെപ്പറ്റി പഠിച്ചിട്ടില്ല. മറ്റുള്ളവരുടെ മതങ്ങളെപ്പറ്റി അത്രപോലും പഠിച്ചിട്ടില്ല. ഒരു ക്രൈസ്തവമതപണ്ഡിതനായിരുന്ന തന്റെ അടുത്ത സുഹൃത്ത് സി.എഫ്. ആൻഡ്രൂസിൽ നിന്ന് ക്രിസ്തുമതത്തെപ്പറ്റി വളരെക്കാര്യങ്ങൾ പഠിച്ച മഹാത്മാഗാന്ധി പിന്നീടെന്താണു ചെയ്തതെന്ന് ഞാനിവിടെ സൂചിപ്പിക്കട്ടെ. ഗാന്ധിജി തന്റെ സ്വന്തം മതമായ ഹിന്ദുമതത്തെക്കുറിച്ച് ഗോപാലകൃഷ്ണ ഗോഖലെയിൽ നിന്നു പഠിക്കാൻ പരിശ്രമിച്ചു. യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളെ പിന്തുടർന്നുകൊണ്ട് ഒരു നല്ല ഹിന്ദുവായി തുടരാൻ ഗാന്ധി തീരുമാനിച്ചു. ഇത് തികച്ചും മനോഹരമാണ്. മാത്രമല്ല, ഇതു തന്നെയാണ് മാതൃകയും ഉദാഹരണവും.

*(തുടരും)*





# സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട

ഡോ. മാത്യു കോശി പുന്നയ്ക്കാട്

ഈ വർഷം നിങ്ങളെന്നെ ബഹുമാനിക്കുവാൻ തീരുമാനിച്ചുവെന്നറിയുന്നതിൽ സന്തോഷമുണ്ട്. മാന്യത കൈവരുമ്പോൾ ആർക്കാണ് സന്തോഷമുണ്ടാകാത്തത്. തീർച്ചയായും നിങ്ങളോടു നന്ദിയുണ്ട്. നിങ്ങളുടെ ജീവിതത്തിൽ എനിക്കുള്ള സുപ്രധാനമായ പങ്കിനെക്കുറിച്ചു നിങ്ങൾക്കു കൂടുതൽ മനസ്സിലായിത്തുടങ്ങിയിരിക്കുന്നു എന്നതല്ലേ സത്യം. ഞാനാണ് ശുദ്ധജലം. 2003-ാമാണ്ട് ശുദ്ധജലത്തിന്റെ വർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ നൂറ്റാണ്ടിൽ ഒരു യുദ്ധമുണ്ടാകയാണെങ്കിൽ അത് ജലത്തിനു വേണ്ടിയായിരിക്കുമെന്നു പറയുന്നത് നിങ്ങൾ കേട്ടിട്ടുണ്ടാവണം. കഴിഞ്ഞ കാലങ്ങളിലെ യുദ്ധങ്ങൾ പോലും ജലമുള്ള പ്രദേശങ്ങൾക്കു വേണ്ടിയായിരുന്നുവെന്ന് പറയപ്പെടുന്നു. ആഹാരമില്ലാതെ ഒരു പക്ഷേ നിങ്ങൾ ഒരു മാസം ജീവിച്ചേക്കാം. പക്ഷേ വെള്ളമില്ലാതെ നിങ്ങൾക്കു ഒരു ആഴ്ചയിൽ കൂടുതൽ ജീവിക്കാനാവില്ല. നിങ്ങളുടെ ജീവിതം നിലനിർത്തുന്നതിൽ എനിക്കുള്ള പങ്ക് വ്യക്തമായില്ലേ. എന്നെ നിങ്ങൾക്കു കൃത്യമായി പരിചയപ്പെടുത്തട്ടെ.

ഭൂമിയിലുള്ള ജലത്തിന്റെ 97.5 ശതമാനവും ഉപ്പുവെള്ളമാണ്. ബാക്കി വരുന്ന 2.5% മാത്രമാണ് ശുദ്ധജലം. ഇതിൽ 68.9% ധ്രുവപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ബാക്കിയുള്ളതിൽ 29.9% ഭൗമജലമായും 0.3% തടാകങ്ങളിലും അരുവികളിലും നദികളിലുമായും കിടക്കുന്നു. നിങ്ങൾക്കിഷ്ടം പോലെ ഉപയോഗിക്കുവാൻ ലഭിക്കുന്ന ജലം ആകെയുള്ള ശുദ്ധജലത്തിന്റെ 0.3% മാത്രമാണെന്നുള്ളത് എന്റെ പ്രാധാന്യത്തെയാണ് കാണിക്കുന്നത്. ശുദ്ധജലത്തിന്റെ 70 ശതമാനം പ്രധാനമായും കൃഷിയാവശ്യത്തിനാണ് ഉപയോഗിക്കുന്നത്. ജനസംഖ്യാവർദ്ധനയനുസരിച്ചു ഇത് ഓരോ വർഷവും കൂടിവരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. ലോകജനസംഖ്യയുടെ 20% കുടിവെള്ളക്ഷാമം നിമിത്തവും 50% ശുചീകരണത്തിനു ജലം ലഭിക്കാതെയും വിഷമിക്കയാണ്. ഓടകളിൽ നിന്നുമുള്ള മലിനജലമാണ് ഒരു കാലത്ത് എനിക്കുള്ള ഏറ്റവും വലിയ ഭീഷണിയെങ്കിൽ ഇന്നു കീടനാശിനികളും മറ്റു രാസവസ്തുക്കളുമാണ് എന്നെ മലിനപ്പെടുത്തുന്നത്.

ജലത്തിൽ കൂടി രോഗങ്ങൾ പകരുന്നുണ്ട്. ഓരോ വർഷവും 5 ദശലക്ഷം ജനങ്ങൾ ജലവുമായി ബന്ധപ്പെട്ട രോഗങ്ങളാൽ കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത് യുദ്ധങ്ങളിൽ കൊല്ലപ്പെട്ടിട്ടുള്ളതിന്റെ പത്തിരട്ടിയാണു പോലും. കോളറ, ടൈഫോയിഡ്, പോളിയോ, മഞ്ഞപ്പിത്തം, വയറ്റിളക്കം തുടങ്ങിയ രോഗങ്ങൾ ജലത്തിൽ കൂടെ പകരുന്നതാണ്. ശുദ്ധജലം ലഭ്യമാക്കുന്നതോടെ മിക്ക രോഗങ്ങളും അപ്രത്യക്ഷമാകും. ഓരോ ദിവസവും അഞ്ചു വയസ്സിൽ താഴെയുള്ള ആറായിരം കുട്ടികൾ വയറ്റിളക്കവുമായി ബന്ധപ്പെട്ടു മരിച്ചുകൊണ്ടിരിക്കയാണ്. 2001-ൽ 1.96 ദശലക്ഷം ആളുകൾ വയറ്റിളക്കവുമായി ബന്ധപ്പെട്ട രോഗങ്ങളാൽ മരണമടഞ്ഞു.. ശുദ്ധജലത്തിന്റെ, അതായത് എന്റെ, പ്രാധാന്യം ഇപ്പോൾ വ്യക്തമായിക്കാണുമെന്നു കരുതട്ടെ.

ശരാശരി മഴയുടെ 2.78% കേരളത്തിൽ ലഭിക്കുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളെയപേക്ഷിച്ച് മൂന്നിരട്ടിയാണിത്. പക്ഷേ, ഉപരിതല ജലലഭ്യത വളരെ കുറവാണ്. ഇതിനു കാരണം കേരളത്തിന്റെ ഭൂപ്രകൃതിയാണ്. മഴവെള്ളം കുത്തിയൊലിച്ചുപോകുന്ന തരത്തിലാണ് ഭൂമിയുടെ കിടപ്പ്. കേരളത്തേക്കാൾ കൂടുതൽ ഉപരിതല ജലലഭ്യത രാജസ്ഥാനിലും ആന്ധ്രയിലും തമിഴ്നാട്ടിലുമാണെന്നത് അല്പം കൗതുകമുണർത്തിയേക്കാം. സമനിരപ്പായ ഈ സ്ഥലങ്ങളിൽ ജലം വീണാൽ അവിടെത്തന്നെ കിടക്കും.

അടുത്തകാലത്ത് ഞാൻ പിന്നെയും വാർത്തയിൽ നിറയുകയാണ്. പെരിയാറിലെയും മലമ്പുഴയിലെയും ജലം വിൽക്കാൻ പോകുന്ന കാര്യം നിങ്ങൾ അറിഞ്ഞുകാണും. ലോകമെങ്ങുമുണ്ടാകുവാൻ പോകുന്ന ശുദ്ധജലക്ഷാമം മുൻപിൽ കണ്ടുകൊണ്ട് സ്വകാര്യകമ്പനികൾ നടത്തുന്ന കളിയുടെ ഭാഗമായിട്ടുവേണം ഇതിനെ കാണുവാൻ. ശുദ്ധജലവും ശുദ്ധവായുവും നമ്മുടെ ജന്മാവകാശമായിട്ടാണല്ലൊ നാം കരുതിയിരുന്നത്. ഇന്നു ആ സ്ഥിതി മാറിക്കൊണ്ടിരിക്കയാണ്. സൗജന്യമായും സമൃദ്ധിയായും ലഭിച്ചിരുന്ന ഇവയ്ക്ക് ക്ഷാമം നേരിടുമെന്ന് നാം സ്വപ്നത്തിൽപ്പോലും പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. നമ്മുടെ സമീപനരീതിയിലുണ്ടാകേണ്ട മാറ്റത്തെക്കുറിച്ചാണ് ഇതു സൂചിപ്പിക്കുന്നത്. വേണ്ട കാര്യങ്ങൾ സൂക്ഷ്മതയോടെ ആവശ്യത്തിനുമാത്രം ഉപയോഗിക്കുക. ഇവ നിർബന്ധമായും വേണ്ട മറ്റു ചിലർ പുറകെ വരുന്നുണ്ട്. അവരെ നമുക്കു കരുതിയേപറ്റൂ. അതുകൊണ്ട്, ശുദ്ധജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചു ലോകജനതയെ ഓർമിപ്പിക്കുവാൻ നമുക്കു ശ്രമിക്കാം. ●

Doctor : I can do nothing for your sickness. It is hereditary.
Patient : Then send the bill to my father.

■■

Wife : "I wish I were a newspaper, so I'd be in your hands all day."
Husband : "I too wish that you were a newspaper, so I could have a new one everyday."

കേരളത്തിലെ ആദ്യത്തെ
സൂപ്പർ സ്പെഷ്യാലിറ്റി
പ്രകൃതിചികിത്സാകേന്ദ്രം
പമ്പാനദീതീരത്ത്

■

ആശ്വാസ

എ.എം.എം.പ്രകൃതിചികിത്സാകേന്ദ്രം
മാരാമൺ - 689 548
പത്തനംതിട്ട ജില്ല
ഫോൺ: 0473-660531

# കഥയില്ലാത്ത അല്പം ചില്ലറക്കാര്യങ്ങൾ

(തുടർച്ച)

ഡോ. കെ. വി. വർഗീസ്



ഓർമ പുതുക്കുകയാണു ഞാൻ. രണ്ടു കൊച്ചു സംഭവങ്ങൾ. ഒന്ന്, ഞാൻ പ്രൈമറി സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തെ ഒരനുഭവം. മദ്രാസ് ക്രിസ്ത്യൻ കോളജിൽ ഞാൻ പഠിച്ചിരുന്ന സമയത്തുണ്ടായ ഒരു സംഭവം രണ്ടാമത്തേതും.

ഒരിക്കലൊരു നാടകം കാണുവാൻ എന്റെ പിതാവ് എന്നെ അദ്ദേഹം ജോലി ചെയ്തിരുന്ന ഹൈസ്കൂളിലേക്കു കൂട്ടിക്കൊണ്ടു പോയി. നാടകം കാണാൻ കുട്ടികളെ വിടുന്ന പാരമ്പര്യം വീട്ടിലില്ലാതിരുന്നതിനാൽ ഇതൊരു അസുലഭാവസരമായി ഞാൻ കണക്കാക്കി. സ്റ്റേജിൽ കർട്ടൻ ഉയർന്നപ്പോൾ ഒരു വനമായിരുന്നു രംഗം. എന്തൊരു മായാജാലം. കാട്ടിൽ അരണ്ട വെളിച്ചമേയുള്ളൂ. ആർക്കും ഭീതി ജനിപ്പിക്കുംവിധം ആരാച്ചാരന്മാരെപ്പോലെയിരുന്ന രണ്ടാളുകൾ ഒരു യുവാവിനെ വലിച്ചിഴച്ചുകൊണ്ടുവരുകയാണ്. ഞാൻ വല്ലാതെ പരിഭ്രമിച്ചു. അവർ അവനെ ഒരു തൂണിൽ വരിഞ്ഞുകെട്ടി. തന്നെ മോചിപ്പിക്കാൻ ആ യുവാവ് കെഞ്ചുകയാണ്. എന്നാൽ ആ കിങ്കരന്മാരുണ്ടോ അതു കേൾക്കുന്നു. തങ്ങളുടെ ഇഷ്ടദേവതയ്ക്കുവേണ്ടി അവനെ ബലി കഴിക്കുവാൻ പോകുകയാണെന്ന് കൂസലില്ലാതെ അവർ പറഞ്ഞപ്പോൾ എന്റെ ഹൃദയം പിടഞ്ഞു. അതു വെറുമൊരു നാടകം മാത്രമാണെന്ന വസ്തുത ഞാൻ മറന്നിരുന്നു. മുന്നിൽ അരങ്ങേറിയ ആ ദുരന്തത്തിൽ നിന്ന് അവനെ രക്ഷിക്കണേ എന്നു ഞാൻ മനസ്സുരുകി പ്രാർത്ഥിച്ചു. എന്റെ മുഖത്തിന്റെ ഭാവപ്പകർച്ച കണ്ട ഒരു മുതിർന്ന വിദ്യാർത്ഥി 'മോൻ പേടിച്ചുപോയോ' എന്നു ചോദിച്ചപ്പോഴാണ് എനിക്ക് പരിസരബോധമുണ്ടായത്. എന്നിരുന്നാലും, മനസ്സു നീറിപ്പുകയുകയായിരുന്നു.

ആരാച്ചാരന്മാർ സംഹാരതാണ്ഡവം നടത്തുകയാണ്, പൂച്ചയുടെ കയ്യിലകപ്പെട്ട എലിയുടെ അവസ്ഥയിൽ നിന്ന് അവന് എങ്ങനെ മോചനം നേടുവാൻ കഴിയും? അപ്പോഴാണ് ദൂരെ നിന്ന് ആ ശബ്ദം കേട്ടു തുടങ്ങിയത്. ബുദ്ധം ശരണം ഗച്ഛാമി, ധർമം ശരണം ഗച്ഛാമി, സംഘം ശരണം ഗച്ഛാമി. ബുദ്ധശിഷ്യന്മാരുടെ വരവാണ്. പിന്നാലെ ബുദ്ധനും. പെട്ടെന്ന് വേദി പ്രഭാപൂരിതമായി. യുവാവിന്റെയും ആരാച്ചാരന്മാരുടെയും മുഖം വ്യക്തമായിക്കാണാമായിരുന്നു. വരിവരിയായി ബുദ്ധശിഷ്യന്മാർ രംഗത്തു വന്നപ്പോൾ ആരാച്ചാരന്മാർ പകച്ചുനിന്നു. പിന്നാലെ ശ്രീബുദ്ധൻ രംഗത്തെത്തിയപ്പോൾ ഒരു ദൈവദൂതന്റെ വരവിനെപ്പോലും വെല്ലുന്ന ഒരനുഭവമായി എനിക്കു തോന്നി.

ബുദ്ധൻ കരങ്ങളുയർത്തിയപ്പോൾ സംഭവിച്ചത് അത്ഭുതകരമായ ഒരു പരിവർത്തനമായിരുന്നു. യമകിങ്കരന്മാരുടെ കൈകളിൽ നിന്ന് വാളുകൾ നിലംപതിച്ചു. നിമിഷങ്ങൾക്കകം അവർ ബുദ്ധന്റെ കാൽക്കൽ കവിണ്ണു വീണു. യുവാവിന്റെ കെട്ടുകൾ താനേ അഴിഞ്ഞു. ബുദ്ധം ശരണം ഗച്ഛാമി.......സദസ്സിൽ നിലയ്ക്കാത്ത കയ്യടി. നടന്മാരുടെ വിജയകരമായ അരങ്ങേറ്റം കാണികളിൽ സൃഷ്ടിച്ച പ്രകമ്പനം വർണനാതീതമായിരുന്നു. തിന്മയുടെ മേൽ നന്മയ്ക്കുണ്ടായ വിജയം! അപ്പോഴേക്കും ഇടവേളയായി. ഞാനും കൂട്ടുകാരനും പുറത്തിറങ്ങി തിരിച്ചെത്തിയപ്പോൾ നാടകമാരംഭിക്കുവാൻ ഏതാനും നിമിഷങ്ങൾ ബാക്കി. അതുകൊണ്ടു ബുദ്ധനെ അടുത്തൊന്നു കാണാൻ വേണ്ടി വരാന്തയിൽ സജ്ജമാക്കിയിരുന്ന വളപ്പിലേക്കു ചെന്നു. പക്ഷേ അവിടെക്കണ്ട കാഴ്ച എന്നെ വല്ലാതെ നടുക്കി. ബുദ്ധഭഗവാൻ ഒരു ചെറുബീഡി പുകച്ചുകൊണ്ട് ശിഷ്യന്മാരിൽ ഒരുവനോടു അസഭ്യം പുലമ്പുകയാണ്. എന്തൊരു വൈരുദ്ധ്യം. തിരികെ വന്ന് സീറ്റിലിരുന്നപ്പോൾ എന്തോ നഷ്ടപ്പെട്ടതുപോലെ. നാടകം തീരുന്നതുവരെ ഞാൻ അവിടെത്തന്നെയുണ്ടായിരുന്നു. പക്ഷേ എന്താണു സംഭവിച്ചതെന്ന് ഓർക്കുന്നതേയില്ല. പരാജിതനായ ദൈവത്തെ മുഖാമുഖം കണ്ടതുകൊണ്ടാവാം ഒന്നും മനസ്സിൽ തങ്ങാതെയിരുന്നത്. എന്നാൽ ഒരു സത്യം മനസ്സിൽ പതിഞ്ഞുകഴിഞ്ഞിരുന്നു. സ്റ്റേജിലും പ്രസംഗപീഠത്തിലും കണ്ടുമുട്ടുന്ന പലർക്കും യഥാർത്ഥജീവിതത്തിൽ മറ്റൊരു മുഖമാണുണ്ടാവുക. പിൽക്കാലത്ത് പട്ടക്കാരെയും ബിഷപ്പുമാരെയും ഒരു പരിധി വരെയെങ്കിലും മനസ്സിലാക്കുവാൻ കഴിഞ്ഞത് ഈ അനുഭവജ്ഞാനം നേടിയതു കൊണ്ടാവാം.

രണ്ടാമത്തെ സംഭവം നടക്കുന്നത് 1953-ൽ തെങ്കാശിയ്ക്കടുത്തുള്ള ഒരു കൊച്ചു ഗ്രാമത്തിലാണ്. താംബരത്തെ മദ്രാസ് ക്രിസ്ത്യൻ കോളജിൽ ഞാനൊരു വിദ്യാർത്ഥി. തെങ്കാശിയ്ക്കടുത്തുള്ള ഒരു ഗ്രാമത്തിൽ നിന്നെത്തിയ നടേശൻ എന്ന വിദ്യാർത്ഥിയായിരുന്നു എന്റെ ചങ്ങാതി. നിഷ്കളങ്കൻ, ഒരു ജാടയുമില്ലാത്തവൻ. ക്രിസ്മസിനു കോളജ് അടച്ചപ്പോൾ അവനോടൊപ്പം ചേരണമെന്നും ഗ്രാമം സന്ദർശിച്ചശേഷം പുനലൂർ വഴി എനിക്കു കേരളത്തിലേക്കു മടങ്ങാമെന്നും അവൻ നിർദ്ദേശിച്ചു. ഞാനതു സ്വീകരിക്കുകയും ചെയ്തു.

സാമാന്യം സാമ്പത്തികശേഷിയുള്ള ഒരു കച്ചവടക്കാരനായിരുന്നു നടേശന്റെ അച്ഛൻ. സ്വന്തം കാളവണ്ടിയിൽ പട്ടണത്തിൽ നിന്ന് ചരക്കെടുത്തു ഗ്രാമത്തിൽ കൊണ്ടുപോയി വില്പന നടത്തുന്ന ചെറുകിടവ്യാപാരിയായിട്ടാണ് അയാൾ ജീവിതമാരംഭിച്ചത്. പിൽക്കാലത്തു കച്ചവടം അഭിവൃദ്ധിപ്പെടുകയും അറിയപ്പെടുന്ന ഒരു മൊത്തവ്യാപാരിയായി അയാൾ വളരുകയും ചെയ്തു.

ശാലീനസുന്ദരമായ ആ ഗ്രാമം എന്നെ വളരെയാകർഷിച്ചു. നടേശന്റെ വീടും കൃഷിസ്ഥലങ്ങളും കുളങ്ങളും അവിടവിടെ തലപൊക്കി നിന്ന മൊട്ടക്കുന്നുകളും കണ്ണിനു കുളിർമയേകി. ഞാൻ നിന്നെ ഒരു കാഴ്ച കാണിക്കാമെന്നു പറഞ്ഞു നടേശൻ എന്നെ അടുത്ത പുരയിടത്തിലേക്കു കൊണ്ടുപോയി. ഏകദേശം ഒരേക്കർ സ്ഥലം വേലി കെട്ടി വേർതിരിച്ചിരിക്കുന്നു. വളരെ പ്രായം തോന്നിക്കുന്ന രണ്ടു കാളകൾ അവിടെ മേഞ്ഞു നടക്കുന്നു. തീറ്റപ്പുല്ലു വളർത്തുവാൻ മതിൽ കെട്ടി വേർതിരിച്ച അരയേക്കർ ഭൂമിയും, ഒരു കുളവും, ഒരു തൊഴുത്തും അതിനകത്തുണ്ടായിരുന്നു.

അപ്പോഴാണ് നടേശൻ കഥയുടെ ചുരുളഴിച്ചത്. ആ കാളകളും തന്റെ പിതാവും കൂട്ടായി പ്രയത്നിച്ചതിന്റെ ഫലമാണ് തങ്ങളനുഭവിക്കുന്നത്. നിലമുഴുവാനും വണ്ടി വലിക്കുവാനും വളം നൽകുവാനും കാളകളുടെ സേവനം ആവശ്യമായിരുന്നു. പ്രായംചെന്നപ്പോൾ വണ്ടി വലിക്കുവാനുള്ള കെല്പ് നഷ്ടപ്പെട്ടതിനാൽ അറവുശാലക്കാരന് അവയെ വിൽക്കാൻ കൂട്ടുകാർ ഉപദേശിച്ചു. പക്ഷേ നടേശന്റെ പിതാവിന് അതു സമ്മതമല്ലായിരുന്നു. ജീവിതകാലം മുഴുവൻ തനിക്കുവേണ്ടി പണിയെടുത്ത ആ മിണ്ടാപ്രാണികൾക്കും വേണ്ടേ ഒരു വിശ്രമജീവിതം? അതുകൊണ്ട്, തൊട്ടടുത്ത പുരയിടം അയാൾ വിലയ്ക്കു വാങ്ങി, വയസ്സൻ കാളകൾക്ക് സ്വതന്ത്രമായി ജീവിക്കുവാൻ ഏർപ്പെടുത്തിയ സംവിധാനമാണ് ഞാൻ ആദ്യം കണ്ട കാഴ്ച.

ജന്തുജീവനെപ്പറ്റിയും പരിസ്ഥിതിയെപ്പറ്റിയുമൊക്കെ ധാരാളം പ്രസംഗങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ ഇത്ര ഉദാത്തമായ ഒരു സാക്ഷ്യം അന്നാണ് ഞാനാദ്യമായി കേട്ടത്. 'എന്റെ അച്ഛൻ ഒരു നല്ല മനുഷ്യനാണ്, അരക്കിറുക്കനും' എന്ന് നടേശൻ പറഞ്ഞപ്പോൾ ഞാനവന്റെ ചുണ്ടിൽ വിരലമർത്തി. ●

# വാർദ്ധക്യം കുതിപ്പും കിതപ്പും

(തുടർച്ച)

പ്രൊഫ. സി. മാമച്ചൻ, മാർത്തോമാ കോളജ്, തിരുവല്ല

ജീവിതസായാഹ്നത്തെ ആഹ്ലാദപ്രദമാക്കാൻ സൗഹൃദങ്ങളുടെ സ്വാധീനം, ബന്ധങ്ങളുടെ ഊഷ്മളത, അന്യോന്യം ഊന്നുവടിയാകാനുള്ള ഭാര്യാഭർത്താക്കന്മാരുടെ സമർപ്പണം, വായനയും പഠനവും, സർഗാത്മകതയുടെ പോഷണം എന്നിവ എത്രത്തോളം പ്രയോജനപ്രദമാണെന്ന് മുൻലക്കങ്ങളിൽ പ്രതിപാദിക്കുകയുണ്ടായി. മറ്റു ചില പ്രധാന സംഗതികൾ കൂടി സൂചിപ്പിക്കട്ടെ.

അന്യനെ കണ്ടുമുട്ടുന്നതിൽ ആഹ്ലാദം കണ്ടെത്തുന്ന ഏതൊരാളും നിരന്തരം അറിവു നേടിക്കൊണ്ടേയിരിക്കും. കൂടിക്കാഴ്ചയ്ക്കു വിസമ്മതിക്കുന്നവരും അതിൽ നിന്ന് ഒഴിഞ്ഞുമാറുന്നവരും വെളിച്ചത്തിനു പുറംതിരിഞ്ഞു നിൽക്കുന്നവരാണ്. അഭ്യൂഹങ്ങളുടെ അഗാധതയിൽ നിന്ന് ഇത്തരക്കാരെ കരകയറ്റുക പ്രയാസമാണ്. സഞ്ചാരത്തിലൂടെയും സന്ദർശനത്തിലൂടെയും ലഭിക്കുന്ന അറിവുകളിലൂടെ വയോജനങ്ങളിൽ ശാരീരികവും മാനസികവുമായ കഴിവുകൾ നിലനിർത്താവുന്നതാണ്. 'സഞ്ചാരം' എന്നു കേൾക്കുമ്പോൾ, അടുത്ത വീട്/കവല/ഗ്രാമം/ആരാധന സ്ഥലം എന്നിവിടങ്ങളിലേക്കുള്ള യാത്രകൾ തുടങ്ങി വിനോദസഞ്ചാരവും ദേശാന്തരഗമനവും വരെ അതിൽ ഉൾപ്പെടുത്താവുന്നതാണ്. അകലങ്ങളിലേക്ക് വിനോദസഞ്ചാരാർത്ഥം പോകാൻ കരുത്തും വിഭവങ്ങളുമുള്ളവർ അതിൽ നിന്ന് ഒഴിഞ്ഞുനിൽക്കരുത്. ചെറുതും വലതുമായ എല്ലാ യാത്രകളിലൂടെയും ലഭിക്കുന്ന ശാരീരികായാസം, ആത്മവിശ്വാസം, പുത്തൻ അറിവുകൾ എന്നിവ വയോജനങ്ങളെ ശക്തീകരിക്കും.

ഒരു പ്രദേശത്തുള്ള വയോജനങ്ങൾ ദിവസവും ഒരുമിച്ചുകൂടുന്ന രീതി നിലവിലുണ്ട്. എല്ലാ ദിവസവും ഏതെങ്കിലും പ്രത്യേക സ്ഥലത്ത് ഒത്തുചേരുകയും കുശലപ്രശ്നങ്ങൾക്കുശേഷം നാട്ടുവർത്തമാനങ്ങളും സഭാകാര്യങ്ങളും മറ്റും ചർച്ച ചെയ്തു നടന്നുനീങ്ങുന്ന സംഘങ്ങൾ ഇന്ന് നമ്മുടെ നാട്ടിൽ ധാരാളം. ഡോക്ടറുടെ നിർദ്ദേശപ്രകാരം ധൃതിയിൽ നടക്കുന്ന മധ്യവയസ്കരുടെ സംഘങ്ങളും, അലസമായി സാവധാനം നടക്കുന്ന വൃദ്ധജനസംഘങ്ങളും സാധാരണമാണ്. അറിവുകളാൽ 'കാലോചിതർ' ആകുന്നതിനൊപ്പം, കൂട്ടായ്മയുടെ ഹൃദ്യതയും കൈവരുന്നതോടെ അവർ ഊർജ്ജസ്വലത കൈവരിക്കുന്നു. നാട്ടറിവുകളുമായി നാടിനൊപ്പം താനുമുണ്ടെന്ന ബോധമാണ് ആത്മവിശ്വാസത്തിന്റെ അടിസ്ഥാനം. മുൻകൂട്ടി നിശ്ചയിച്ച പൊതുസ്ഥലത്തോ വഴിവക്കിലോ സ്ഥാപനങ്ങളുടെ ഗ്രൗണ്ടിലോ ഒത്തുകൂടുന്ന വയോജനങ്ങൾ ഇരുന്നും നിന്നും നടന്നും വൈവിധ്യമുള്ള വിഷയങ്ങൾ സംഭാഷിക്കുന്നതിലൂടെ ശാരീരികവും മാനസികവുമായ പുതുക്കം പ്രാപിക്കുന്നു. തന്റെ പ്രസക്തി അംഗീകരിക്കുന്നവരുടെ മധ്യത്തിലാണ് താനെന്ന അറിവ് ഓരോരുത്തർക്കും കരുത്തേകുന്നു. തിരുത്താനും തിരുത്തപ്പെടാനുമുള്ള മനസ്സ് ഇക്കൂട്ടരിൽ പ്രകടമാണ്.

മുതിർന്ന തലമുറ രാവിലെയോ വൈകിട്ടോ സംഘമായി ഇത്തരം ചെറിയ യാത്രയ്ക്കു തയാറാകുന്നതിലൂടെ പുത്തൻ തലമുറയുടെ ബന്ധങ്ങളെ ദൃഢീകരിക്കാവുന്നതാണ്. നടപ്പിനിടയിൽ സംഘാംഗങ്ങളിൽ രോഗികളായവരെ സന്ദർശിക്കുക, നിർദ്ദേശങ്ങളിലൂടെയും പ്രാർത്ഥനയിലൂടെയും ദുഃഖിതർക്കു ആശ്വാസം പകരുക, ആഘോഷങ്ങളുള്ള വീടുകളിൽ നടത്തത്തിനിടയിൽ കയറിച്ചെന്ന് അവരുടെ സന്തോഷത്തിൽ പങ്കാളികളാകുക എന്നിവയൊക്കെ ചെയ്യാവുന്നതാണ്. മനുഷ്യനിൽ സാമൂഹ്യപരതയുടെ ഇത്തരം ഉറവക്കണ്ണികൾ അടഞ്ഞുപോകുന്നതാണ് വാർദ്ധക്യത്തിലെ വിരസതയ്ക്കും മനംമടുപ്പിനും കാരണം. സഞ്ചാരവും സന്ദർശനവും സംഭാഷണവും സംവാദവും കൊണ്ട് വാർദ്ധക്യത്തിലെ കിതപ്പകറ്റിയ രണ്ടു വ്യക്തികളെ പരിചയപ്പെടുത്താം.

സൈനികസേവനത്തിനിടയിൽ ഇരുപത്തെട്ടാമത്തെ വയസ്സിൽ വലതുകാൽ നഷ്ടപ്പെട്ടയൊരാൾ. വയസ്സ് 85. കൃത്രിമക്കാലുമായി ലൈൻ ബസുകളിൽ ദീർഘദൂരം യാത്ര ചെയ്ത് ബന്ധുക്കളെയും പരിചയക്കാരെയും രോഗികളെയും സന്ദർശിക്കുന്ന മുളങ്കാട്ടിലെ ബേബിച്ചായൻ ഒരു വൃദ്ധസദനത്തിലെ അന്തേവാസി കൂടിയാണെന്നറിയുമ്പോൾ നാം അത്ഭുതപ്പെട്ടു പോകും. മറ്റുള്ളവരെ എങ്ങനെ ആശ്വസിപ്പിക്കാമെന്ന ചിന്തയ്ക്കിടയിൽ സ്വന്തം അംഗവൈകല്യങ്ങളും ബലഹീനതകളും അദ്ദേഹം മറക്കുന്നു. ആവശ്യങ്ങളുടെയും ഭാരങ്ങളുടെയും മദ്ധ്യത്തിൽ സുഹൃത്തുക്കൾ അദ്ദേഹത്തിന്റെ സാന്നിധ്യം തേടുന്നു. താനിപ്പോഴും മറ്റുള്ളവർക്കു പ്രയോജനപ്പെടുന്നുവെന്ന അറിവും അങ്ങനെ ചെയ്യുമ്പോൾ ലഭിക്കന്ന സംതൃപ്തിയും ലൈൻ ബസിൽ കയറി യാത്ര ചെയ്യുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നു. ഒരിക്കൽ കണ്ടുമുട്ടിയാൽ പിന്നീടൊരിക്കലും മറക്കാത്ത ശക്തമായ ഓർമ അദ്ദേഹത്തിന്റെ കൈമുതലാണ്. രൂപം, ഭാവം, പ്രവൃത്തി ഇവകളുടെ പ്രത്യേകതകളാൽ അദ്ദേഹത്തെയും ആരും മറക്കില്ല.

സി. എം. എസ്. കോളജിൽ നിന്നു വിരമിച്ച് മാങ്ങാനം മന്ദിരത്തിൽ വിശ്രമജീവിതം നയിച്ച ജോയിസാർ. ഹൃദ്രോഗിയായ അദ്ദേഹത്തിന് നടക്കാൻ വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു. സോർബിട്രേറ്റ് ഗുളിക രണ്ടെണ്ണം നാക്കിനടിയിലിട്ടുകൊണ്ട് കുളിക്കാൻ കയറുന്ന അദ്ദേഹം എല്ലാ ദിവസവും വൈകിട്ട് മന്ദിരം ആശുപത്രിയിലെത്തി രോഗികളെ സന്ദർശിക്കുമായിരുന്നു. രോഗികളെ മുറിയിൽ ചെന്നുകണ്ട് തമാശ പറയുന്നത് അദ്ദേഹത്തിന്റെ നിഷ്ഠയായിരുന്നു. നടന്നുകയറാൻ തീരെ ബുദ്ധിമുട്ടുള്ള അവസരങ്ങളിൽ ഓട്ടോറിക്ഷയിലാണ് രോഗികളെ കാണാൻ വരുന്നത്. നിർബന്ധിച്ചാൽ തന്റെ രോഗവിവരം പറയുമെന്നല്ലാതെ രോഗികളുടെ മുമ്പിൽ ഒരിക്കലും ആലസ്യമോ ക്ഷീണമോ വാടിയ മുഖം പോലുമോ കാണിക്കില്ല. മന്ദിരം ആശുപത്രിക്കൊരു പൂന്തോട്ടം ക്രമീകരിക്കുന്നതിന്റെ പിന്നിലെ ഭാവന, സമ്പത്ത്, സമയം, സാന്നിധ്യം ഇവ ജോയി സാറിന്റേതായിരുന്നു. തമാശകളിലും പൂക്കളിലും ദൈവമഹത്വം കണ്ട് ആശ്വസിക്കയും ആനന്ദിക്കുകയും ചെയ്യുമ്പോൾ രോഗത്തിന് ആരെയും കീഴടക്കാനാവില്ലെന്നു അദ്ദേഹം വിശ്വസിച്ചു. സുഹൃത്തുക്കളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സമസ്താവശ്യങ്ങളിലും തന്റെ സാന്നിധ്യമുണ്ടാകണമെന്നത് അദ്ദേഹത്തിനു നിർബന്ധമായിരുന്നു. വ്യക്തിപരമായ ആവശ്യങ്ങളിൽ വളരെ പിശുക്കു കാണിക്കുന്ന അദ്ദേഹം അന്യരുടെ കാര്യത്തിൽ ഉദാരമതിയായിരുന്നു. പ്രതികൂലങ്ങളുടെയും രോഗങ്ങളുടെയും ഏകാന്തതയുടെയും നടുവിൽ അദ്ദേഹം അനുഭവിച്ച സംതൃപ്തി വർണനാതീതമാണ്.

മുൻപറഞ്ഞവരാരും അതുല്യപ്രതിഭകളോ സമ്പന്നന്മാരോ ആയിരുന്നില്ല. കുമാരനാശാന്റെ വാക്കുകളിൽ, "അന്യജീവനുതകി സ്വജീവിതം ധന്യമാക്കും അമലേ വിവേകികൾ."

വിവേകത്തോടെ പെരുമാറാനുള്ള സാഹചര്യം ഏതു പ്രായത്തിലും കൈവരിക്കാവുന്നതാണ്. ***പുതിയ കാഴ്ചകൾ കണ്ണു തുറന്നു കാണാനും അന്യനു നേരെ തുറന്ന കാതോടെ അല്പസമയം ഇരിക്കാനുമുള്ള മനസ്സും, ജീവിതം സുഖദുഃഖസമ്മിശ്രമാണെന്ന തിരിച്ചറിവുമുണ്ടെങ്കിൽ വാർദ്ധക്യത്തിന്റെ കിതപ്പുകളെ കുതിപ്പുകളാക്കി മാറ്റാൻ കഴിയും.***

# ക്രൈസ്തവസ്നേഹത്തിന് അംഗീകാരം



ഡോ. ജോസ് പാറക്കടവിൽ,
പ്രിൻസിപ്പൽ, ബി.എ.എം. കോളജ്, തുരുത്തിക്കാട്

ക്രൈസ്തവരെ നിരന്തരം വിമർശിക്കയും പരിഹസിക്കയും ചെയ്തുപോരുന്ന വിശ്വഹിന്ദുപരിഷത്തിന്റെ നേതാക്കൾ ഒടുവിൽ ഒരു സത്യം അംഗീകരിച്ചു. ***"ആദിവാസി മേഖലകളിൽ ക്രൈസ്തവ മിഷനറിമാർ നൽകുന്ന നല്ല സേവനങ്ങളാണ് ക്രിസ്തുമതം സ്വീകരിക്കുവാൻ ആദിവാസികളെ പ്രേരിപ്പിക്കുന്നത്".*** വിശ്വഹിന്ദു പരിഷത്ത് ജോയിന്റ് സെക്രട്ടറി ശ്യാം ഗുപ്ത പൂനെയിൽ പ്രസ്താവിച്ചതാണിത്. വിശ്വഹിന്ദുപരിഷത്തിന്റെ ഗവേണിംഗ് കൗൺസിൽ തീരുമാനങ്ങൾ പത്രലേഖകരോടു വിശദീകരിക്കുമ്പോഴാണ് ഈ സത്യം അദ്ദേഹം തുറന്നു പറഞ്ഞത്. ആദിവാസികളായ സഹോദരങ്ങളെ തങ്ങൾ ദീർഘകാലമായി അവഗണിക്കയായിരുന്നുവെന്നും അദ്ദേഹം ഏറ്റുപറഞ്ഞതായി പത്രം റിപ്പോർട്ടു ചെയ്യുന്നു. വിദ്യാഭ്യാസം, വൈദ്യശുശ്രൂഷ എന്നീ മേഖലകളിലൂടെ മിഷനറിമാർ ആദിവാസികൾക്കു നൽകിയ സേവനം ക്രിസ്തുമതത്തെ പുൽകുവാൻ അവരെ പ്രേരിപ്പിച്ചത് സ്വാഭാവികമാണെന്ന് അദ്ദേഹം പറഞ്ഞു.

'നിർബന്ധിച്ചും പ്രലോഭിപ്പിച്ചും' ക്രൈസ്തവർ മതപരിവർത്തനം നടത്തുന്നുവെന്നു കുറ്റപ്പെടുത്തുകയും അതു തടയുവാൻ നിയമനിർമാണം നടത്തുകയും ചെയ്യുന്നവരുടെ നാട്ടിൽ ഈ ഏറ്റുപറച്ചിൽ വളരെ ശ്രദ്ധേയമാണ്. അറിവിന്റെ വെളിച്ചം ലഭിച്ചിട്ടില്ലാത്തവർക്കു സഹായഹസ്തവുമായി എത്തുന്നവരെ ആർക്കാണ് തടയാനാവുക? ക്രിസ്തീയ മിഷനറിമാർ ഏറെക്കാലമായി ലോകത്തിന്റെ പല ഭാഗങ്ങളിലും, അതോടൊപ്പം ഇന്ത്യയിലും പ്രവർത്തിച്ചു പോരുന്നത് ഈ അടിസ്ഥാനത്തിലാണ്. ക്രിസ്തീയസ്നേഹം പകർന്നുകൊടുക്കുകയെന്നതിലായിരുന്നു അവരുടെ ശ്രദ്ധ.

ഭാരതത്തിലെത്തിയ വിദേശ മിഷനറിമാർ നാട്ടുഭാഷകളുടെ വളർച്ചയ്ക്കുവേണ്ടി നടത്തിയ പരിശ്രമങ്ങളെ ആർക്കെങ്കിലും തള്ളിപ്പറയുവാനാകുമോ? മിക്ക ഭാരതീയ ഭാഷകൾക്കും അടിസ്ഥാനഗ്രന്ഥങ്ങളായ വ്യാകരണപുസ്തകങ്ങളും നിഘണ്ടുകളും ഉണ്ടായത് മിഷനറിമാരുടെ കഠിനപരിശ്രമത്തിലൂടെയാണ്. ഇത്തരം യത്നങ്ങളിൽ മിഷനറിമാരുടെ കൂട്ടാളികളായി പ്രവർത്തിച്ച പല നാട്ടുകാരും സ്വമേധയാ ക്രിസ്തുമതം സ്വീകരിച്ചിട്ടുണ്ട്, പണ്ഡിതരും മേൽജാതിക്കാരും ആയിരുന്നിട്ടും. ഈ നാടിന്റെ ഭാഷയോടും സംസ്കാരത്തോടും മിഷനറിമാർ പ്രദർശിപ്പിച്ച സ്നേഹവും അവരുടെ നിസ്വാർത്ഥമായ പ്രയത്നവും അത്രയേറെ ആകർഷകമായിരുന്നു. ഇതൊന്നും ആർക്കും നിഷേധിക്കാനാവുന്നതല്ല. എന്നാൽ അടുത്ത കാലത്ത് 'മിഷനറി'മാരിൽ വന്ന മാറ്റങ്ങൾ ഇങ്ങനെ ആദരം നേടാൻ സഹായിക്കുന്നതല്ല. സമൂഹത്തെ ഉദ്ധരിക്കുകയെന്ന പരമലക്ഷ്യത്തിന്റെ സ്ഥാനത്ത് മതപരിവർത്തനമെന്ന ലക്ഷ്യത്തെ പ്രതിഷ്ഠിക്കുക, ക്രൈസ്തവസ്നേഹം അതിന്റെ ലളിതവും ത്യാഗപൂർണവുമായ ശൈലിയിൽ പകരേണ്ടതിനുപകരം വിദേശഫണ്ടുകളുപയോഗിച്ച് ധനത്തിന്റെ ധാരാളിത്തവും പ്രമത്തതയും പ്രദർശിപ്പിക്കുക, സേവനമേഖലകളെ ലാഭകേന്ദ്രങ്ങളാക്കി വികസിപ്പിക്കുക, ഇവയൊക്കെ മിഷനറിമാരുടെയിടയിൽ പുതുതായി പ്രത്യക്ഷപ്പെട്ട സ്വഭാവങ്ങളാണ്.

കഴിഞ്ഞ നൂറ്റാണ്ടുകളിൽ അധഃസ്ഥിതരുടെയിടയിൽ പ്രവർത്തിച്ച മിഷനറിമാർ എതിർപ്പുകളെ പർവതീകരിച്ചു കാണുന്നവരായിരുന്നില്ല. കേരളത്തിൽത്തന്നെ അവർണർക്കായി മിഷനറിമാർ സ്കൂളുകൾ തുറന്നപ്പോൾ പ്രതിഷേധങ്ങളുയർന്നിട്ടുണ്ട്. വിദ്യാലയങ്ങൾ കത്തിച്ചുകളഞ്ഞ സംഭവങ്ങളുണ്ട്. എന്നാൽ, പ്രകോപിതരാകാതെയും പിന്മാറാതെയും മിഷനറിമാർ അവരുടെ സേവനങ്ങൾ തുടർന്നുപോന്നതുകൊണ്ടാണ് അടിച്ചമർത്തപ്പെട്ടിരുന്നവർ വിമോചിതരായി പുരോഗതിയുടെ നാട്ടുവഴികളിൽ സഞ്ചരിച്ചുതുടങ്ങിയത്.

പക്ഷേ, ഇന്നു 'മിഷനറി'മാർ എത്ര പെട്ടെന്നാണ് പ്രകോപിതരാകുന്നത്! സമരമാർഗങ്ങൾ സ്വീകരിക്കുവാനും അവർക്കു മടിയില്ല. തമിഴ്നാട്ടിൽ മതപരിവർത്തനനിരോധനനിയമം കൊണ്ടുവന്നപ്പോൾ പ്രതിഷേധം പ്രകടിപ്പിക്കുവാനായി ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങൾ അടച്ചിടുകയുണ്ടായി. വിദ്യാലയങ്ങളും ആശുപത്രികളും അനിശ്ചിതമായി പൂട്ടിയിട്ടുകളയുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ഇത്തരം നീക്കങ്ങൾ സർക്കാരിന് പകപോക്കലിനുള്ള അവസരങ്ങളുണ്ടാക്കുകയും ചെയ്തു.

***ക്രൈസ്തവരുടെ വിദ്യാഭ്യാസ-വൈദ്യശുശ്രൂഷാസ്ഥാപനങ്ങൾ സേവനം അഭംഗുരമായി നൽകുവാനുള്ളതാണ്. അച്ചടക്കത്തിന്റെയും ശിക്ഷണത്തിന്റെയും രാജ്യസ്നേഹത്തിന്റെയും മാതൃകകൾ പ്രദർശിപ്പിക്കുവാനുള്ളതാണ്, സമരായുധങ്ങളായി ഉപയോഗിക്കുവാനുള്ളതല്ല.*** "ക്രൈസ്തവം" എന്ന വിശേഷണം ധരിക്കുന്നവർ അതു വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യാത്ത പക്ഷം ലോകത്തിന് എതിർസാക്ഷ്യമായിരിക്കും നൽകുക. അതു കൂടുതൽ എതിർപ്പുകൾ ക്ഷണിച്ചുവരുത്തുകയേയുള്ളൂ.

## ക്യാമറ വിഴുങ്ങുക; ഓപ്പറേഷൻ ഒഴിവാക്കുക

ചെറുകുടലിലെ അസുഖങ്ങൾ കണ്ടുപിടിക്കാൻ ഡോക്ടർമാർക്ക് ഇനി എളുപ്പം! ആമാശയത്തിനും വൻകുടലിനും ഇടയ്ക്കുള്ള 22 അടി നീളം ചെറുകുടലിനെ 'ബ്ലാക്ക് ബോക്സ്' എന്നാണ് വിളിക്കുന്നത്. കാരണം, അവിടെയുള്ള ചില അസുഖങ്ങൾ കണ്ടുപിടിക്കാൻ അനേകം ടെസ്റ്റുകൾ നടത്തേണ്ടിവരുന്നു. ഇതിനു പരിഹാരമാണ് ക്യാപ്സൂൾ എൻഡോസ്കോപ്പി എന്ന ചെറിയ ഡിസ്പോസബൾ ക്യാമറ കണ്ടുപിടിച്ചത്. ഇസ്രായേലിലെ ഗിവൺ ഇമേജിംഗ് കമ്പനിയാണ് ഈ പുതിയ കണ്ടുപിടുത്തത്തിന്റെ അവകാശികൾ. ഇപ്പോൾ അമേരിക്കയിൽ ഈ പരിശോധനയ്ക്ക് 70,000 രൂപ ചെലവുവരും.

ഒരു വിറ്റമിൻ ക്യാപ്സൂൾ ഗുളികയുടെ വലിപ്പമുള്ള ഈ പ്ലാസ്റ്റിക് ഗുളിക വിഴുങ്ങുക മാത്രം ചെയ്യുക. ഇതിനുള്ളിൽ ബാറ്ററി, റിക്കാർഡിംഗ് ക്യാമറ തുടങ്ങിയവയുണ്ടായിരിക്കും. 24 മണിക്കൂർ വയറ്റിനുള്ളിലായിരിക്കുമ്പോൾ രോഗികൾക്ക് സാധാരണപോലെ ഭക്ഷണം കഴിക്കാം. കുടലിന്റെ ചിത്രങ്ങളുംമറ്റും വെളിയിലുള്ള പ്രത്യേക ക്രമീകരണത്തിൽ ലഭിക്കും. അതിനുശേഷം വിസർജ്യത്തോടൊപ്പം ഗുളിക പുറത്തേക്കു പൊയ്ക്കൊള്ളും.

# ദൈവികതയും വർഗീയതയും ആധുനികഭാരതത്തിൽ

(തുടർച്ച)

ഡോ. അന്നമ്മ ജോർജ്, ഇരവിപേരൂർ

## ഇന്ത്യ എന്ന മഹാരാജ്യം

കന്യാകുമാരി മുതൽ കശ്മീർ വരെയുള്ള വിസ്തൃമായ ഉപഭൂഖണ്ഡത്തെ ഒന്നാക്കിയത് കോളനിവാഴ്ചക്കാരാണ്. സഹസ്രാബ്ദങ്ങളായി ഇവിടെ ധാരാളം കുടിയേറ്റങ്ങളും വാണിജ്യപ്രക്രിയകളും നടന്നിരുന്നു. ചരിത്രകാരന്മാർ ഒരു സിന്ധു നദീതടസംസ്കാരമുണ്ടായിരുന്നതായി പറയുന്നു. അതായത്, മദ്ധ്യപൂർവേഷ്യയിൽ നിന്നു ജനസഞ്ചയങ്ങൾ അന്യദേശവ്യാപനം നടത്തി. സിന്ധുനദി ഈ ഉപഭൂഖണ്ഡത്തിന്റെ ഒരു അതിർരേഖയായിരുന്നു. അവിടെ ആദ്യകുടിയേറ്റക്കാരെ ദ്രാവിഡരായി വിവരിക്കുന്നു. അവരുടെ മതാത്മകത, പ്രകൃതിശക്തികളെ ആരാധിക്കുന്നതായിരുന്നു. പുറകെ ആര്യന്മാരുടെ നീക്കം സംഭവിച്ചു. ഹിറ്റ്ലർ നാസിസം ഉറപ്പാക്കാൻ ആര്യവംശീയതയാണ് ആംഗ്ലോ - സാക്സൻ സംസ്കാരത്തിനെതിരായി സമർത്ഥിച്ചത്. ആര്യന്മാരിൽ ഒരു കൂട്ടർ യൂറോപ്പിലേക്കു നീങ്ങിയപ്പോൾ മറ്റൊരു കൂട്ടർ കിഴക്കോട്ടു നീങ്ങി. ഹിമാലയത്തിലെ കൈബർ ഇടനാഴിയിൽ കൂടി സിന്ധുനദീതടത്തിൽ പ്രവേശിച്ച് ദ്രാവിഡരെ അവിടെ നിന്ന് തെക്കോട്ടു പായിച്ച് വിന്ധ്യപർവതനിരകൾക്കപ്പുറം എത്തിച്ചുവെന്നാണ് ചരിത്രകാരന്മാരുടെ നിഗമനം. ആര്യന്മാർ യുദ്ധപ്രിയരും ബുദ്ധിമാന്മാരുമായിരുന്നു. അവർ ക്രമേണ സിന്ധു-ഗംഗാ സമതലം കയ്യടക്കി. അവരിവിടെ നൂറ്റാണ്ടുകൾ കൊണ്ടു കെട്ടുപണി ചെയ്തതാണ് വേദാസ്പദമതസംഹിത. ഈ വേദാസ്പദഗ്രന്ഥങ്ങളിലൊന്നും ഹിന്ദുത്വമെന്നോ ഹിന്ദുമതമെന്നോ കാണാനില്ല.

ഈ മതത്തെ സനാതനധർമമെന്നു വിശേഷിപ്പിക്കാറുണ്ടെങ്കിലും ഉപനിഷത്തുകളിൽ കൂടിയാണ് അത് ഉരുത്തിരിഞ്ഞത്. ഋഗ്വേദത്തിലെ മതാത്മകത ലളിതവും ഉന്നതവുമാണ്. സാമവേദം, യജൂർവേദം, അധർവവേദം എന്നീ വേദങ്ങളിൽ കൂടി യാഗങ്ങൾക്കും ആചാരങ്ങൾക്കും കൂടുതൽ ശക്തിയാർജ്ജിച്ചു. സമൂഹഘടന നാലു വർണങ്ങളിലായി പരിമിതപ്പെട്ടു. ഈ ചതുർവർണസമൂഹഘടനയിൽ തദ്ദേശവാസികൾ ഉൾപ്പെട്ടില്ല. അവരെ അവർണരും അസ്പൃശ്യരുമായി വേർതിരിച്ചു ഇവരിൽ കുറെപ്പേർ ചതുർവർണസമൂഹത്തിന്റെ ദാസ്യവൃത്തി സ്വീകരിച്ചപ്പോൾ മറ്റുള്ളവർ വനാന്തരങ്ങളിലേക്കു കുടിയേറി. കാലക്രമേണ നാട്ടിൽ ദാസ്യവൃത്തി ചെയ്തവരെ ദളിതരായും ഇതരരെ ആദിവാസികളായും കണക്കാക്കി. ഇക്കാലത്തെ ജനസംഖ്യാകണക്കെടുപ്പിൽ അവരെ വനവാസികളായാണ് മിക്ക സ്ഥലങ്ങളിലും ഉൾപ്പെടുത്തിയത്. ഈ മണ്ണിന്റെ മക്കൾ സഹസ്രാബ്ദങ്ങളായി ഇന്നത്തെ ഇന്ത്യ എന്ന ഉപഭൂഖണ്ഡത്തിൽ ജീവിച്ചവരാണ്.

വേദാസ്പദമതത്തിന്റെ തത്വജ്ഞാനമാണ് ഉപനിഷത്തുകളിൽ വിവരിക്കുന്നത്. 900-600 ബി.സി. കാലയളവിലാണ് അവ രൂപപ്പെട്ടത്. ബ്രഹ്മദാരണ്യക ഉപനിഷത്തിൽ അനേകശതം ദേവന്മാരെപ്പറ്റിയുള്ള പരാമർശം കാണാം. ജീവചക്രം സംസാരമാണ്. പുനർജന്മങ്ങളിൽകൂടി വ്യക്തിയുടെ ആത്മം ആത്യന്തിക യാഥാർത്ഥ്യമായ ബ്രഹ്മത്തിൽ ലയിക്കുന്ന വേദാന്ത സിദ്ധാന്തം വരെ ഭാരതീയചിന്തകളെത്തി.

ബി. സി. 6-ാം നൂറ്റാണ്ടിലാണ് ബുദ്ധമതവും ജയിനമതവും രൂപപ്പെട്ടത്. ബുദ്ധമതം അഫ്ഗാനിസ്ഥാൻ മുതൽ പൂർവേന്ത്യൻ ദ്വീപാന്തരങ്ങൾ വരെ വ്യാപിച്ചു. അറബിനാട്ടിൽ ഇസ്ലാം പ്രചരിച്ചതോടെ അവിടുത്തെ ബുദ്ധമതം അന്യമായെങ്കിലും ബുദ്ധമതപ്രതിഷ്ഠകൾ ഇന്നും അവിടെ കാണാം. ബുദ്ധമതത്തിന്റെ ജന്മദേശമായ ഇന്ത്യയിൽ അതു വളർന്നില്ല. ചതുർവർണസമൂഹത്തിലെ ബ്രാഹ്മണമേധാവിത്വം ചോദ്യം ചെയ്തത് ബുദ്ധമതമാണ്. ബി.സി.മൂന്നാം നൂറ്റാണ്ടിൽ മൗര്യസാമ്രാജ്യം ശക്തമായി. അശോകചക്രവർത്തിയുടെ പിന്തുണയോടുകൂടി ബുദ്ധമതം ദക്ഷിണേഷ്യയിലെ പ്രധാന മതമായി. എങ്കിലും ഇന്ത്യയിൽ ബ്രാഹ്മണമേധാവിത്വമാണ് ശക്തിയാർജ്ജിച്ചത്. ജയിനമതവും ബുദ്ധമതവും ഉയർത്തിയ സാമൂഹ്യ, രാഷ്ട്രീയ വെല്ലുവിളികൾ ഇവിടെ സൃഷ്ടിപരമായ പ്രതികരണങ്ങൾ കാഴ്ചവച്ചു. വേദങ്ങളും ഉപനിഷത്തുകളും ഒരുമിപ്പിച്ച് തത്വജ്ഞാനസംഹിതകൾ രൂപപ്പെട്ടു. എന്നിരുന്നാലും മഹാഭാരതം, രാമായണം എന്നീ വിഖ്യാതമായ ഇതിഹാസങ്ങളാണ് ഹിന്ദുവിശ്വാസികളുടെ ദൈവികതയ്ക്കു നവീനരൂപഭാവങ്ങൾ പകർന്നു നൽകിയത്. അതിലുപരി, ഭഗവദ്ഗീത ഹിന്ദുചിന്തയ്ക്കു മകുടം ചാർത്തി. ഭഗവദ്ഗീതയിൽ നിഷ്കാമ കർമത്തെ ഭക്തിയുടെ പ്രകടനമായി പുകഴ്ത്തുകയും ചെയ്യുന്നു. നൂറ്റാണ്ടുകൾക്കുശേഷം രാമാനുജത്തിന്റെ വിശിഷ്ടാദ്വൈതവാദം ഈശ്വരനും മനുഷ്യനുമായ ബന്ധം വ്യക്തമാക്കാൻ ശ്രമിച്ചു. ക്രമേണ, ഭക്തിപ്രസ്ഥാനം ആരാധനയെ അമ്പലങ്ങളിലും പൂജാരികളിലും ഒതുക്കാതെ ജനമദ്ധ്യത്തിലേക്കാനയിച്ചു.

14-ഉം 15-ഉം നൂറ്റാണ്ടുകളിലായിരുന്നു ഹിന്ദുമതവും ഇസ്ലാമുമായി ഏറ്റുമുട്ടിയത്. തൽഫലമായി ഉരുത്തിരിഞ്ഞതാണ് സിക്കുമതം. കബീറിന്റെ പദ്യങ്ങളിൽ ഹിന്ദുമതത്തിന്റെയും ഇസ്ലാമിന്റെയും ആശയങ്ങൾ മനോഹരമായി സംവേദനം ചെയ്തിരിക്കുന്നു. ഹിന്ദുമതത്തിന്റെ ബഹുദൈവവിശ്വാസവും ബിംബാരാധനയും നിഷേധിച്ച്, ഇസ്ലാമിന്റെ ഏകദൈവവിശ്വാസം സ്വീകരിച്ചു. സൂഫി ആചാരമനുസരിച്ചു ഈശ്വരനാമം ജപിക്കുവാനും ഉപദേശിച്ചു. താന്ത്രികയോഗാഭ്യാസത്തിലെ പദങ്ങൾ ആദ്ധ്യാത്മിക വ്യാപാരത്തിൽ പ്രയോഗിച്ചു. ഹിന്ദുമതത്തിലെ വേദിക് ആരാധനാകർമങ്ങളും ബ്രാഹ്മണമേധാവിത്വവും വർണാശ്രമധർമവും പരിത്യജിച്ചു. കൂടാതെ, കബീർ ധർമശാസ്ത്രത്തിലെ ആചാരാനുഷ്ഠാനങ്ങളും, രാമായണം, മഹാഭാരതം എന്നിവയിലെ പുരാണേതിഹാസാചാരങ്ങളും, വൈഷ്ണവചിന്തകളും സ്വീകരിക്കാൻ കൂട്ടാക്കിയില്ല.

കബീറിന്റെ കൃതികൾ, മഹാകവി ടഗോറിനും രാഷ്ട്രപിതാവായ മഹാത്മഗാന്ധിക്കും ഉത്തേജനം നൽകിയിരുന്നു. മാത്രമല്ല, ഭാരതത്തിലെ ലക്ഷോപിലക്ഷം ഗ്രാമങ്ങളിലെ സാധാരണജനങ്ങളുടെ ആത്മീയത പ്രോത്സാഹിപ്പിക്കുന്നതിനുമുതകി. കർശനമായ ആചാരാനുഷ്ഠാനങ്ങളും ജാതിസ്പർദ്ധ വരുത്തുന്ന വർണാശ്രമഘടനയും അപലപിച്ചു. സർവവ്യാപിയായ ഈശ്വരനെ ധ്യാനിച്ചും മനനം ചെയ്തും മനുഷ്യർ ധീരതയോടെ ജീവിക്കാനാഹ്വാനം ചെയ്തു.

ഇസ്ലാം ആരംഭിച്ചത് ഇന്ത്യയിലല്ലെങ്കിലും അവരുടെ ഏകദൈവവിശ്വാസം ക്രമീകൃതമായ ദിവസേനയുള്ള ആരാധന, കർശനമായ നോമ്പാചാരം, നീതിയും സമത്വവും അടിസ്ഥാനമാക്കിയ സാഹോദര്യം ഇവയെല്ലാം ഇന്ത്യയുടെ മതാത്മകതയ്ക്കു ശക്തിയേകി. സുഫികൾ യോഗാത്മകതയെ വിശാലമാക്കി. മദ്ധ്യനൂറ്റാണ്ടുകളുടെ അവസാനകാലത്ത് ദക്ഷിണേഷ്യയിൽ ഉടലെടുത്ത ഇസ്ലാം ഒരു നല്ല ദേശീയമതമായിത്തീർന്നു.

ക്രിസ്തുമാർഗം ചരിത്രപരമായി അപ്പോസ്തലിക കാലവുമായി ബന്ധപ്പെട്ടിരിക്കുന്നു. യേശുവിന്റെ ശിഷ്യനായ തോമാശ്ലീഹയാണല്ലോ ഇവിടെ ആ മതം കൊണ്ടുവന്നത്. ഇൻഡ്യയിൽ ക്രിസ്തുമതം സ്നേഹത്തിന്റെയും സേവനത്തിന്റെയു മതമായി അറിയപ്പെടുന്നു. ഒട്ടേറെ ദളിതരും ഗോത്രവർഗക്കാരും ക്രിസ്തുമതം സ്വീകരിച്ചു. അതുകൊണ്ട് ഇപ്പോൾ ക്രിസ്ത്യൻ മിഷനറി പ്രവർത്തനോദ്ദേശ്യം

ചോദ്യം ചെയ്യപ്പെട്ടിരിക്കയാണ്.

ഇന്ത്യയിലെ ജനങ്ങളെല്ലാം ഹിന്ദുക്കളാണെന്ന സംഘപരിവാറിന്റെ പ്രഖ്യാപനം അംഗീകരിക്കാൻ മുസ്ലിമുകളും ക്രിസ്ത്യാനികളും തയാറല്ല. അതുകൊണ്ട് അവരോടു ശത്രുത പുലർത്താനും അകറ്റാനുമുള്ള പ്രയത്നങ്ങളും നടക്കുന്നു. പണ്ട് അസ്പൃശ്യരായിരുന്ന ദളിതരെ, ജനസംഖ്യാരേഖകളിൽ ഹിന്ദുക്കളായാണ് കണക്കാക്കിയിരിക്കുന്നത്. അവരുടേതായ സംസ്കാരവും വിശ്വാസാചാരങ്ങളും അനുഷ്ഠിക്കാനുള്ള സ്വാതന്ത്ര്യം എടുത്തുകളയുന്നത് ദേശസ്നേഹമല്ല. പ്രത്യുത, അധാർമികമാണ്; മനുഷ്യാവകാശലംഘനമാണ്. മതംമാറ്റത്തിനെതിരെ ശബ്ദകോലാഹലമുണ്ടാക്കുന്നവർ തന്നെയാണ് മതം മാറ്റുന്നത്. ക്രിസ്തുമാർഗം സമ്മർദ്ദമുപയോഗിച്ച് ആരേയും മതം മാറാനനുവദിക്കുന്നില്ല. ഇന്ത്യയുടെ മത-സാംസ്കാരിക അസ്തിത്വം നശിപ്പിച്ച് ഹിന്ദുത്വവാദികൾ അതിന്റെ ദേശീയപ്രതീകങ്ങൾക്കുപകരം ഹിന്ദുത്വരൂപഭാവാദികൾ പ്രതിഷ്ഠിക്കാൻ ശ്രമിക്കുകയാണ്. ഉദാഹരണമായി, ഇന്ത്യയുടെ ദേശീയപതാക മാറ്റി ഭഗവാദ്ധ്വജ് (Saffron flag) സ്വീകരിക്കണമെന്നും ദേശീയഗാനം മാറ്റി വന്ദേമാതരം ആലപിക്കണമെന്നും പറയുന്നു. എച്ച്. വി. ശേഷാദ്രി ആർ. എസ്. എസ്.-നെപ്പറ്റി എഴുതിയ ഗ്രന്ഥത്തിൽ ഗുജറാത്തിലെ ന്യൂനപക്ഷ ജനങ്ങളെ ഇല്ലാതാക്കുന്നത് ഹിന്ദുരാഷ്ട്ര സംസ്ഥാപനത്തിനായുള്ള ധർമയുദ്ധമാണെന്നു പ്രചരിപ്പിക്കുന്നു. ഗോധ്രയ്ക്കു ശേഷമുള്ള ദൈവശാസ്ത്രം എന്താണ്? ഇന്ത്യയുടെ ഭൂപടത്തിൽ ഗുജറാത്ത് ഒരു ഏകകോശമല്ല. അതൊരു രാഷ്ട്രീയ ചൂണ്ടുപലകയാണ്. ഫാസിസ്റ്റ് തീവ്രവാദത്തിൽകൂടി ഹിന്ദുത്വവാദം മുന്നേറുന്നതിന്റെ പ്രഘോഷണമാണത്. ഇന്ത്യയിലെ മതേതര, സാമൂഹ്യ, രാഷ്ട്രീയ സംഘടനകൾ ഗുജറാത്തിൽ ഫാസിസം ഉയർത്തിയ യുദ്ധഭീഷണി മനസ്സിലാക്കിയിട്ടുണ്ടോ? ഹിന്ദുത്വം പ്രാഥമികമായും ഒരു ദേശീയ മതപ്രസ്ഥാനമാണ്. ക്രിസ്തുമാർഗമുൾപ്പെടെ ഭാരതീയമതങ്ങൾ ഈ ഫാസിസ്റ്റ് വെല്ലുവിളിയെ നേരിട്ടില്ലെങ്കിൽ, തക്കസമയത്തു പ്രതികരിക്കുന്നതിനുപകരം മൗനം പാലിച്ച പാപത്തിന് ഉത്തരം പറയേണ്ടിവരും.

ദൈവശാസ്ത്രജ്ഞന്മാർ ദൈവത്തിന്റെ സാരാംശം, അഥവ, സത്തയെപ്പറ്റി ചർച്ച ചെയ്യാറുണ്ട്. അതു പലപ്പോഴും ലോകത്തിൽ നമ്മുടെ നിലനില്പിന് ദൈവമായുള്ള ബന്ധം സാരമായി കണക്കിടാതായിരിക്കും. ദൈവം വെറും നിർഗുണമായിരിക്കുകയല്ല, പ്രത്യുത, ദൈവം നമുക്ക് തന്നെത്തന്നെ വെളിപ്പെടുത്തുന്നു. അതുകൊണ്ട് ദൈവം സദാ എല്ലാ വസ്തുക്കളും നാമുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. അതുകൊണ്ടാണ് ദൈവം ത്രിത്വമായി ക്രിസ്തുസഭ കണക്കാക്കുന്നത്. ദൈവം മനുഷ്യരക്ഷയ്ക്കായി പുത്രനെ അയച്ചു. വിശ്വാസികളുടെ നിലനില്പിന് പരിശുദ്ധാത്മാവിനെ ദാനംചെയ്തു. അതായത്, ദൈവത്തെ ത്രിത്വമായി നാം ഉൾക്കൊള്ളാൻ ശ്രമിക്കുന്നത് സൃഷ്ടിയുമായി ബന്ധിപ്പിച്ചാണ്. ഹൈന്ദവപാരമ്പര്യത്തിലും ത്രിമൂർത്തി, സച്ചിതാനന്ദൻ മുതലായ ആശയങ്ങൾ കാണാം. അവ തുല്യമാണെന്നു സ്ഥാപിക്കുകയല്ല, ചിന്തകളിലെ സമാനതകളാണ്. വേദാന്തമതത്തിൽ ദേവന്മാരെ ത്രിസത്യമായി വിശേഷിപ്പിക്കുന്നു.

ക്രിസ്തീയവിശ്വാസത്തിൽ പിതാവ് പുത്രനെ ലോകത്തിലേക്കയച്ചത് മനുഷ്യരെ രക്ഷിപ്പാനാണ്, ദരിദ്രരോടു സുവിശേഷം പ്രസംഗിപ്പാനാണ്. പാപത്തിലും അനീതിയിലും ഇല്ലാതാകുന്ന മനുഷ്യരുടെ ജീവൻ പുതുക്കുകയാണ് ലക്ഷ്യം. ജോൺ റസ്കിൻ രചിച്ച 'Unto this Last' എന്ന ഗ്രന്ഥം ഗാന്ധിജി തർജ്ജമ ചെയ്തത് 'സർവോദയ' എന്ന പേരിലാണ്. ഭാരതീയചിന്തയിൽ ശ്രീബുദ്ധന്റെയും മഹാവീരന്റെയും പഠിപ്പിക്കലുകളിൽ സർവമാനജീവികളും സന്തുഷ്ടാവസ്ഥയിലാകുവാനാണ് പ്രാർത്ഥിക്കുന്നത്. ഭഗവദ്ഗീതയിൽ കൃഷ്ണഭഗവാന്റെ സന്നിധാനത്തിൽ ഏവർക്കും ചേരാം. ഈശ്വരൻ ദരിദ്രരിലും എളിയവരിലും കുടികൊള്ളുന്നു. അഹങ്കാരികളെ വെറുക്കുന്നു. ഈ വൈഷ്ണവ പാരമ്പര്യമാണ് ഗാന്ധിജി അനുകരിച്ചത്. ദരിദ്രനാരായണസങ്കല്പം. ടാഗോർ തന്റെ ഗീതാഞ്ജലിയിൽ ഇപ്രകാരമെഴുതി: "ഞാൻ അങ്ങയെ നമിക്കുമ്പോൾ അങ്ങേയുടെ പാദാരവിന്ദങ്ങളിൽ എത്തുവാൻ കഴിയുന്നില്ല. അവിടുത്തെ പാദങ്ങൾ ഏറ്റം ദരിദ്രരുടെയും അഗതികളുടെയും നഷ്ടപ്പെട്ടവരുടെയും മദ്ധ്യേയാണല്ലോ.

വേദപുസ്തകത്തിൽ ദൈവം അനാഥരുടെയും വിധവമാരുടെയും ശിശുക്കളുടെയും സംരക്ഷകനാണ്. 'സർവോദയ' ആശയം വ്യക്തിപരമായ ഭക്തിപ്രകടനം മാത്രമല്ല, അത് ഒരു സമൂഹപ്രമാണവും കൂടിയാണ്. ഇപ്രകാരം ഭാരതത്തിലെ സജീവമതങ്ങളുടെയെല്ലാം സത്ത, ലോകത്തിന്റെ തന്നെ നല്ല അവസ്ഥയാണ് ലക്ഷ്യമാക്കുന്നത്. അവിടെ വികലമായ ദേശീയബോധവും മനുഷ്യരെത്തമ്മിൽ വേർതിരിക്കുന്ന വർഗീയതയും അശേഷം സ്വീകാര്യമല്ല. 20-ാം നൂറ്റാണ്ടിൽ ഹിറ്റ്ലർ ജർമനിയിലും, മുസ്സോളിനി ഇറ്റലിയിലും പ്രചരിപ്പിക്കാൻ ശ്രമിച്ച ഫാസിസത്തിന്റെ അന്ത്യം നാം കണ്ടു. സ്വതന്ത്രഭാരതത്തിന്റെ മനോഹരമായ മതവൈവിധ്യം ഏകതാനതയിൽ തളയ്ക്കാതെ വിശാലമായി ചിന്തിച്ചാൽ ഇത് ഒരു മനോഹരദേശമായി കണക്കാക്കാം. അതിന് മതങ്ങളുടെ സഹകരണവും ശക്തമായ പ്രതികരണവുമാവശ്യമാണ്.

*(അവസാനിച്ചു)*

## APPRECIATION

**We enjoy reading NEW VISION and we thank God that His spirit has enabled you to publish and circulate this magazine during the past ten years. May your work in the Lord extend among all who read it. Congratulations for the teaching ministry through the magazine.**

***Rev. C. J. Thomas, USA***

## CHRISTIAN UNITY

I feel that the unity of the Christian denominations, in whatever form they exist, is the prime requirement of our times. Jesus Christ did not create a religion. But he gave us the role model of the way of life leading to life everlasting. He demonstrated the propagationof christian faith and Gospel in the life on Earth. But we have made a short cut of everything and taken a path of least resistance by confining ourselves to pulpit speeches. We hesitate to go down to the poor people and understand their problems in life, instead we call them to the altar and give them advice and theory of living. Theory and practice should go hand in hand. The present wake-up call for all the Christians is to go to the field and demonstrate practically the christian way of living as per the teaching of Christ. This way of expression alone will prove our worthiness to God Almighty. Classification into different christian denominations is mainly due to the modalities of propagation of the christian faith and its practical applications. The latest disturbances in Christian Churches are manifestations of such introvert attitudes of religious leaders. They are in the same boat of those saducees and pharisees of old. Unless we dismantle ourselves of all power consciousness and become servants of God and man, we will reach nowhere.

***Er. M. P. Abraham, Kakkanad West***

# സ്വർഗരാജ്യം

നിത്യചൈതന്യ യതി

> ഇന്നലെ ചെയ്തതും
> പറഞ്ഞതുമായ അബദ്ധങ്ങളിൽത്തന്നെ
> നാം പിടിമുറുക്കി നിൽക്കാതെ നമ്മുടെ
> ഹൃദയത്തെ ഒരു പുതിയ ഭൂമികയാക്കണം.
> അവിടെ സ്വർഗമൊന്നും പണിയേണ്ട.
> സത്യസന്ധതയുടെയും പരസ്പര
> വിശ്വാസത്തിന്റെയും നല്ല മനോഭാവം
> ഉണ്ടാക്കിയെടുക്കുകയാണു വേണ്ടത്.
> എന്തിനു പാവങ്ങൾക്കായി മാത്രം
> ഒരു സ്വർഗം? നാമെല്ലാം പാവങ്ങളല്ലേ?
> പണമല്ല ഒന്നിന്റേയും മാനദണ്ഡം.

*(ഗുരു നിത്യചൈതന്യയതി ശ്രീ. ഇ. എം. എസിന് അയച്ച ഒരു കത്തിലെ ഏതാനും ഭാഗങ്ങളാണ് ചുവടെ പ്രസിദ്ധീകരിക്കുന്നത്. - എഡിറ്റർ)*

വളരെക്കാലമായി എനിക്ക് അങ്ങയിലും ഉൽപ്പാദനപ്രക്രിയയിൽ മുഴുകിയിരിക്കുന്ന തൊഴിലാളി സുഹൃത്തുക്കളിലും വളരെ സ്നേഹവും പ്രത്യാശയുമുണ്ടെന്ന് ഞാൻ പറയാതെതന്നെ അങ്ങേയ്ക്ക് അറിയുവാൻ കഴിഞ്ഞിട്ടുണ്ടാവും. സംഘടിച്ചു ശക്തരായി സംഖ്യാബലമില്ലാത്തവരെ തകർക്കണമെന്നുള്ള ഉദ്ദേശ്യം ഞങ്ങൾക്കില്ല. വിദ്യയെ ഒരു വിനിമയമാധ്യമമാക്കി പണവും അധികാരവും ഉന്നതപദവിയും നേടി വരുംതലമുറകളിൽ തെറ്റായ ലോഭം വളർത്തിയെടുക്കുവാൻ ഞങ്ങൾക്ക് തീരെ ആഗ്രഹമില്ല. അങ്ങനെയുള്ള വിദ്യ ആരേയും പ്രബുദ്ധരാക്കുകയില്ല. എന്റെ മതം മാത്രം സത്യം, നിന്റെ മതം മോശം എന്ന ചിന്താഗതിയും ഞങ്ങൾക്കില്ല. എത്ര മഹാനായ രക്ഷകനായാലും പ്രവാചകനായാലും ലോകഗുരുപ്പട്ടമുള്ളവനായി കരുതുന്ന ആചാര്യനായാലും മനുഷ്യന്റെ അഭിപ്രായത്തിന് അഭിപ്രായമെന്നതിൽക്കവിഞ്ഞ് ഞങ്ങൾ ഒരു വിലയും കൊടുക്കുന്നില്ല.

ഇന്നു സ: ഇ. എം. എസ്. ഉൽപ്പാദനപ്രക്രിയയിൽ മുഴുകിയിരിക്കുന്ന ശൂദ്രന്റെ വിജയം സന്തോഷത്തോടെ സ്വീകരിക്കുമെന്നു ഞാൻ കരുതുന്നു. നാം ഒരേ പന്ഥാവിൽത്തന്നെയാണ്. 'ഹിന്ദു' പത്രത്തിൽ വളരെ പ്രാധാന്യം നൽകിയിരുന്ന ശീർഷകം, Let's build a heaven on earth for the poor:EMS എന്നായിരുന്നു. അതിൽപ്പറയുന്ന ഡോ. പൗലോസ് മാർ ഗ്രിഗോറിയസ് ഓർതഡോക്സ് വിഭാഗത്തിന്റെ ബിഷപ്പാണെങ്കിലും 'ഓർതഡോക്സ്' ആണെന്നു ഞാൻ കരുതുന്നില്ല. 'റിലിജിയസ് ഫിലോസഫർ' എന്നൊരു വാക്കില്ല. സ്വതന്ത്രമായി ചിന്തിക്കുന്ന ഒരാളാണ് 'ഫിലോസഫർ'. സമൂഹത്തിൽ ബദ്ധനായിരിക്കുന്ന ഒരാളാണ് 'റിലിജിയസ്' ആയിട്ടുള്ളവൻ. എന്നെ വിശേഷിപ്പിച്ചിരിക്കുന്ന 'റിലിജിയസ് ഫിലോസഫർ' എന്നതിലെ 'റിലിജിയസ്' എന്റെ തലയ്ക്കു ചേരുന്ന തൊപ്പിയല്ലെന്നു സാദരം അറിയിച്ചുകൊള്ളട്ടെ. ലോകത്തെ എല്ലാ മനുഷ്യസ്നേഹികളും കമ്യൂണിസ്റ്റുകളായിരുന്നു. അതുകൊണ്ട് ഈ വാക്കിനോട് എനിക്കു വിരോധമില്ല. യഹൂദന്മാരുടെ മോസസും ബൈബിളിലെ ക്രിസ്തുവും മക്കത്തു നിന്നു മദീനയിലേക്ക് ഓടിപ്പോയ പ്രവാചകനും ചൂഷണസമ്പ്രദായങ്ങളെ പൊറുപ്പിക്കുന്നവരായിരുന്നില്ല. ലൂക്കോസ് 11:39-ൽ യേശു പറയുന്നു: "പരീശന്മാരായ നിങ്ങൾ ചഷകങ്ങളുടെയും പാത്രങ്ങളുടെയും പുറം വൃത്തിയാക്കുന്നു. എന്നാൽ നിങ്ങളുടെയുള്ളിൽ കൊള്ളയും കൊലയും ദുഷ്ടതയും നിറഞ്ഞിരിക്കുന്നു. വിഡ്ഢികളേ, പുറം നിർമിച്ചവൻ തന്നെയല്ലേ അകവും നിർമിച്ചത്? നിങ്ങൾക്കുള്ളവയെല്ലാം ദാനമായി കൊടുക്കുക. അപ്പോൾ നിങ്ങൾക്ക് എല്ലാം ശുദ്ധിയുള്ളതായിത്തീരും". ലൂക്കോ. 11:42-44-ൽ "എന്നാൽ പരീശന്മാരേ, നിങ്ങൾക്കു ദുരിതം! കാരണം നിങ്ങൾ തുളസിയിലും അരൂതയിലും എല്ലാ സസ്യങ്ങളിലും ദശാംശം കൊടുക്കുന്നു. എന്നാൽ നീതിയും ദൈവസ്നേഹവും നിങ്ങൾ അവഗണിക്കുന്നു. ഇവയാണ് മറ്റുള്ളവയെ അവഗണിക്കാതെ തന്നെ നിങ്ങൾ ചെയ്യേണ്ടിയിരുന്നത്. പരീശന്മാരേ, നിങ്ങൾക്കു ദുരിതം! കാരണം, നിങ്ങൾ സിനഗോഗുകളിൽ ഏറ്റം മികച്ച ഇരിപ്പിടവും ചന്തസ്ഥലങ്ങളിൽ അഭിവാദനവും മോഹിക്കുന്നു. നിങ്ങൾക്കു ദുരിതം! കാരണം, കണ്ണിൽപ്പെടാത്ത കുഴിമാടങ്ങൾ പോലെയാണു നിങ്ങൾ. മനുഷ്യർ അറിയാതെ അവയുടെ മീതെ നടക്കുന്നു. ലൂക്കോ. 11:46-47-ൽ "നിയമജ്ഞരേ, നിങ്ങൾക്കും ദുരിതം! ദുർവഹമായ ചുമടുകൾ നിങ്ങൾ മനുഷ്യരുടെമേൽ ചുമത്തുന്നു. നിങ്ങളാകട്ടെ, ഒരു വിരൽകൊണ്ടു പോലും ആ ചുമടുകൾ തൊടുന്നില്ല. നിങ്ങളുടെ പിതാക്കന്മാർ കൊന്ന പ്രവാചകർക്ക് നിങ്ങൾ ശവക്കല്ലറകൾ നിർമിക്കുന്നു." ഇപ്രകാരം പറയുന്ന ഒരാളിനെ നാം വിപ്ലവകാരി എന്നല്ലേ വിളിക്കേണ്ടത്? മന്ത്രിപദം കൊതിച്ചിരിക്കുന്ന ഒരാളിനെ നാം കമ്യൂണിസ്റ്റ് എന്നു വിളിക്കണമോ? രാഷ്ട്രീയത്തിലാണോ നേതൃത്വം നൽകേണ്ടത്? അതോ ഉൽപ്പന്നങ്ങൾ വിളയിക്കുവാനും നിരത്ത് നന്നാക്കുവാനും പരിസരം വൃത്തിയാക്കുവാനും സമയം കാണുന്നവനാണോ? 'നല്ല നാൾ വരും. അന്നു നമുക്ക് സുഭിക്ഷമായി ഉണ്ണാം', എന്നല്ല പറയേണ്ടന്നത്, 'വരൂ സഹോദരന്മാരേ, നമുക്ക് ഒന്നിച്ചു പണിയെടുത്ത് ഇന്ന് ഇവിടെത്തന്നെ നല്ല ആഹാരം കഴിക്കാം' എന്നാണ് പറയേണ്ടത്-പറയുകയല്ല, ചെയ്യുകയാണ് വേണ്ടത്. ഞങ്ങളുടെ പാട്ട് ഇങ്ങനെയാണ്,

ഒന്നായ മാനവർക്കൊറ്റ നീതി
ഈ മണ്ണ് നമ്മുടെ ആകെ ഭൂമി
ഒന്നായ് പണിയെടുത്തുണ്ണണം നാം
എല്ലാരുമെല്ലാർക്കുമോമനകൾ.

ആ മനോഭാവം വളർത്തിയെടുക്കുമ്പോഴേ നാം കമ്യൂണിസ്റ്റുകളാകുകയുള്ളൂ. ഒരാൾ രാജാവായിരിക്കാം. വേറൊരാൾ പ്രാകൃതനായ ഒരു കുഷ്ഠരോഗിയായിരിക്കാം. എന്നാൽ അല്ലാഹുവിന്റെ പേരിൽ രാജാവ് കുഷ്ഠരോഗിയുടെ ചുണ്ടിൽ ഉമ്മവയ്ക്കുമ്പോൾ അതിനെയാണ് ഞാൻ യാഥാർത്ഥ ദൈവസ്നേഹം എന്നു വിളിക്കുക. ഇത് ഞാൻ നേരിട്ടു കണ്ടിട്ടുള്ളതായ ഒരു കാര്യമാണ്. ഗൾഫിലെ ഒരു ഷേയ്ക്കിന്റെ കല്യാണപ്പന്തലിൽ വന്ന കോടീശ്വരന്മാരെയും വിഡ്ഢോവിയന്മാരെയും കെട്ടിപ്പിടിച്ച് ഉമ്മ കൊടുക്കുന്നതിനിടയ്ക്ക് ഷേയ്ക് ഒരു കുഷ്ഠരോഗിയേയും നിർവിശങ്കം ചുണ്ടിലുമ്മകൊടുത്ത് ആലിംഗനം ചെയ്യുന്നത് കണ്ടപ്പോൾ എനിക്കു തോന്നി, മനുഷ്യനു മനുഷ്യൻ ഒരിക്കലും അപ്രിയനാകേണ്ടതില്ലെന്ന്.

അങ്ങു പറഞ്ഞല്ലോ, ഈ ഭൂമി ഒരു സ്വർഗരാജ്യമാക്കണമെന്ന്. 1922 ഏപ്രിലിൽ കുമാരനാശാൻ സ്വാതന്ത്ര്യഗാഥയിൽ എഴുതി:

സത്യം ശ്വസിച്ചും സമത്വം കണ്ടും സ്നേഹ-
സത്തു നുകർന്നും കൃതാർത്ഥരായി
സദ്ധർമ്മത്തൂടെ നടക്കട്ടെ മാനവ-
രിദ്ധര സ്വർഗമായ്ത്തീർന്നിടട്ടെ!

ഇതിലെ അവസാനവരിയാണല്ലോ അങ്ങു പറഞ്ഞത്-ഈ ധര സ്വർഗമായിത്തീർന്നിടട്ടെ എന്ന്. കുമാരനാശാൻ ഷെല്ലിയുടെയും കീറ്റ്സിന്റെയും റൊമാന്റിസിസത്തിന്റെയും കാൽപ്പനികലോകത്തുനിന്നുകൊണ്ടു പറഞ്ഞതാണിത്. എന്നാൽ കുറെക്കൂടി സത്യസന്ധമായി ആശാൻ പറഞ്ഞ വേറൊരു ശ്ലോകമുണ്ട്.

എന്തിന്നു ഭാരതധരേ! കരയുന്നു പാര-
തന്ത്ര്യം നിനക്കു വിധികല്പിതമാണു തായേ,
ചിന്തിക്ക, ജാതിമദിരാന്ധ, രടിച്ചു തമ്മി-
ലന്തപ്പെടും തനയരെന്തിനയേ 'സ്വരാജ്യം'?

ആശാന്റെ ഈ വാക്കുകൾ ഒരു പ്രവചനംപോലെ ഇന്നു സത്യമായിരിക്കുന്നു. അങ്ങ് സ്വർഗമെന്നു പറഞ്ഞപ്പോൾ ഞാൻ ഹിന്ദുവിന്റെ സ്വർഗത്തെപ്പറ്റി ഓർത്തുപോ

# മിത്രസേനന്റെ പിൻഗാമി

അളകാപുരിയിലെ രാജാവായിരുന്നു മിത്രസേനൻ. നീതിമാനും ദയാലുവുമായിരുന്ന മിത്രസേനനെ ജനങ്ങളും ഉദ്യോഗസ്ഥവൃന്ദവും വളരെ സ്നേഹത്തോടും ബഹുമാനത്തോടുമാണ് കണ്ടിരുന്നത്. എല്ലാ ഐശ്വര്യങ്ങളും ഉണ്ടായിരുന്നെങ്കിലും അദ്ദേഹത്തിനൊരു തീരാത്ത വിഷമമുണ്ടായിരുന്നു. അദ്ദേഹത്തിനു കുട്ടികളില്ലായിരുന്നു. തന്റെ കാലശേഷം രാജ്യഭരണം ആരെ ഏൽപ്പിക്കുമെന്ന ചിന്തയാണ് അദ്ദേഹത്തെ അലട്ടിയത്. ജനങ്ങളുടെയിടയിൽ നിന്ന് യോഗ്യനായ ഒരാളെ കണ്ടെത്തണമെന്നതായിരുന്നു മന്ത്രിമുഖ്യന്മാരുടെയും മറ്റും ഉപദേശം. ഏറെ ചിന്തിച്ചതിനുശേഷം മിത്രസേനനും അക്കാര്യത്തിൽ മന്ത്രിമാർ പറഞ്ഞതുപോലെ തന്നെയാകട്ടെയെന്നു തീരുമാനിച്ചു. പക്ഷേ, രാജാവാകാൻ യോഗ്യതയുള്ള ഒരാളെ വേണമല്ലോ തിരഞ്ഞെടുക്കുവാൻ. പുതിയ രാജാവിനെ തിരഞ്ഞെടുക്കുവാൻ പോകുന്നുവെന്ന വിവരം അറിഞ്ഞയുടൻതന്നെ പല യുദ്ധവീരന്മാരും അഭ്യാസികളും രാജസന്നിധിയിൽ പാഞ്ഞെത്തി. പല ധനവാന്മാരും ധാരാളം ദാനധർമങ്ങൾ നടത്തിയിട്ട് അതെല്ലാം അവരുടെ യോഗ്യതകളായി രാജാവിനെ അറിയിച്ചു. പക്ഷേ അവരിലെല്ലാം നിറഞ്ഞുനിന്ന കൃത്രിമത്വം കാണാൻ മിത്രസേനനു അധികം പ്രയാസപ്പെടേണ്ടിവന്നില്ല. അദ്ദേഹം അവരെയെല്ലാം പുഞ്ചിരിയോടെ മടക്കിയയച്ചു.

അളകാപുരിയിൽ പതിയെ ശൈത്യകാലം തുടങ്ങുകയായിരുന്നു. ആ കൊടിയ ശൈത്യത്തെ അതിജീവിക്കാൻ ജനങ്ങൾ കട്ടിയുള്ള കമ്പിളിപ്പുതപ്പുകളിൽ അഭയം തേടി. പലരും അപൂർവമായേ വീടിനു പുറത്തു പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ. വീടില്ലാതെ, തെരുവിൽ കഴിഞ്ഞിരുന്നവരുടെ ജീവിതമാണ് ഏറ്റവും ദുസ്സഹമായിത്തീർന്നത്. വൃദ്ധന്മാരിൽ പലരും തണുത്തുവിറച്ച് മരിച്ചു. യുവാക്കൾ കിട്ടുന്നത്രയും ചൂടുവസ്ത്രങ്ങളിൽ അഭയംതേടി. ആ തെരുവിൽത്തന്നെയുള്ള ഒരു യുവാവായിരുന്നു അബു. തന്റെ കൈവശമുണ്ടായിരുന്ന കമ്പിളി വസ്ത്രങ്ങൾകൊണ്ട് തണുപ്പിനെ അതിജീവിക്കാൻ കഴിയില്ലെന്നു കണ്ട അവൻ ഒരു നല്ല വസ്ത്രത്തിനു വേണ്ട പണം ശേഖരിക്കാനായി രാവും പകലും കഠിനമായി അദ്ധ്വാനിച്ചു. ഒരു മാസത്തെ അദ്ധ്വാനം വേണ്ടിവന്നു ഒരു നല്ല കമ്പിളിവസ്ത്രം വാങ്ങുവാൻ. പുതിയ കുപ്പായവും ധരിച്ച് അബു ഒരു ദിവസം പണിക്കു പോകാനിറങ്ങിയപ്പോഴാണ് ആ കാഴ്ച കണ്ടത്. വഴിയരികിൽ ഒരു കടത്തിണ്ണയിൽ തീരെ അവശനായ ഒരു വൃദ്ധൻ തണുപ്പ് താങ്ങാനാകാതെ വിറച്ചുകൊണ്ടുകിടക്കുന്നു. അബു ഒരു നിമിഷം ചിന്തിച്ചു. എനിക്കാണെങ്കിൽ ഇനിയും അദ്ധ്വാനിച്ച് സമ്പാദിക്കാനുള്ള ശേഷിയുണ്ട്. ഒരു ഉടുപ്പ് കൂടി വാങ്ങാൻ ഒരു മാസം കൂടി പാടുപെടണമെന്നേയുള്ളൂ. സാരമില്ല, ഇപ്പോഴുള്ള ഉടുപ്പ് ഈ വൃദ്ധനു കൊടുക്കാം.

**"ഒരു രാജ്യം ഭരിക്കുന്നവനു വേണ്ട ഏറ്റവും വലിയ യോഗ്യത സകലതിനോടുമുള്ള കരുണയും കരുതലുമാണ്."**

അബു അപ്പോൾത്തന്നെ തന്റെ പുതിയ കമ്പിളിയുടുപ്പ് വൃദ്ധനു കൊടുത്തിട്ട് പണിസ്ഥലത്തേക്കു പോയി. ആ വൃദ്ധന്റെ കണ്ണുകളിൽ കണ്ട ആശ്വാസം അവന്റെ മനസ്സു നിറച്ചു. അന്നു വൈകുന്നേരം അബുവിന്റെ പണിസ്ഥലത്ത് രണ്ടു രാജഭടന്മാരെത്തി.

"മഹാരാജാവ് നിന്നെ കാണാൻ ആഗ്രഹിക്കുന്നു."

'എന്നെയോ? എന്തിന്?.' അബു അത്ഭുതപ്പെട്ടുപോയി.

"എന്തിനാണെന്നറിയില്ല. വേഗം വരുക."

അബു കൊട്ടാരത്തിലെത്തി. അതാ നിൽക്കുന്നു മിത്രസേനരാജാവ്. പക്ഷേ ഇതെന്താണ് രാജാവ് ധരിച്ചിരിക്കുന്നത്? ഇത് ഞാൻ വൃദ്ധനു കൊടുത്ത കുപ്പായമാണല്ലോ. അബു അറിയാതെ ചിന്തിച്ചുപോയി.

"നീ അത്ഭുതപ്പെടേണ്ട", രാജാവ് ചിരിച്ചുകൊണ്ടു അവന്റെയടുത്തേക്കു വന്നിട്ട് പറഞ്ഞു.

"നിന്റെ കുപ്പായം തന്നെയാണിത്; നീ രാവിലെ വൃദ്ധനു കൊടുത്തത്. ആ വൃദ്ധൻ ഞാനായിരുന്നു. എന്റെ രാജ്യം സംരക്ഷിക്കാൻ തക്ക പ്രാപ്തിയുള്ള ഒരു മനുഷ്യനെ തേടിയിറങ്ങിയതാണു ഞാൻ. നീ എന്റെ പരീക്ഷണത്തിൽ വിജയിച്ചിരിക്കുന്നു."

മിത്രസേനൻ തന്റെ കിരീടമൂരി അബുവിന്റെ ശിരസ്സിൽ വച്ചിട്ട് പറഞ്ഞു:

"ഒരു രാജ്യം ഭരിക്കുന്നവനു വേണ്ട ഏറ്റവും വലിയ യോഗ്യത സകലതിനോടുമുള്ള കരുണയും കരുതലുമാണ്."

*(കടപ്പാട് : ഗുരുകുലം)*

---

യി. വിശ്വാമിത്രൻ ഒരു മനുഷ്യനെ സ്വർഗത്തിലേക്കയച്ചപ്പോൾ ദേവേന്ദ്രൻ അയാളെ കാലിൽപ്പിടിച്ച് ഉച്ചികുത്തി ഭൂമിയിലേക്ക് എറിയുകയാണു ചെയ്തത്. മൈത്രിയുടെ പേരിൽ വിശ്വാമിത്രൻ ആ ത്രിശങ്കുവിന് അവിടെ ഒരു സ്വർഗമുണ്ടാക്കിക്കൊടുത്തുവത്രെ! മഹാഭാരതത്തിൽ സ്വർഗത്തെ വെല്ലുവിളിച്ച യുധിഷ്ഠിരന്റെ കഥയുണ്ട്. യുധിഷ്ഠിരൻ സ്വർഗത്തിലേക്കു പോകാൻ ദേവേന്ദ്രനയച്ച കനകത്തേരിൽ കയറാൻ തുടങ്ങുമ്പോൾ അതാ യുധിഷ്ഠിരന്റെ പിന്നാലെ ഒരു നായ. എന്നാൽ സ്വർഗത്തിൽനിന്നു മുറവിളിയുണ്ടായി–നായയെ സ്വർഗത്തിൽ കൊണ്ടുവരാൻ പാടില്ലെന്ന്. അതിനു യുധിഷ്ഠിരൻ പറഞ്ഞ മറുപടി. "എന്റെ നായ്ക്കു കേറാൻ പറ്റാത്ത സ്വർഗത്തിൽ ഞാനും വരുന്നില്ല" എന്നായിരുന്നു.

'ഡാന്റെ' വിവരിക്കുന്ന സ്വർഗത്തിൽ പോകണമെങ്കിൽ നരകത്തിൽ ദീർഘനാൾ കിടന്നു വലയുകയും പൊരിയുകയുമൊക്കെ വേണം. കല്ലേറും ചാട്ടവാറടിയും കഴുത്തറുപ്പുമൊക്കെ അതിനിടയിലുണ്ടാകും. നരകം കഴിഞ്ഞാൽ പിന്നെ ശുദ്ധീകരണത്തിനുള്ള ഇടമാണ്–പർഗറ്റേറി. അവിടത്തെ യാതനകളെല്ലാം അനുഭവിച്ചതിനുശേഷം പാമ്പിന്റെയും പഴുതാരയുടെയുമൊക്കെ കടി കഴിഞ്ഞിട്ടു വേണം സ്വർഗത്തിലേക്കു തിരിക്കാൻ. സ്വർഗവാതിലോളം എത്തിയ സ്തേഫാനോസിനും കല്ലേറു കിട്ടുന്നുണ്ട്. അവസാനം സ്വർഗരാജ്യത്തിൽ എത്തിയാലോ......? ഭൂലോകത്തിൽ ജീവിച്ചിരുന്ന കാലത്ത് ഏറ്റവും അപലപിക്കപ്പെട്ട ബിയാട്രിസാണ് സെയ്ന്റ് തോമസിനെപ്പോലും സ്വർഗത്തിലേക്ക് ആശ്വാസവചനങ്ങൾ പറഞ്ഞ് കൂട്ടിക്കൊണ്ടുപോകുവാൻ വരുന്നത്.

യേശു മാത്രം ഒരു സത്യം പറഞ്ഞു: ദൈവരാജ്യം ആ മലയിലുമല്ല, ഈ മലയിലുമല്ല, യെരുശലേമിലുമല്ല; നിന്റെ ഹൃദയത്തിലാണ് എന്ന്. അതുകൊണ്ട് ഏറ്റവും ബഹുമാനത്തോടും വിശ്വാസ്യതയോടും പറയട്ടെ, എന്റെ സംപൂജ്യനായ സുഹൃത്തേ, നമുക്ക് സമൂഹത്തിൽ പല മാറ്റങ്ങളും വരുത്തുന്നതിനുമുമ്പ് ഹൃദയത്തിൽത്തന്നെ പല മുൻവിധികളും അഴിച്ചുകളയേണ്ടതായിട്ടുവരും. അതിനുള്ള കഴിവ് അങ്ങേയ്ക്കുണ്ട്. ഇന്നലെ ചെയ്തതും പറഞ്ഞതുമായ അബദ്ധങ്ങളിൽത്തന്നെ നാം പിടിമുറുക്കി നിൽക്കാതെ നമ്മുടെ ഹൃദയത്തെ ഒരു പുതിയ ഭൂമികയാക്കണം. അവിടെ സ്വർഗമൊന്നും പണിയേണ്ട. സത്യസന്ധതയുടെയും പരസ്പര വിശ്വാസത്തിന്റെയും നല്ല മനോഭാവം ഉണ്ടാക്കിയെടുക്കുകയാണു വേണ്ടത്. എന്തിനു പാവങ്ങൾക്കായി മാത്രം ഒരു സ്വർഗം? നാമെല്ലാം പാവങ്ങളല്ലേ? പണമല്ല ഒന്നിന്റേയും മാനദണ്ഡം.

*(കടപ്പാട് : ഗുരുകുലം )*

## Book Review

# METROPOLITAN CHRYSOSTOM ON MISSION IN THE MARKET PLACE

Jesudas M. Athyal & John J. Thattamannil ■ CSS, Tiruvalla ■ Rs. 100/-

What has impressed me most about the book is that in his conversations with the editors, the Metropolitan does not put on any airs. He opens himself up freely, frankly, in a daringly different manner, honestly admitting his failures and ambivalences, but leaving no one in doubt about his deep commitment to the living God, the total dependence on whom has given him an unusual kind of spiritual freedom. The book is totally rid of pontifical pronouncements. I see it as a record of his explorations into the depths of faith and of his wrestling with the problems of life, both taken up with equal seriousness. These lead him to say: "It is in the world that we realise God-Jesus Christ." (p. 47). And he makes it clear that the reference to "the world" is to the mundane world-the market place-that we all confront in daily life, a world that is more real to ordinary people than perhaps to bishops and the clergy. The 'this-worldly' thrust of the gospel is emphasised over and over again. "The church is for the world......the world should write the agenda for the church.... Ultimately, the agenda is decided by Jesus Christ, but it is the demands of the world that should decide what our agenda should be today.....It is the need and the demand of the hour-whether it should be flood relief or building houses for the poor-that should decide today's agenda. We, therefore, need to take the world seriously" (p. 157). The church is "where you get the training for the transformation of the world." As one who, in the effort to understand the perplexities of this world, tends frequently to lose the Christian identification tag, I find these affirmations extremely encouraging. In fact, my understanding of the Metropolitan's position is that if the church is authentically involved in transforming this world, it cannot afford to be too much concerned about its identity. On the contrary, like leaven, it must get lost in the lump to be faithful to its mission.

The community that the Metropolitan frequently refers to is not an abstract entity either. He means the local community in which the church, specifically a parish, finds itself. Wherever it is, it includes "both the worshipping community and the community in the world outside.....My faith is formed in communion with other believers and non-believers" (p. 145). Many may find this openness surprising: some may find it even unacceptable.

What has led the Metropolitan to this somewhat unconventional position is a truth that he has found. He says: "I believe everybody accepts God, but not in the form in which I do. Everybody says, I cannot control this world. I can grow in my control of history, of the powers, but there is always a 'more' to it. That is what we call the acts of God" (p. 82). He finds his vocation as a bishop in the light of such understanding. "I would say that as a bishop, my own primary responsibility is to be responsive to God....Secondly, I must be responsive to the people. Thirdly, there is the need to be responsive to the world, and this is not easy" (p. 126). I believe the Metropolitan's explorations will help us also reflect on our vocation.

**Dr. C. T. Kurien, Chennai**

# ECHO FROM THE CHRISTAVASHRAM CHAPEL

Acharya K. M. Mammen ■ Vinod Mammen, Oddanchathram, 79 A.P.P. Nagar-624 619. ■ Rs. 30/-

A book with a difference. More than one thousand simple sentences on various subjects such as God, Jesus Christ, Holy Spirit, Sin and Salvation, Christianity and Christian suffering and so on are noted down in this book. Mammachen, a former Acharya of Christavashram, Manganam has brought them all together with a touch of his own imagination, based upon his long experience in the Ashram. These quotable sentences would be very useful to preachers and teachers as well.

**Rt. Rev. Dr. Sam Mathew**


NEW VISION FOR A CHANGING WORLD

FEBRUARY 200

Registered with the Registrar of Newspapers for India
under No. KER BIL/2000/1543

Annual subscription: Rs. 75/-

Postal Regn. No KL/CR/KTM/362/2003-



**Mrs. Jane Williams and the Most Rev. & Rt. Hon. Dr. Rowan Williams**

On behalf of the readers of NEW VISION, we offer our prayers and felicitations to Dr. Williams who will be enthroned as the Archbishop of Canterbury on the 27th of February. The Archbishop's wife is the daughter of the late Bishop Geofrey Paul who had served on the Faculty of the KUTS, Trivandrum as Lecturer (in the 1950's) and Principal (1961 - '65). A message from the Archbishop is included in this issue.

The Editorial Board



ഡോ. മാത്യു കോശി പുന്നയ്ക്കാട് എഡിറ്റുചെയ്ത് ദൈവശാസ്ത്ര സാഹിത്യസമിതി പ്രസിദ്ധീകരിക്കുന്ന ഹരിതദൈവശാസ്ത്രം എന്ന പുസ്തകത്തിന്റെ ആദ്യപ്രതി റവ. പ്രൊഫ. കെ.സി. മാത്യുവിന് നൽകിക്കൊണ്ട് എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സിറിയക് തോമസ് പ്രകാശനകർമം നിർവഹിക്കുന്നു. ഫാ. മർക്കോസ് ജോസഫ്, ഫാ. ഡോ. ഫിലിപ്പ് നേരി, റവ. ഡോ. ടി.എം. ഫിലിപ്പ്, ബിഷപ്പ് സാം മാത്യു, ഡോ. മാത്യു കോശി, റവ. ഏബ്രഹാം സി. പ്രകാശ് എന്നിവർ സമീപം.

Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ■ Printed at Learners' Offset Printers, C.M.S. College Road, Kottayam